
Annual Subscription : Rs.100/-

# NEW VISION FOR A CHANGING WORLD

Vol 9 • Issue 9 • MAY 2009





**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome

## EDITORIAL BOARD

**Patron**
Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan

**Chairman**
The Rt. Rev. Dr. Sam Mathew

**Hon. Chief Editor**
Prof. Dr. Cyriac Thomas

**Executive Editor**
Prof. Dr. Jose Parakadavil

**Managing Editor**
Prof. Dr. Mathew Koshy Punnakkadu

**Editors**
The Rev. Dr. Mathew Daniel
Mr. George Bahanan
Dr. Stany Thomas
Prof. Sabu de Mathew
Mr. John George Athyal
Dr. Anne Susan Koshy
Prof. Muse Mary George

**Editorial Assistant**
Aneesh Mathew

**Manager**
The Rev. Prof. K.C. Mathew

**Office Assistant**
Mr Kurien Thomas T.

## വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മന്ദിരം, മാങ്ങാനം പി. ഒ, കോട്ടയം – 686 018

കോട്ടയം സി. എസ്. ഐ. ഡയോസിസൻ ബുക്ക് ഡിപ്പോയിലും തിരുവല്ല സി. എസ്സ്. എസ്സിലും വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക

## കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട് പി. ഒ, കോഴഞ്ചേരി – 689 652,
ഫോൺ/ഫാക്സ്: 0468 – 2214068, 2310376 Mob: 9847275754
e-mail: mkoshy@satyam.net.in

## CONTACT PERSONS

Mr. C.J. Rajan
25, Razak Gardens,8-Cross Street,
Arumbakkam, Chennai - 600 106, Ph: 044-23634755

Major (Retd.) Jacob K. Philipose
98, Arbour Wood Cres. N.W.,
Calgary, Alberta, Canada T3 G4 C3
Ph: 403 - 239 - 8489, e-mail: jacob_p@shaw.ca

The Rev. Dr. Jacob Thomas
United Kingdom
Phone : +028 90308683

Mr. Varghese Abraham
141 Brintnell RD, Fort Me Murray, Canada. T9K1K3
Mr. George Eapen, Kuwait. Mob: 6031607
Mr. Regi Chandy Koshy, Kuwait. Mob: 6011377

## വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : | 100രൂപ | (വിദേശത്തുള്ളവർക്ക് US$ 20) |
| രണ്ടു വർഷത്തേക്ക് | : | 175രൂപ | ( ” US$ 30) |
| മൂന്നു വർഷത്തേക്ക് | : | 250രൂപ | ( ” US$ 40) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000രൂപ | ( ” US$ 250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000/- രൂപ | ( ” US$ 1000) |

Page Layout @ THE PAGEMAKERS, KZY. ✆0468 3207374

*Visit our website :*
**www.newvisionforachangingworld.com**

## C O N T E N T S

■ Editorial 3
■ Interview 4
എന്റെ സ്നേഹിതനും...
*ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ*
■ Memoir 5
മഹാനായ ബിഷപ്പ് ബെഞ്ചമിൻ
*റവ.ഡോ.കെ.വി.മാത്യു,കോട്ടയം*
■ Memoir 6
ത്യാഗപൂർണ്ണമായ ക്രൈസ്തവ സാക്ഷ്യം
*റവ. തോമസ് ജോൺ*
■ Tribute 9
Bishop Benjamin....
*Dr. K.M.George*
■ Message 10
നാം പ്രകാശിക്കണം
*ബിഷപ് ബഞ്ചമിൻ തിരുമേനി*
■ Re-Reading History 12
ഒരു മുഖം കാണിക്കൽ...
*ഡോ. കെ.വി.വർഗീസ്*
■ Counselling 13
പ്രതിസന്ധികളിൽ.....
*ഡോ. ജോർജ്ജ് ബഹനാൻ*
■ Faith 15
മലകളെ മാറ്റാം
*ഡോ. പി.എം.ചാക്കോ*
■ Report 17
സ്വാസ്ഥ്യ :
*സി. ജോൺ മാത്യൂസ്, മല്ലപ്പള്ളി*
■ Message 19
ശക്തിയെ പുതുക്കുക
*റൈറ്റ്. റവ. റ്റി. ബി. ബഞ്ചമിൻ*
■ Book Review 20
■ Responses 22

## MANAGEMENT BOARD MEMBERS

Prof. Dr. C.T Kurian
Dr. Annamma George
Mr. Varghese Koshy
Mr. Reji Chandy Koshy
Mr. Thomas T. Thomas
Mr. Sam Pynumoodu
Mr. P.E. Thomas
Mr. Aji John Mathews
Mr. P.V. Varughese
Mr. Joby Peter
Mr. George Eapen
Mr. K.P. Koshy
Mr. Thomas Koshy
Mr. George Koshy
Mr. Justin T. Varughese
Mr. Jacob Mathew
Dr. S. Joseph
Rev. Mathew Idiculla
Prof. Zachariah Mathew

## പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 5000 | Rs.2500 | Rs.1250 |
| Back Cover (inside) | Rs. 4000 | Rs.2000 | Rs.1000 |
| Inner Pages | Rs. 3000 | Rs.1500 | Rs.800 |

# Editorial

## അന്യമാകുന്ന ജീവിതമാതൃക



പ്രൊഫ. ഡോ. ജോസ് പാറക്കടവിൽ

ഉദാത്തമായ ഒരു ജീവിതമാതൃക നമുക്കു സമ്മാനിച്ചു കൊണ്ടാണ്, അഭിവന്ദ്യ ബഞ്ചമിൻ തിരുമേനി 2009 മാർച്ച് 25 ന് ഇഹലോകവാസം വെടിഞ്ഞത്.

ഒരു നൂറ്റാണ്ടു പിന്നിട്ട ആ ജീവിതത്തിനു വിരാമമായപ്പോൾ ആത്മികതയുടെയും സഭാസേവനത്തിന്റെയും മാനവികതയുടെയും മികച്ച ദൃഷ്ടാന്തമായി ആ ജീവിതം വിലയിരുത്തപ്പെടുന്നു.

അഭിവന്ദ്യ ബഞ്ചമിൻ തിരുമേനിയുടെ ജീവിതത്തെ വിലയിരുത്തുന്ന സ്മരണകളാണ് ന്യൂവിഷൻ ഈ ലക്കത്തിലെ പ്രധാന ഉള്ളടക്കം. സ്ഥലപരിമിതി മൂലം പല അനുസ്മരണകളും ചേർക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. എങ്കിലും പുതിയ തലമുറക്കാർക്ക് അപരിചിതമായിരിക്കാവുന്ന ഒരു ജീവിതശൈലിയുടെ ഉടമയെ തിരിച്ചറിയുവാൻ ഈ ലക്കം സഹായകമാകുമെന്നു കരുതുന്നു.

ഉത്തരകേരള മഹായിടവകയുടെ ആദ്യത്തെ നാട്ടുബിഷപ്പായിരുന്ന തിരുമേനിയ്ക്ക് മറ്റു മഹായിടവകകളും ഇതര സഭകളും അന്യമായിരുന്നില്ല. അതിരുകളില്ലാത്ത ക്രിസ്തീയ വീക്ഷണത്തിന്റെ ഉടമയായിരുന്ന തിരുമേനിയെ കേരളീയ സമൂഹം ഹൃദയപൂർവ്വം സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ന്യൂവിഷൻ മാസികയുടെ ആരംഭം മുതൽ പത്തുവർഷ ക്കാലം ഉപദേശക സമിതി ചെയർ മാനായി ബഞ്ചമിൻ തിരുമേനി സേവനം അനുഷ്ഠിക്കുകയുണ്ടായി

ശുശ്രൂഷിക്കപ്പെടുവാൻ അല്പവും ആഗ്രഹിക്കാതെ, ശുശ്രൂഷിക്കുവാൻ മാത്രം സദാ ശ്രദ്ധിച്ചിരുന്ന ആ മഹാത്മാവ് സുദീർഘമായ തന്റെ ശുശ്രൂഷാസപര്യയിലൂടെ ക്രൈസ്തവികതയുടെ മഹത്വം വെളിപ്പെടുത്തി.

വിശ്വാസികൾക്കിടയിലെ അഭിപ്രായ ഭിന്നതകളും കലഹങ്ങളും വിഭാഗീയതയുടെ അഗ്നി പടർത്തിയ നാളുകളിൽ തിരുമേനിയുടെ സ്നേഹമസൃണമായ സമീപനം അനുഗ്രഹമാരിയായി തീനാളങ്ങളെ അണച്ചുകളഞ്ഞ അത്ഭുത നിമിഷങ്ങൾ ചരിത്രത്തിലെ ക്രിസ്തീയതയുടെ സാക്ഷ്യങ്ങളായി ഓർമ്മിക്കപ്പെടും. ദാരിദ്ര്യവും ദുർഭിക്ഷതയും നിറഞ്ഞുനിന്ന ഒരു കാലയളവിൽ ഇടവകകളേയും സഭയേയും വളർത്തിയെടുത്തപ്പോൾ ആ നല്ല ഇടയൻ ചുമലിലേറ്റേണ്ടിവന്ന ഭാരങ്ങളും അനുഭവിച്ച ക്ലേശങ്ങളും ഇന്നത്തെ തലമുറയ്ക്ക് അപരിചിതമാണ്. പുതിയ തലമുറകൾക്ക് അവിശ്വസനീയമായി തോന്നിയേക്കാവുന്ന ആ ജീവിതം നമുക്ക് കാട്ടിത്തരുന്നത് ക്രിസ്തീയതയുടെ അനന്ത സാദ്ധ്യതകളാണ്.

ആധുനിക സമൂഹത്തിന് നഷ്ടമാകുന്ന ക്രിസ്തീയ നേതൃത്വശൈലിയുടെ ഉജ്ജ്വല മാതൃകയായ ബഞ്ചമിൻ തിരുമേനിയെ ഈ ലക്കത്തിന്റെ താളുകളിലൂടെ അവതരിപ്പിച്ചുകൊണ്ട് ആ ധന്യാത്മാവിന്റെ സഫലമായ ജീവിതത്തിനു മുന്നിൽ ന്യൂവിഷൻ പ്രണാമമർപ്പിക്കുന്നു.

### അനുമോദനം

*മാവേലിക്കര ബിഷപ്മൂർ കോളജ് പ്രിൻസിപ്പലായി നിയമിതനായ ന്യൂവിഷൻ മാനേജിംഗ് എഡിറ്റർ ഡോ. മാത്യു കോശിക്ക് ന്യൂവിഷൻ പ്രവർത്തകരുടെ അനുമോദനങ്ങൾ.*

*ന്യൂവിഷൻ പത്രാധിപ സമിതി*

INTERVIEW

പ്രതിമാസ ചിന്തകൾ

# എന്റെ സ്നേഹിതനും ഗുരുവുമായിരുന്ന ബിഷപ്പ് ബഞ്ചമിൻ

ക്രിസോസ്തം വലിയ മെത്രാപ്പോലിത്ത



**മൂന്നു കാര്യങ്ങളാണ് ഇന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നത്.**

ഒന്നാമത്. കേരളത്തിലെ പ്രശസ്തമായ ഒരു കലാലയമായ മാവേലിക്കര ബിഷപ്പ് മൂർ കോളജിന്റെ പ്രിൻസിപ്പലായി ഡോ.മാത്യു കോശിയെ നിയമിച്ച സിഎസ്ഐ മദ്ധ്യകേരള മഹായിടവകയെ ഞാൻ അനുമോദിക്കുന്നു. പ്രിൻസിപ്പലെന്ന നിലയിൽ ഡോ മാത്യു കോശിയുടെ സേവനങ്ങൾ സഭയക്കും സമൂഹത്തിനും വിദ്യാഭ്യാസമേഖലയ്ക്കും അനുഗ്രഹമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു ദൈവിക അനുഗ്രഹങ്ങൾ ഉണ്ടാവട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ടാമത്. ഇലക്ഷൻ ദേശത്തിന്റെ നന്മയ്ക്ക് പ്രയോജനകരമായ വ്യക്തികളെ തെരഞ്ഞെടുക്കുവാനാണോ അതോ ജനങ്ങളെ കൺഫ്യൂസ് ചെയ്യുവാനാണോ. ഇലക്ഷനിൽ മതേതരത്വം നോക്കണം സാമ്രാജ്യത്വത്തോടുള്ള സമീപനം പരിശോധിക്കണം. ഇതു മാത്രം പോരാ സാധുക്കളുടെ ഉന്നമനത്തിനായി സമർപ്പണമുള്ളവരെ തെരഞ്ഞെടുക്കുവാൻ സാധിക്കണം. നീതിയും ന്യായവും സമാധാനവുംനിലനിർത്തുവാൻ ബദ്ധശ്രദ്ധരായ ആളുകൾ വേണം തെരഞ്ഞെടുക്കപ്പെടുവാൻ. ഇതെല്ലാം ഉള്ള സ്ഥാനാർത്ഥികളെ വേണം തെരഞ്ഞെടു ക്കുവാൻ. ദൂരെ നിന്നുള്ള പലരെയുമാണ് കൊണ്ടുവന്നു നിർത്തിയിരിക്കുന്നത്. അവരെ ജനങ്ങളെങ്ങനെ വില.യിരുത്തും. നമ്മുടെ സിസ്റ്റത്തിൽ പാർട്ടിക്കാണ് വോട്ടു ചെയ്യുന്നത്. പാർട്ടി വിചാരിച്ചാലേ കാര്യങ്ങൾ നടക്കൂ. ഇന്ന് യുഡിഎഫ് കാരന്റെ കാഴ്ചപ്പാടിൽ എൽഡിഎഫിൽ ഒരു നന്മയുമില്ല. മറിച്ച് എൽഡിഎഫ്കാരന്റെ കാഴ്ചപ്പാടിൽ യൂഡിഎഫിൽ ഒരു നന്മയുമില്ല. ഇത് ശരിയാണോ? ഓരോ വിഷയത്തിലും വസ്തുനിഷ്ഠമായി കാര്യങ്ങളെ അപഗ്രഥിച്ച് പാർട്ടിയെ വിലയിരുത്തുവാൻ ജനങ്ങൾക്ക് അവസരം ലഭിക്കുന്നില്ല. ആദർശങ്ങളെ വിലയിരുത്തി കഴിഞ്ഞകാല അനുഭവങ്ങളെ വിലയിരുത്തി പ്രസംഗങ്ങൾ അധികം നടക്കുന്നില്ല. **ഇലക്ഷൻ പ്രക്രിയയിൽ ജനങ്ങളുടെ അർത്ഥസമ്പൂർണ്ണമായ പങ്കാളിത്തം ഫലപ്രദമായി ഉണ്ടാകുന്നുണ്ടോയെന്നെനിക്ക് സംശയമുണ്ട്. രാഷ്ട്രീയ പാർട്ടികൾ നിശ്ചയിക്കുന്ന സ്ഥാനാർ ത്ഥികൾക്ക് വോട്ടു ചെയ്യുകയെന്നതാണ് നടക്കുന്നത്.** ഈ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതിൽ ജനങ്ങൾക്ക് പങ്കാളിത്തമില്ല.

മൂന്നാമത്, ഈയിടെ അന്തരിച്ച ബഞ്ചമിൻ തിരുമേനിയെക്കുറിച്ചാണ് പറയാനുള്ളത്. തിരുമേനി മാരാമൺ തേവർതുണ്ടിയിൽ കുടുംബാഗമാണ്. ഞാനും എന്റെ ചെറുപ്പകാലം മാരാമണ്ണിലാണ് കഴിഞ്ഞത്. അതു കൊണ്ട് ആ കുടുംബാഗങ്ങളെ.യെല്ലാമെനിക്കറിയാം. അവർ നല്ല പങ്കും അദ്ധ്യാപകരായിരുന്നു. എന്റെ അദ്ധ്യാപകരിൽ നല്ലയോരു പങ്കു ഈ കുടുംബത്തിൽ നിന്നുള്ളവരായിരുന്നു. തേവർതുണ്ടിയിൽ കുടുംബം ഒരു ക്രിസ്തീയ സമർപ്പണമുള്ള കുടുംബമായിരുന്നു. ആദ്യകാലത്ത് സിഎം എസ്സ് സഭയിലെ പ്രഗത്ഭരായ വ്യക്തികളായിരുന്നു ആർച്ച് ഡീക്കൻ ബഞ്ചമിൻ, ആർച്ച്ഡീക്കൻ സി കെ ജയിക്കബ് എന്നിവർ. ഇവർ എല്ലാം കൊണ്ടും നാട്ടുകാരിൽ പ്രഗത്ഭരായ നേതാക്കന്മാരായിരുന്നു. ബഞ്ചമിൻ തിരുമേനിയുടെ കുടുംബാംഗങ്ങളെല്ലാം തന്നെ സഭയോട് താല്പര്യമുള്ളവരും സഭയുടെ വളർച്ചക്ക് വേണ്ടി ജീവിതം സമർപ്പിക്കപ്പെട്ടവരും ആയിരുന്നു. അപ്രകാരമൊരു കുടുംബത്തിൽ ജനിക്കുവാൻ സാധിച്ചുവെന്നത് തന്നെ ഒരു ഭാഗ്യമാണ്. കുടുബത്തിലെ എല്ലാവരും ലളിത ജീവിതം നയിച്ചവരായിരുന്നു. ലാളിത്യം ജീവിതത്തിന്റെ അനിവാര്യമായ അനുഗ്രഹമായി കണ്ടവരാണ് തേവർതുണ്ടിയിൽ കുടുംബക്കാർ. ബഞ്ചമിൻ അച്ചൻ തന്റെ പ്രേഷിത പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ടത് റാന്നിയിലും ആലുവാ സെറ്റിൽമെന്റിലുമായിരുന്നുവെന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. രണ്ടു സ്ഥലങ്ങളിലും ദളിത് സമൂഹത്തിന്റെ ഉന്നമനത്തിനാണ് ലളിത ജീവതം നയിച്ചുകൊണ്ട് അച്ചൻ ശ്രമിച്ചത്. തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിൽ ബഞ്ചമിൻ അച്ചൻ വികാരിയായിരിക്കുമ്പോൾ ഞാൻ തിരുവനന്തപുരം പാറ്റൂർ പള്ളിയിൽ വികാരിയായിരുന്നു. ഞങ്ങൾ രണ്ടു പേരും വളരെ സ്നേഹത്തിലാണ് ജീവിച്ചിരുന്നത്. ഇടവകകൾ തമ്മിലും സ്നേഹത്തിലും സഹകരണത്തിലുമാണ് കഴിഞ്ഞത്. ജനങ്ങളും അന്യോന്യം സഹകരിച്ചും സഹവർത്തിത്വത്തിലുമാണ് കഴിഞ്ഞത്. അച്ചൻ ആളുകളെ സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങളുലിടപെടുകയും ചെയ്യും. **എന്റെ സഭയിൽ ഒരു രോഗിയുണ്ടെങ്കിൽ അദ്ദേഹമായിരിക്കും ആദ്യം സന്ദർശിക്കുക. കുറെ കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. ഞാൻ സന്ദർശിച്ചതിനു ശേഷം സന്ദർശിച്ചാൽ മതി. അല്ലെങ്കിൽ ഞാൻ**

*Contd 16*

# മഹാനായ ബിഷപ്പ് ബഞ്ചമിൻ

റവ ഡോ. കെ. വി. മാത്യു,കോട്ടയം

**ദീർഘ**ായുഷ്മാനായി ദൈവിക രക്ഷയുടെ മാർഗ്ഗം ദർശിച്ച മഹാനുഭാവനായിരുന്നു ദിവംഗതനായ ബിഷപ്പ് ബഞ്ചമിൻ തിരുമേനി (സങ്കീ 91:16). ദൈവദത്തമായ മഹത്വത്തിന്റെ പ്രതിഭയായിത്തീർന്ന മഹാനും തത്സമയം ദൈവദാസനുമായി അദ്ദേഹം ജീവിതം നയിച്ചു. കേരള ക്രൈസ്തവ മണ്ഡലത്തിൽ ഇടയ ശ്രേഷ്ഠരുടെ മദ്ധ്യേ നിസ്തുല സാക്ഷ്യം നിർവഹിച്ച ചുരുക്കം ചിലരിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. നേതൃത്വത്തിൽ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഏതാനും ചില വസ്തുതകൾ എടുത്ത് പറയട്ടെ.

**ക്രിസ്തുയേശുവിന്റെ ഭാവം (ഫിലി. 2:5)**

ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരാതെ ഉണ്ടായിരുന്ന പദവിയുടെ മാറ്റ് നഷ്ടപ്പെടുത്താതെ വിനയാന്വിതനായി അദ്ദേഹം പെരുമാറിയിരുന്നു. അധികാരം അടിച്ചേല്പിക്കുന്നതിലായിരുന്നില്ല ശുശ്രൂഷയുടെ മാനം അദ്ദേഹം ദർശിച്ചിരുന്നത്. പ്രത്യുത സത്യമായതൊക്കെയും ഘനമായതൊക്കെയും, നീതിയായതൊക്കെയും ചിന്തിക്കയും മുറുകെ പിടിക്കയും ചെയ്യുന്നതിലൂടെ ഇടയശുശ്രൂഷ നിർവ്വഹിക്കയുണ്ടായി. (ഫിലി 4:8) ഉത്തരകേരള മഹായിടവകയിലെ സാരഥ്യം സുഗമമായിരുന്നില്ലെങ്കിലും പ്രശ്നങ്ങളിലും പ്രശ്നങ്ങളുടെ മദ്ധ്യേ ഉത്തമ നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞത് അദ്ദേഹത്തിൽ വിളങ്ങിയ ക്രിസ്തീയ ഭാവമായിരുന്നു. ആട്ടിൻകൂട്ടത്തിന് മാതൃകയായി അദ്ദേഹം ശുശ്രൂഷ നിറവേറ്റി (പത്രോ. 5:31)

**ലളിത ജീവിതം**

വെള്ളക്കുപ്പായത്തിന് മീതെ തടിക്കുരിശ് മാലയും അണിഞ്ഞ് സാധാരണക്കാരുടെ ഇടയിൽ തെരുവീഥിയിലൂടെ നടന്നു നീങ്ങുന്ന ബിഷപ്പ് ബിഷപ്പന്മാരിൽ അസാധാരണനായിരുന്നു. ഒടുവിലത്തെ വെള്ളക്കാരൻ ലത്തീൻ ബിഷപ്പ് അബ്രോംസ് കോട്ടയത്തെ പഴമക്കാർക്ക് ഒരു പക്ഷെ ഓർമ്മയിൽ കാണും. അദ്ദേഹമായിരുന്നു ഇക്കാര്യത്തിൽ ബിഷപ്പ് ബഞ്ചമിന് ഒരു മുൻഗാമി.

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായി തിരുനക്കര പ്രസംഗിക്കയായിരുന്നു. അപ്പോൾ സീറ്റു കിട്ടാൻ കൂട്ടാക്കാതെ നിന്നു കൊണ്ട് പ്രസംഗം ശ്രവിച്ചവരിൽ ഒരാളായിരുന്നു ബിഷപ്പ് ബഞ്ചമിൻ. കയ്യിൽ സഞ്ചിയുമായി സാധനങ്ങൾ കടകളിൽ നിന്ന് വാങ്ങുന്നതിലും അദ്ദേഹത്തിന് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. വലിയ ഒരു സൗധമായിരുന്നില്ല അദ്ദേഹത്തിന്റെ വാസസ്ഥലം. സാധാരണക്കാരിൽ സാധാരണക്കാരന്റെ ഒരു ചെറു ഭവനം മാത്രം. മനുഷ്യപുത്രനെപ്പോലെ തല ചായ്ക്കാനിടം മാത്രമായിരുന്നു അത്. ലാളിത്യവും എളിമയും അദ്ദേഹത്തിന് പ്രസംഗവിഷയമാ യിരുന്നില്ല. ജീവിത ശൈലിയായിരുന്നു.

**മിതഭാഷി**

മിതമായ ഭാഷ അദ്ദേഹത്തിന് സ്വന്തമായിരുന്നു. നാവിന് കടിഞ്ഞാണിടുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അതുകൊണ്ട് നല്ലതല്ലാതെ ആകാത്തതൊന്നും അദ്ദേഹത്തിന്റെ വായിൽ നിന്ന് പുറത്ത് വരികയില്ലായിരുന്നു. സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും അനവസരത്തിൽ ശ്രദ്ധയില്ലാതെ ഉപയോഗിക്കുന്ന വാക്കുകൾ അനാവശ്യ ശത്രുക്കളെ സൃഷ്ടിക്കുന്നു. അക്ഷരലോകം അടക്കിവാഴുവാൻ ആഗ്രഹിക്കുന്നവർക്ക് ഉണ്ടാകാവുന്ന ഒരു വിനയാണത്. രമ്യമായതിൽ ലാക്കു വച്ചിരുന്ന ബിഷപ്പിന് വാക്കുകൾ അപകടകാരികളായിരുന്നില്ല. കാര്യമാത്ര പ്രസക്തമായി സംസാരിക്കുന്നതിന് മിതഭാഷിത്വം തടസ്സമായി നിന്നതുമില്ല. കൃത്രിമത്വം തോന്നാതെ നൈസർഗ്ഗികമായി സംഭാഷണം നടത്തുന്നതിന് ദൈവിക വരദാനം ലഭിച്ചിരുന്നു.

**കർമ്മകുശലത**

മഹായിടവകയുടെ കടിഞ്ഞാൺ ഏറ്റെടുത്ത സാരഥിയായ അദ്ദേഹത്തിന് വ്യക്തമായ ദിശാബോധം ഉണ്ടായിരുന്നു.

കർമ്മകുശലനായ അദ്ദേഹത്തിന്റെ ഭരണനൈപുണ്യം അതിന് സാക്ഷ്യം വഹിച്ചു.

പുതിയ തലമുറയെ ക്രിസ്തീയ ദർശനത്തിൽ നയിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. യൂത്ത് കോൺഫ്രൻസിന് ആദിയോടന്തം താമസിച്ച് പങ്കെടുക്കയും കുട്ടികളുമായി ഇടപെടുന്നതിൽ പ്രത്യേകം താല്പര്യപ്പെടുകയും ചെയ്തിരുന്നു.

മഹായിടവകയിൽ അദ്ദേഹത്തെ സന്തോഷത്തോടെ സ്വീകരിച്ചവരും ദുർമുഖം കാണിച്ചവരും ഉണ്ടായിരുന്നു. എങ്കിലും സമചിത്തത കൈവിടാതെ ക്ഷമാപൂർവ്വം വ്യത്യസ്തമായി പെരുമാറിയവരെ മനസ്സിലാക്കി അംഗീകരിക്കുന്നതിനും ശ്രദ്ധിക്കുന്നതിലും അദ്ദേഹത്തിന്റെ മഹാമനസ്കത കാരണമായി. പ്രശ്നങ്ങൾ കാലക്രമേണ കെട്ടടങ്ങുകയും ചെയ്തു. എല്ലാവരെയും ക്രിസ്തുയേശുവിന്റെ മനോഭാവത്തിൽ കാണുവാൻ അദ്ദേഹത്തിന് കഴിഞ്ഞു വെന്നുള്ളത് സ്വീകാര്യതയ്ക്ക് മാറ്റ് വർദ്ധിപ്പിച്ചെന്ന് കരുതാം.

**തിരുവചന ശുഷ്കാന്തി**

വേദപുസ്തക സത്യങ്ങൾ മനനം ചെയ്ത് ധ്യാനിക്കുന്നതിൽ ബിഷപ്പ് അതീവ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ബൈബിൾ സൊസൈറ്റിയ്ക്കു വേണ്ടി കാലോചിത ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്ത സമിതിയുടെ ചുക്കാൻ പിടിച്ചിരുന്നത് തിരുമേനി യായിരുന്നു. ആധുനിക മലയാളത്തിൽ സാധാരണക്കാർക്ക് തിരുവചനം ലഭിക്കുന്നതിന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചിരുന്നു. വിവർത്തനം പൂർത്തിയായെങ്കിലും ജനങ്ങൾക്ക് അത് ലഭ്യമാക്കാതിരുന്നതിൽ ദു:ഖിതനായിരുന്നു അദ്ദേഹം.

തിരുവിതാംകൂർ ആംഗ്ലിക്കൻ മഹായിടവകയുടെ ആദ്യനാട്ടു ബിഷപ്പായിരുന്ന ജേക്കബ് തിരുമേനിയുടെ തനി പിൻഗാമിയായിരുന്നു ബിഷപ്പ് ബഞ്ചമിൻ. ഇരുവർക്കും മൂലഭാഷയുടെ വെളിച്ചത്തിൽ തിരുവചനസത്യം ഗ്രഹിക്കുന്നതിനുള്ള താല്പര്യം ഒന്നു പ്രത്യേകമായിരുന്നു. കർക്കട്ടാ ബിഷപ്പ്സ് കോളജിലെ പ്രൊഫസറാ യിരുന്ന ബിഷപ്പ് സി. കെ. ജേക്കബും കേബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ പഠിച്ച ബിഷപ്പ് ബഞ്ചമിൻ തിരുമേനിയും കാണിച്ച തിരുവചന താല്പര്യം എല്ലാ ഇടയശ്രേഷ്ഠർക്കും മാതൃകാപരമാണ്. പൗരസ്ത്യസഭയിലെ ഗുരുക്കന്മാരായ റമ്പാന്മാരെയാണല്ലോ മെത്രനായി വാഴിക്കുന്നത്. ഗുരുവായിരുന്ന യേശുവിന്റെ കാലടികൾ ഇക്കാര്യത്തിലും താല്പര്യപൂർവ്വം പിമ്പറ്റേണ്ടത് ഇടയ ശ്രേഷ്ഠർക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഗുണവിശേഷമാണ്.

**ഉത്തമ ഇടയൻ**

സഭയുടെ മേലദ്ധ്യക്ഷ നായിരുന്ന ബിഷപ്പ് ബഞ്ചമിൻ ഒരു മാതൃകാ ബിഷപ്പും മഹാനുമായിരുന്നു. നിറപ്പകിട്ടുള്ള വസ്ത്രധാരണവും, ആൾക്കൂട്ടത്തെ ആകർഷിക്കുന്ന വാക്ധോരണിയും എവിടെയും മുമ്പന്തിയിൽ നിൽക്കുന്നവരുമാണ് സാധാരണയായി മഹാന്മാരുടെ പട്ടികയിൽ വരുന്നത്. അവർ സംഘാടകരും നേതൃത്വപാടവവും ഉള്ളവരും ആകാം. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെ ആകരുത് എന്ന് കർത്താവ് കൽപ്പിക്കുന്നു. **മറ്റുള്ളവരെ മഹാന്മാരെന്നു കരുതി ഇരിപ്പിടം ഒടുവിൽ കണ്ടെത്തുകയും ഭവിക്കേണ്ടതിനെ മീതെ ഭാവിക്കാതെ താഴ്മയോടെ പെരുമാറുകയും ചെയ്യുന്നതാണ് ക്രിസ്തീയ നേതൃത്വശൈലി. അക്കൂട്ടത്തിൽ കേരളത്തിലെ ചുരുക്കംചില ഇടയ ശ്രേഷ്ഠരിൽ ഒരുവനായിരുന്നു ബിഷപ്പ് ബഞ്ചമിൻ.** അവരുടെ സംഖ്യ കുറയുന്ന ഇക്കാലത്ത് മഹാനും മാതൃകാപുരുഷനുമായ ഇദ്ദേഹത്തെ പോലെയുള്ള സഭാനേതാക്കന്മാർ വർദ്ധിച്ചുവരട്ടെ. ആ മഹാനുഭാവന്റെ മാതൃക പ്രചോദനം പകരട്ടെ.

# ത്യാഗപൂർണമായ ക്രൈസ്തവസാക്ഷ്യം

## ബഞ്ചമിൻ തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് ഒരു അനന്തരവന്റെ അനുസ്മരണ

റവ. തോമസ് ജോൺ

സന്ധ്യാസമയത്തെ സൂര്യനെപ്പോലെ ആ ജീവിതം ദീപ്തമായി എരിഞ്ഞടങ്ങി. പ്രകടനപരവും ശബ്ദായമാനവും ആയിരുന്നില്ല ബിഷപ്പ് ബഞ്ചമിന്റെ ജീവിതം എങ്കിലും, സഭയെക്കുറിച്ചും സഭയുടെ ദൗത്യത്തെക്കുറിച്ചും പട്ടത്വ ശുശ്രൂഷയെക്കുറിച്ചും നമ്മുടെ പൊതുസാംസ്കാരിക ജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതം ഉയർത്തിയ വിമർശനപരമായ നിലപാടുകളെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല.

### സുവിശേഷത്തിന്റെ അധഃസ്ഥിത പക്ഷപാതം

സി.എം.എസ്. മിഷനറിവര്യന്മാരുടെയും അവരുടെ പിന്തുടർച്ചക്കാരായ ജോർജ് മാത്തനച്ചനെപ്പോലെയുള്ള തദ്ദേശീയരായ വൈദികശ്രേഷ്ഠരുടെയും ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ ഭൂമികയിൽ വളർന്ന ഒരു കുടുംബത്തിന്റെ ചരിത്രവുമായും കാലഘട്ടവുമായും ഇഴചേർത്തു മാത്രമേ ബിഷപ്പ് ബഞ്ചമിന്റെ ജീവിതത്തെ നോക്കിക്കാണാനാവൂ. സഭ ദൗത്യത്തിനുവേണ്ടിയാണെന്നും ആ ദൗത്യം സമൂഹത്തിലെ ഏറ്റവും നിർദ്ധനരും പുറംതള്ളപ്പെട്ടവരുമായവരുടെ ഉദ്ധാരണത്തിലൂടെയാണ് സാധ്യമാകുന്നത് എന്നും ഉള്ള സുവിശേഷത്തിന്റെ ഉൾക്കാഴ്ചയുടെ സ്വാധീനത്തിലാണ് ആർച്ച് ഡീക്കൻ റ്റി. കെ. ബഞ്ചമിൻ ദളിതർ മാത്രമുള്ള ഒരു ഉപസഭയുടെ ജീവിതത്തിൽ പങ്കുചേർന്നുകൊണ്ട് മാരാമണ്ണിനു സമീപം കുന്നന്താനം / പുല്ലാട് തന്റെ വിശ്രമജീവിതം ചെലവഴിച്ചത്. ഈ ബഞ്ചമിൻ-അന്ന ദമ്പതികളുടെ 7-ാം സന്തതിയായിട്ടാണ് ബേബി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ബിഷപ്പ് ബഞ്ചമിൻ മെയ് 17, 1907-ൽ ജനിക്കുന്നത്. ആകാലഘട്ടത്തിന്റെ എല്ലാ സ്വാധീന ങ്ങളും തന്റെ പിതാവിന്റെയും സഹോദരിമാരായ സിസ്റ്റർ മറിയം ബഞ്ചമിൻ, സിസ്റ്റർ അന്ന ബഞ്ചമിൻ എന്നിവരുടെ മാതൃകകളും അദ്ദേഹത്തിന്റെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്വാധീനമായിരുന്നിരിക്കണം.

1916-ൽ ബഞ്ചമിനച്ചന്റെ മൂത്ത മകനെയും മൂത്തമകളെയും യൗവ്വനത്തിൽ മാരകമായ ടൈഫോയ്ഡ് രോഗം അപഹരിച്ചപ്പോൾ ബാലനായ ബേബി ഇതിൽനിന്നും അത്ഭുതകരമായി രക്ഷപ്പെട്ട് പുറത്തുവന്നത് മാറിയ ശബ്ദത്തിന്റെയും ഒരു പുതിയ ജീവിതത്തിന്റെയും ഉടമയായിട്ടാണ്. ചുങ്കം ആറ്റിലെ കുളിയും മീൻപിടുത്തവും ഫുട്ബോളും ഒക്കെയായി ആ ബാലൻ കത്തീഡ്രലിന്റെ ചുറ്റുവട്ടത്തിൽ ക്രിസ്തീയ സ്വാധീനങ്ങളിൽ വളർന്നുവന്നു. യു.സി. കോളേജിലെ വിദ്യാഭ്യാസ കാലഘട്ടത്തിൽ പഠനത്തിലെപ്പോലെതന്നെ ഫുട്ബോളിലും അദ്ദേഹം തന്റെ പ്രാവീണ്യം തെളിയിച്ചിരുന്നു. എസ്.സി.എം (സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റ്) അദ്ദേഹത്തിന്റെ ജീവിതത്തിലെ സ്വാധീനമായിരുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ അസ്പൃശ്യത കൽപിച്ച് അക്ഷരത്തിന്റെ അവകാശങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടിരുന്ന ദളിത് കുട്ടികൾക്ക് രാത്രികാലങ്ങളിൽ നോർത്ത്-ഈസ്റ്റ് ഹോസ്റ്റൽ മെസ്സ്ഹാളിൽ വച്ച് അദ്ദേഹം ക്ലാസ്സുകൾ എടുത്തിരുന്നു. തന്റെ കോളേജ് പഠനത്തിനുശേഷം യു.സി. കോളേജിലെ മഹർഷിതുല്യരായ അദ്ധ്യാപകവര്യന്മാരുടെ ക്രിസ്തീയ സ്വാധീനത്തിൽ അനാഥരായി അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ദളിത് കുട്ടികളുടെ സംരക്ഷണാർത്ഥം ആരംഭിച്ച ആലുവ സെറ്റിൽമെന്റിൽ ഒരു അദ്ധ്യാപകനായി തന്റെ ജീവിതവൃത്തി ആരംഭിച്ചു. അവിടുത്തെ തന്റെ ജീവിതത്തെയും പ്രവർത്തനത്തെയും അങ്ങേയറ്റം ആദരവോടെ നോക്കിക്കണ്ടിരുന്ന ബഞ്ചമിൻ മുഴുവൻ സമയ സഭാശുശ്രൂഷയിലേക്ക് വരുന്നത് ബിഷപ്പ് മൂറിന്റെ നിർബന്ധപൂർവ്വമുള്ള വിളിയുടെ പ്രേരണയിലാണ്. സി.എൻ.ഐ യിലെ പ്രാഥമിക വൈദികപഠനത്തിനുശേഷം ഒരു ശുശ്രൂഷകനായി തന്റെ വേല ആരംഭിക്കുന്നത് ഏറതുമ്പമൺ എന്ന സ്ഥലത്ത് ദളിത് വിഭാഗത്തിലെ വളരെ പിന്നോക്കം നിന്നിരുന്ന കുറവന്മാർ മാത്രം ഉള്ള ഒരു ഉപസഭയിലാണ്. ഇംഗ്ലണ്ടിലെ പ്രശസ്തമായ വെസ്റ്റ് കോട്ട് ഹൗസിലെ വൈദിക ഉപരിപഠനത്തിനുശേഷം അദ്ദേഹം അച്ചനായി തന്റെ ശുശ്രൂഷ ആരംഭിച്ചതും ദളിതർക്ക് പ്രാമുഖ്യമുള്ള റാന്നി ഇടവകയിലാണ്. സി. എം. എൻ. മിഷനറിമാരിൽനിന്നും തന്റെ പിതാവിൽനിന്നും കൈവശാവകാശമായി ലഭിച്ച ഈ ദളിത്-ദരിദ്ര ആഭിമുഖ്യം അദ്ദേഹം കൊട്ടിഘോഷിക്കാത്ത, എന്നും കാത്തുസൂക്ഷിച്ച, തന്റെ ജീവിതത്തിലൂടെ വ്യക്തമാക്കിയ, പലപ്പോ

*ഒരു പള്ളിയിൽ രൂക്ഷമായ പ്രശ്നം. മദ്ബഹായോട് ചേർന്ന് ടോയ്‌ലറ്റ് പണിയണം. ഇടവകക്കാർ രണ്ട് പക്ഷത്ത്. ക്രിസോസ്തം തിരുമേനി രണ്ടു കൂട്ടരേയും വിളിച്ചു.*

*ഇങ്ങനെ ഒരു ടോയിലറ്റ് പണിയുന്നതിൽ എന്താണെതിർപ്പ്.*

*ഒരു വിഭാഗത്തിന്റെ നേതാവ് പറഞ്ഞു. അമേദ്യങ്ങൾ നിക്ഷേപിക്കുന്ന ടോയിലറ്റ് വിശുദ്ധമദ്ബഹായോട് ചേർന്നു പണിയുന്നത് ശരിയല്ല.*

*കുറച്ചു കഴിഞ്ഞപ്പോൾ തിരുമേനിക്ക് മനസ്സിലായി കാര്യത്തിന്റെ കിടപ്പ്. എതിർ വിഭാഗം പറയുന്നതിനെ എതിർക്കുകയെന്നതാണ് ഉദ്ദേശ്യം.*

*തിരുമേനി പറഞ്ഞു. എനിക്കും ആ അഭിപ്രായത്തോട് യോജിപ്പാണ്. അമേദ്യങ്ങൾ വയറ്റിൽ വച്ചു കൊണ്ട് വിശുദ്ധ മദ്ബഹായിൽ നില്ക്കുന്നത് അതിനേക്കാൾ തെറ്റല്ലെ. അതെവിടെയെങ്കിലും നിക്ഷേപിച്ചിട്ട് വിശുദ്ധ മദ്ബഹായിൽ നിൽക്കുന്നതല്ലേ ഉചിതം.*

*പ്രശ്നം അങ്ങനെ തീർന്നു.*

ഴും ശ്രദ്ധിക്കാതെ പോകുന്ന, ഒരു വസ്തുതയാണ്. ദളിതർ സഭയോടുള്ള ബന്ധത്തിൽ നേരിടുന്ന അവഗണനയെ കുറിച്ച് അദ്ദേഹം അമർഷംകൊണ്ടിരുന്നു; അനന്തരവനായ ഞാനുമായി അത് പങ്കുവയ്ക്കുകയും ചെയ്തിരുന്നു.

**ദൈവവിളിയിൽ വഴിപിരിഞ്ഞുള്ള യാത്ര**

തുടർന്നു സംഭവിച്ചതൊക്കെ അദ്ദേഹം ആഗ്രഹിക്കാത്തതാണ്. പക്ഷെ അതായിരുന്നു ദൈവനിയോഗം. സി.എൻ. ഐ, കണ്ണമൂല സെമിനാരി, തിരുവനന്ത പുരം ക്രൈസ്റ്റ് ചർച്ച്, കത്തീഡ്രൽ ചർച്ച് എന്നിവിടങ്ങളിലെ സേവനങ്ങളിലൂടെ വളരെ അപ്രതീക്ഷിതമായി ഉത്തര കേരള മഹായിടവകയിലെ ബിഷപ്പായി നിയോഗി ത നാകുന്നതുവരെയുള്ള കാലഘട്ടം വളരെയൊന്നും അറിയപ്പെടാത്ത എന്നാൽ സമർപ്പിതവും വിശ്രമരഹിതവുമായ ഇടയപരിപാലന ശുശ്രൂഷയുടെ ഏറ്റവും മഹത്വകരമായ മാതൃകയുടേതായിരുന്നു. സഭാശുശ്രൂഷ തന്റെ പ്രാഥമിക സമർപ്പണത്തിന്റെ വസ്തു ആയിരുന്നതി നാൽ രണ്ടാംസ്ഥാനംകൊണ്ട് തൃപ്തയായി തന്റെ ഈ ശുശ്രൂഷാകാലഘട്ടങ്ങളിലെല്ലാം അദ്ദേഹത്തെ പിന്തുണക്കുകയും നിലനിർ ത്തുകയും ചെയ്ത ഗ്രേസികൊച്ചമ്മ അദ്ദേഹത്തിന്റെ ജീവിതസഖിയാകുന്നത് 1942-ലാണ്. അന്നുമുതൽ പിന്നീടുള്ള സംഘർഷം നിറഞ്ഞ വഴികളിലൂടെ ആരും അറിയാതെയും ആരെയും അറിയിക്കാതെ യും വിശ്വാസത്തിന്റെ സാഹസികമായ ജീവിതത്തിൽ പങ്കാളിയായ കൊച്ചമ്മ പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകുന്നു എന്ന് പറയാതിരിക്കാൻ വയ്യ.

രണ്ടു വിദേശ മിഷനറിമാരാ യിരുന്ന ബിഷപ്പന്മാർ സ്വയം പിരിഞ്ഞു പോയ, കുത്തഴിഞ്ഞ പുസ്തകം പോലെ വളരെ പ്രശ്നസങ്കീർണ്ണമായ, ഒരു മഹായിടവകയായിരുന്നു ഉത്തര കേരള മഹായിടവക. ആ മഹായിടവകയുടെ ബിഷപ്പായി നിയമിതനായ വാർത്ത വളരെ സന്ദേഹങ്ങളോടുകൂടെയാണ് അദ്ദേഹം സ്വീകരിച്ചത്. എങ്കിലും ദൈവഹിതത്തിന് സ്വയം കീഴ്പ്പെടുത്തിക്കൊണ്ട് ഈ പദവി ഏറ്റെടുത്തു. താറുമാറായി കിടക്കുന്ന ഭരണസംവിധാനങ്ങൾ, ശമ്പളം കൊടുക്കാ ൻ പണമോ, ട്രഷററോ സഞ്ചരിക്കാൻ വാഹനമോ ഇല്ലാത്ത അവസ്ഥ. നോൺ-എപ്പിസ്കോപ്പൽ പാരമ്പര്യ ത്തിന്റെ സ്വാധീനത്തിൽ ബിഷപ്പിന്റെ സ്ഥാനത്തെ അംഗീകരിക്കാത്ത ഒരു വലിയ സമൂഹം സഭാജനങ്ങൾ, നിരവധി സങ്കീർണ്ണങ്ങളായ കേസുകൾ ഇവയുടെ മദ്ധ്യത്തിലേക്കാണ് ബിഷപ്പ് ബഞ്ചമിൻ ചെന്നുപെടുന്നത്. ഇവയെ എങ്ങനെ നേരിട്ടു എന്നതിലാണ് അദ്ദേഹത്തിന്റെ സ്വഭാവമഹിമ തെളിയുന്നത്.

കൃത്യനിഷ്ഠയോടുകൂടെയുള്ള അതിരാവിലെയുള്ള പ്രാർത്ഥനയും വേദപുസ്തക ധ്യാനവും അദ്ദേഹത്തിന്റെ സവിശേഷമായ ജീവിത ശൈലിയായിരു ന്നു. അക്ഷരാർത്ഥത്തിൽ മുട്ടിന്മേൽനിന്നു



കൊണ്ട് മാത്രമാണ് അദ്ദേഹം പ്രശ്ന സങ്കീർണ്ണമായ നാളുകളിൽ മഹായിടവക യ്ക്കു നേതൃത്വം നൽകിയത്.

**ആടുകളുടെ നല്ല ഇടയൻ**

ഒരു നല്ല ഭരണകർത്താവാ യിരുന്നു അദ്ദേഹം. എന്നാൽ അതിനേക്കാ ൾ തന്നെ ഏൽപിച്ച ആടുകളെ മനസ്സിലാ ക്കുകയും അവരുടെ അടുത്തേയ്ക്ക് ഇറങ്ങി ചെല്ലുകയും അവരുടെ വികാരങ്ങ ളെ മാനിക്കുകയും അവർക്ക് ആത്മീയ ഭക്ഷണം നൽകുകയും ചെയ്യുകയാണ് തന്റെ പ്രഥമമായ കർത്തവ്യം എന്ന് വിശ്വസിച്ചിരുന്ന ഒരു നല്ല ഇടയനായിരു ന്നു ബിഷപ്പ് ബഞ്ചമിൻ. വെള്ള ഉടുപ്പ് മാത്രമേ അദ്ദേഹം ധരിച്ചിരുന്നുള്ളൂ. സി.എസ്സ്.ഐയുടെ എപ്പിസ്കോപ്പസിയെ കുറിച്ചുള്ള ധാരണകൾക്കും ബാസൽ മിഷൻ പാരമ്പര്യ ത്തിലുള്ള സഭാജനങ്ങളു ടെ മനോഭാവങ്ങൾക്കും ഇണങ്ങുന്ന വസ്ത്രധാരണ മായിരുന്നു അദ്ദേഹത്തിന്റേ ത്. ഒരു നിറമുള്ള കുപ്പായം ഉണ്ടായിരുന്ന ത് മാർത്തോമ്മാ സഭ അദ്ദേഹത്തിന് സമ്മാനിച്ചതാണ്. പിന്നീടൊരു നിറമുള്ള കുപ്പായം അദ്ദേഹം തുന്നിച്ചിട്ടുമില്ല.

ജനങ്ങളിൽനിന്നും യാതൊരു ദൂരവും അദ്ദേഹം പാലിച്ചിരുന്നില്ല. കല്യാണ വിരുന്നുകളിൽ തന്റെ ഭക്ഷണം ജനങ്ങളോടുകൂടെ ആയിരിക്കണം എന്നത് അദ്ദേഹത്തിന്റെ നിർബന്ധമായിരുന്നു. ഈസ്റ്റേൺ ചർച്ചിലെ സന്യാസികളായി ജീവിക്കുന്ന ബിഷപ്പന്മാരിൽനിന്നും സി.എസ്സ്.ഐ സഭയിലെ ബിഷപ്പന്മാർക്കു ള്ള വ്യത്യാസത്തിലെ ദൈവശാസ്ത്രപര മായ നിലപാടിനെ അദ്ദേഹം അഭിമാനപൂ ർവ്വം ഉൾക്കൊണ്ടിരുന്നു. 'കാനായിലെ കല്യാണവിരുന്നിൽ ക്രിസ്തുവിന് പങ്കെടുക്കാ മെങ്കിൽ എന്തുകൊണ്ട് ബിഷപ്പന്മാർക്ക് കല്യാണ വിരുന്നിൽ പങ്കെടുത്തുകൂടാ' എന്നതായിരുന്നു അദ്ദേഹത്തിന്റെ ന്യായം. ഇത് പൊതുജന സമ്പർക്കത്തിനും സൗഹൃദം പുതുക്കുന്ന തിനുമുള്ള മാർഗ്ഗമായി അദ്ദേഹം ഉപയോഗിച്ചു.

'ഷൊർണ്ണൂരിൽനിന്നും വളരെ സൗകര്യമായി മാരാമണ്ണിന് വരാൻ ബസ്സ് ഉള്ളപ്പോൾ എന്തിന് കാറിൽവരണം എന്ന യുക്തിയിലാണ് ബിഷപ്പ് ബെഞ്ചമിൻ തന്റെ മാരാമൺ കൺവൻഷനിലുള്ള കന്നിപ്രവേശത്തിന് ബസ്സിൽ യാത്ര ചെയ്ത് എത്തിയത്. പണമില്ലായിരുന്നു എന്നത് മറ്റൊരു വസ്തുത. ബിഷപ്പ് എന്ന സ്ഥാനത്തിന്റെ പ്രൌഢിയോ അധികാര മോ അദ്ദേഹത്തെ ഒരിക്കലും ഭരിച്ചിരു ന്നില്ല.

കുപ്പായം വൃത്തിയുള്ളതും വെൺമയുള്ളതും ആയിരിക്കണമെന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ നിർബ ന്ധം. അത് സ്വയം അലക്കിയിടുന്ന തിലും അദ്ദേഹം മടികാണിച്ചിരുന്നില്ല. വിനയവും, ലാളിത്യവും തുറന്ന ഇടപെടലും കളങ്കമില്ലാത്ത സൗഹൃദവും ആയിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. അധികാരം ഉപയോഗിച്ച് ശത്രുക്കളോടു വൈരനിര്യാതന ബുദ്ധിയോടെ ഇടപെടു ന്നത് അദ്ദേഹത്തിന്റെ ശൈലി ആയിരു ന്നില്ല; മറിച്ച്, പല ശത്രുക്കളെയും തന്റെ സ്നേഹിതരാക്കുവാൻ കഴിയുന്ന മാനസിക വിശാലത അദ്ദേഹം കാണിച്ചി രുന്നു. അദ്ദേഹത്തെ ബദ്ധശത്രുവായി കണ്ട് പ്രവർത്തിച്ചിരുന്ന വ്യവസായ പ്രമുഖനായിരുന്ന സാമുവേൽ അറോണി നെ സ്നേഹിതനാക്കുന്നതിലും അദ്ദേഹ ത്തിന്റെ ശവസംസ്കാരത്തിൽ ജനങ്ങളു ടെ പ്രതിഷേധത്തെ അവഗണിച്ച് പങ്കെടു ക്കുന്നതിലും ബിഷപ്പ് ബഞ്ചമിൻ കാണിച്ച മഹാമനസ്കത അദ്ദേഹത്തിന്റെ സവിശേ ഷമായ ഒരു ഭാവമായിരുന്നു.

**നിർമുക്തതയുടെയും ആഭിമുഖ്യത്തിന്റെയും ദ്വന്ദ്വഭാവം**

പണത്തോടും ആർഭാടങ്ങളോടും അദ്ദേഹം കാണിച്ച സമീപനം നിർമ്മുക്ത തയുടേതായിരുന്നു. മഹായിടവക ശുശ്രൂഷയിൽ നിന്നും വിരമിച്ചപ്പോൾ നൽകിയ ഒരു ഫിയറ്റ് കാർ ഓടിയിട ത്തോളം ഓടിച്ചു. അത്യാവശ്യങ്ങൾക്കു മാത്രം. പിന്നീട് എല്ലാം നടത്തിയതു പോലെ നടന്നു. നോർത്ത് കേരള മഹായി ടവകയിൽ പണം ഇല്ലായിരുന്നു എന്നു മാത്രമല്ല, വിഫിൻ എന്ന ജർമ്മൻ മിഷനറി ട്രഷറാറുടെ കർശനമായ സാമ്പത്തിക നിയന്ത്രണത്തിലും ആയിരുന്നു. ഒരിക്കൽ ആലുവാ ഇടവക സന്ദർശനത്തിനിടയിൽ ഗുരുതരമായ രോഗം ബാധിച്ച് എറണാകു ളം ലിസി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചി രുന്ന തിരുമേനിയെ ആശുപത്രിയിലെ ബില്ല് നൽകി ഇറക്കിക്കൊണ്ടുവന്നത് അന്ന് ഹൈക്കോടതി ജസ്റ്റീസും ഒരു ബന്ധുവുമായിരുന്ന ജസ്റ്റീസ് റ്റി. കെ. ജോസഫ് ആണ്. കുടുംബപരമായ സാമ്പത്തിക ബാദ്ധ്യതകളുടെ സാഹചര്യ ങ്ങളിലൊക്കെ കുടുംബാംഗങ്ങളുടെ സഹകരണവും ദൈവകൃപയും തന്നെ

നിലനിർത്തി എന്നു മാത്രമേ പറയാനാകൂ. അടുത്തകാലത്ത് സി.എസ്സ്.ഐ. സിനഡിൽ നിന്നും ആണ്ടിലൊരിക്കൽ ക്രിസ്തുമസിന് മെഡിക്കൽ അലവൻസ് എന്ന പേരിൽ നൽകുന്ന മുവായിരത്തി അഞ്ഞൂറോളം രൂപയോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു, 'എന്തിനാണ് ഈ തുക ഇവർ എനിക്കയച്ചുതരുന്നത്. ഇപ്പോൾ സിനഡിന് ധാരാളം പണം ഉണ്ടായിരിക്കും.' തന്റെ വീടിന് സമീപമുള്ള റിട്രീറ്റ് സെന്ററിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിന് തനിക്കു നൽകിയ 'യാത്രപ്പടി' അദ്ദേഹം നിരസിച്ചു എന്നു മാത്രമല്ല, അതിനെ സാമ്പത്തികമായ ധൂർത്തായിട്ടാണ് കണ്ടത്. മക്കളെല്ലാം നല്ല നിലയിലാകുകയും മെച്ചപ്പെട്ട ജീവിതസാധ്യതകൾ ഒരുക്കുവാൻ സന്നദ്ധരാകുകയും ചെയ്തപ്പോഴും അദ്ദേഹം അതിലൊന്നും ആകൃഷ്ടനാകാതെ തന്റെ 'കൊച്ചും' (കൊച്ചമ്മ) ഒത്ത് സംതൃപ്തനും സന്തോഷ വാനും ആയി കഴിഞ്ഞു. അന്ത്യസമയം വരെ ദൈവത്തിന്റെ പരിപാലന യെപ്പറ്റിയു ള്ള നന്ദി അദ്ദേഹത്തെ ഭരിച്ചിരുന്നു. മരിക്കുന്നതിന് തലേരാത്രി കൊച്ചമ്മ യേയും മകൻ ബിജുവിനെയും അദ്ദേഹം അനുസ്മരിപ്പിച്ചത് രണ്ടു കാര്യങ്ങളാണ്. കൊച്ചമ്മയോട് അദ്ദേഹം പറഞ്ഞു; 'അവസാനം വരെ കർത്താവിനെ സ്നേഹിച്ചും സേവിച്ചും ജീവിക്കണം.' മകനോടു പറഞ്ഞു. 'നമ്മൾ സാമ്പത്തികമായ ക്ലേശങ്ങളിലൂടെ ഒക്കെ കടന്നാണ് ഇവിടെവരെ എത്തിയത്. ദൈവത്തിന്റെ നടത്തിപ്പുകളെ മറക്കരുത്.' പല വിവാഹ ശുശ്രൂഷകളിലും അദ്ദേഹം ദമ്പതികളെ ഓർമ്മിപ്പിച്ചിരുന്ന ഒരു വേദഭാഗമുണ്ട്. 1 തിമൊ. 6:610. അലംഭാവ ത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു.....ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക.'

സമ്പത്തിനോടും ആർഭാടങ്ങളോടും നിർമ്മുക്തത യുടേതായ മനോഭാവ മായിരുന്നെങ്കിലും ജീവിതത്തോട് അങ്ങേയറ്റം ആഭിമുഖ്യമാണ് പുലർത്തിയിരുന്നത്. നാമൊക്കെ വിസ്മരിക്കുന്ന, പണം ആവശ്യമില്ലാത്ത ജീവിതത്തിലെ പല അനുഭവങ്ങളിലും അദ്ദേഹം സന്തോഷം കണ്ടെത്തിയിരുന്നു. മറ്റൊരു അനുസ്മരണ യിൽ കൊച്ചുമക്കൾ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. റെയിൽവെ സ്റ്റേഷനിൽ ട്രെയിൻ വരുന്നതും പോകുന്നതും നോക്കിനിൽക്കുക, സൈക്കിൾ റിപ്പയർ ചെയ്യുന്നത് കണ്ടുനിൽക്കുക, ടെറസ്സിൽ കയറിനിന്ന് പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കുക, സുഹൃദ്ബന്ധങ്ങളിൽ സന്തോഷം കണ്ടെത്തുക, നല്ല ഭക്ഷണം രുചിയോടെ കഴിക്കുക (നല്ലതല്ലെങ്കിലും തിരുമേനി രുചിയോടെ ഭക്ഷണം കഴിക്കുമ്പോൾ നമുക്ക് കൊതിവരും) ഇവയൊക്കെ തിരുമേനി ആസ്വദിച്ചിരുന്നു. ഈ ആസ്വാദനശൈലി ഇന്ന് നമുക്ക് കൈമോശം വന്നിരിക്കുന്നു. തിരുമേനിയുടെ യൗവ്വനകാലത്ത് ആറ്റിൽ നീന്തുന്നതും മീൻപിടിക്കുന്നതും ഫുട്ബോൾ കളിക്കുന്നതും ഒക്കെയായിരുന്നു ആസ്വാദ്യമായിരുന്നത്. എല്ലാറ്റിലും ഉപരി അദ്ദേഹം ദൈവത്തെത്തന്നെ ആസ്വദി ച്ചിരുന്നു. ആ പരിധിയില്ലാത്ത ആസ്വാദ്യതയിൽ ലോകത്തിലെ ക്ലേശങ്ങൾ എല്ലാം അദ്ദേഹം മറന്നു. അവയൊന്നും യാതൊരുതരത്തിലും അദ്ദേഹത്തെ തളർത്താ നായില്ല. ആ ആസ്വാദ്യതയിൽ അവസാനം അദ്ദേഹം വിലയം പ്രാപിക്കുകയാണ് ചെയ്തത്. 'കർത്താവേ, എന്റെ ആത്മാവിനെ തൃക്കൈയിൽ ഏൽപിക്കുന്നു' എന്നു പ്രാർത്ഥിച്ചു കൊണ്ട്.

**ജഡാവതാരപരമായ ശുശ്രൂഷ**

തന്റെ ശുശ്രൂഷ ജഡാവതാര പരമായിരുന്നു (incarnat ional). ഇതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? സ്ഥലകാല പരിമിതികളിൽ അപരിമേയനായ ദൈവം ജഡം ധരിക്കുന്നതിനാണ് നാം ജഡാവതാരം എന്നു പറയുന്നത്. സ്ഥലകാല ങ്ങളുടെയും വ്യക്തിപരമായ കഴിവുകളുടെയും മറ്റു വിഭവങ്ങളുടെയും പരിമിതികളെ അംഗീകരിച്ചുകൊണ്ട് അവയിലൂടെ എത്രയും തീക്ഷ്ണമായും സൃഷ്ടിപരമായും പ്രായോഗികമായും ഇടപെടുവാൻ കഴിയുമ്പോഴാണ് നമ്മുടെ ശുശ്രൂഷ ജഡാവതാര പരമാകുന്നത്. അദ്ദേഹം ഒരു വലിയ വാഗ്മിയോ, ശക്തമായ ശബ്ദസൗകുമാര്യത്തിന്റെ ഉടമയോ, ദൈവശാസ്ത്രജ്ഞനോ ഒന്നും ആയിരുന്നില്ല; ലോകം ചുറ്റുന്ന പ്രഗത്ഭനായ ഒരു ബിഷപ്പും ആയിരുന്നില്ല. അച്ചനായിരുന്നപ്പോൾ തന്റെ ഇടവക, ബിഷപ്പായിരുന്നപ്പോൾ തന്റെ മഹായിടവക; അതു മാത്രമായിരുന്നു തന്റെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും മേഖല. വിദേശസഞ്ചാരം വളരെ അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ മാത്രമേ അദ്ദേഹം നടത്തിയിട്ടുള്ളൂ. വളരെ സമയം എടുത്ത് പ്രാർത്ഥനയോടെ തയ്യാറാക്കിയ ലളിതമായ പ്രസംഗങ്ങളിലും റിട്രീറ്റ് ധ്യാനങ്ങളിലും അദ്ദേഹം ശ്രദ്ധിച്ചു. ക്രിസ്തുമസ്, കഷ്ടാനുഭവ ആഴ്ച, ഈസ്റ്റർ മുതലായ സഭയുടെ കേന്ദ്രീയമായ ആഘോഷങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സന്ദർഭങ്ങളിലൊക്കെ തന്റെ മഹായിടവകയിൽതന്നെ ചെലവഴിച്ചു. മഹായിടവക യുടെ ഭരണവുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ കാര്യങ്ങളിലെല്ലാം അദ്ദേഹം ഗൗരവമായ പഠനത്തോടും കൃത്യനിഷ്ഠയാടും കാര്യക്ഷമതയോടും കൂടെ ഇടപെട്ടു; കർത്തൃത്വം നടത്തുന്നവനായിട്ടല്ല, ഒരു നല്ല ഇടയനായും ശുശ്രൂഷകനായും. ഈ ഉത്തരവാദിത്വങ്ങൾക്കപ്പുറത്ത് ഒന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. തന്റെ കുടുംബ കാര്യങ്ങൾ പോലും രണ്ടാമതായിരുന്നു. മക്കളൊക്കെ ഏതെങ്കിലും സ്ഥാനത്ത് എത്തിയെങ്കിൽ അത് അവരുടെ പ്രയത്നങ്ങൾകൊണ്ടു മാത്രമായിരുന്നു. ഇവിടെയൊക്കെ രണ്ടാം സ്ഥാനത്ത് നിൽക്കാൻ ഗ്രേസികൊച്ചമ്മ കാണിച്ച മനഃസ്ഥിതി അഭിനന്ദനീയവും മാതൃകാപരവുമാണ്. അതിലും അദ്ദേഹം ഭാഗ്യവാനായിരുന്നു.

**വിശ്വാസജീവിതത്തിലെ ദീപ്തമായ ഒരു മുഹൂർത്തം**

തന്റെ വിശ്വാസ ജീവിതത്തിലെ ദീപ്തമായ ഒരു മുഹൂർത്തമായിരുന്നു തന്റെ മകന്റെ അകാലദേഹ വിയോഗത്തോടു ബന്ധപ്പെട്ട വിടവാങ്ങൽ. തിരുമേനിയും കൊച്ചമ്മയും ബഞ്ചിയുടെ വീട്ടിൽ ചിക്കൻഗുനിയായുടെ ബാക്കി ക്ഷീണതകളുമായി കിടക്കയിൽതന്നെ കഴിയുന്ന സമയത്താണ് ബഞ്ചി പെട്ടെന്ന് രോഗബാധിതനായി മരിക്കുന്നത്. മരണവിവരം തിരുമേനിയോട് പറഞ്ഞുവെങ്കിലും വികാരവിക്ഷോഭം ഒന്നും കാണിച്ചില്ല. ബഞ്ചിയുടെ മൃതശരീരം എടുക്കുന്നതിനുമുമ്പുള്ള പ്രാർത്ഥനയ്ക്കു മുമ്പായി ഒരു വീൽചെയറിൽ തിരുമേനിയെ മൃതശരീരത്തിനടുത്തേക്ക് കൊണ്ടുവന്ന് കുറെ സമയം ഇരുത്തി. ഔദ്യോഗി

*Cont...14*

## മകളുടെ സ്നേഹം

*ഈസ്റ്ററിന് ഒരു ദിവസത്തേക്ക് വീട്ടിൽ എല്ലാവരും ഒത്തുകൂടി. ഉച്ചഊണുകഴിഞ്ഞ് ഡ്രോയിംഗ് റൂമിൽ മകളും ഭർത്താവും കുട്ടികളും അപ്പച്ചനോട് വർത്തമാനം പറഞ്ഞു കൊണ്ടിരുന്നപ്പോഴാണ് അമ്മച്ചിയെ കാണുന്നില്ലല്ലോ എന്ന് മകൾ ഓർത്തത്. നോക്കുമ്പോൾ അമ്മച്ചി അടുക്കളയിൽ എല്ലാവരും ഊണു കഴിച്ച പാത്രങ്ങൾ കഴുകി വയ്ക്കുകയാണ്. മകൾ പറഞ്ഞു ഈ അമ്മച്ചി എന്തു പണിയാ കാണിക്കുന്നത്. ഇത്ര ധൃതിയായി പാത്രങ്ങൾ കഴുകാൻ പോയതെന്തിനാണ്?*

*പാത്രങ്ങൾ കഴുകാൻ മകളും വരും എന്ന ആശ്വാസത്തോടെ അമ്മച്ചി കഴുകൽ നിർത്തിയപ്പോൾ മകൾ പറഞ്ഞതിന്റെ ബാക്കി കൂടി പറഞ്ഞു. ഞങ്ങൾ പോയിക്കഴിഞ്ഞിട്ട് ആ പാത്രമൊക്കെ കഴുകി വച്ചാൽ പോരേ?*

# Bishop Benjamin: A MAN OF PRAYER

**Dr. K. M. George**

I consider it a great privilege to pen this tribute to the late Rt Rev T B Benjamin, my mentor and advisor for the last two decades. My association with him started in 1989 when I returned from overseas services. It is indeed an honour to be considered a member of Bishop's household ever since, and that personal relationship was maintained till the very end.

Bishop Benjamin encouraged and helped me to write four Church history books, the first two on Church of South India, the third on Worldwide Christianity and fourth on Indian Christianity. He wrote Foreword to my first book. "Church of South India: Negotiations toward Union (1919-1947)" and I dedicated the third to that great man. My greatest satisfaction is that I was privileged to be the editor of festschrift volume, "In the Footsteps of His Master" in which nearly two dozen personalities shared their tributes to him.

Bishop Benjamin was a man of prayer. He spent hours on end at night in prayer with his Lord; he took counsel from his Master. It was his practice to seek guidance in all matters concerning his work. During his pastoral ministry from 1913 to 1959 the diocese had placed him where there were acute administrative problems as in the case of his ministry in Trivandrum. He was not spared of conflicting issues during his Episcopal ministry (1960-1977) in the North Kerala Diocese. In all decision making processes he sought strength through his prayer only. Once the prayers ended he would decide the course of action to be taken. From then on, there was no turning back *(as Gracy Kochamma tells).*

Bishop's prayers were mainly centred on the Church – bishops, presbyters, church workers and laity. Another area of concern was the Mission of the Church .This was clearly seen even after his retirement from active service. During the last year or so when he could not devote much time to reading and writing he spent most of his time in prayer alone. It is a strange coincidence that during certain months his prayers were centred mainly for certain subjects. For example, September was devoted to CSI: its dioceses, bishops, presbyters, church workers and mission fields *(by name).* February was specially designated to Maramon Convention: its speakers, translators, choir, audience, organisation and so on.

Bishop Benjamin had three spells of stay in hospitals during the last couple of years: the first one at Mandiram and the other two at Cherupushpam Hospital at Kottayam. After his stay at Mandiram hospital he had to go and live with his elder son Benjy during which time Benjy entered eternal rest which was a shock to all. At the funeral service held at home, although Bishop was bedridden, he insisted that he wanted to be where the body was placed. There he prayed, in voice loud and clear, expressing his firm hope of salvation and committing Benjy to his Lord. When the present writer visited the family a couple of days in Ernakulam, Biju (his second son) told him that he regretted that he did not tape that priestly prayer dedicating his son to the Lord.

The present writer had the privilege of visiting the Bishop during his both spells of stay at Cherupuspam hospital too. During the third one when he visited the bishop, the first thing he asked him was this: *"varan vishamam untayirunno*" and he replied, *"ottum illayirunno, Thirumeni".* Immediately the bishop asked him to pray; he bent down near his left ear, and prayed. After the prayer the Bishop gave the blessings although he was experiencing breathing difficulties as he was on 'oxygen supply'. The bishop then told him: *"nammal okke ethramathram kripakal deivathil ninnu anubhavichuttu untte; athinu nammal nandi ullavar ayirikanam*: which was the last advice given to him. He was privileged to have spent an hour with the great Saint of God just fifteen hours before he was called to his eternal home. Two days later when he visited Gracy kochamma she told him that the last evening of the bishop's life he prayed for the present writer mentioning his name. INDEED BISHOP BENJAMIN WAS A GREAT MAN OR PRAYER.

## മരുമകളുടെ ആശങ്ക

*ചെറുപ്പക്കാരിയായ മരുമകൾ അമ്മാവിയമ്മയോട് : മമ്മീ ഈ സവാള മുറിക്കുമ്പോഴേക്കും എന്റെ കണ്ണുനീറിയിട്ട് വയ്യ !*
*മോളേ സവാള വെള്ളത്തിനടിയിൽ വച്ചു മുറിച്ചാൽ കണ്ണു നീറുകയില്ല.*
*മമ്മീ ഇത്രയും സവാള വെള്ളത്തിനടിയിൽ വച്ചു മുറിച്ചാൽ ഞാൻ ശ്വാസം മുട്ടി മരിച്ചു പോകുകയില്ലേ?*

MESSAGE

# നാം പ്രകാശിക്കണം

**06.01.1960 ലെ സ്ഥാനാരോഹണ ശുശ്രൂഷയിൽ ബിഷപ്പ് ബഞ്ചമിൻ തിരുമേനി ചെയ്ത പ്രസംഗം**

> *"സൈന്യത്താലല്ല, ശക്തിയാലല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു. സെരുബാബേലിന്റെ മുന്നിലുള്ള മഹാപർവ്വതമെ, നീ ആർ? നീ സമഭൂമിയായിത്തീരും. അതിനു കൃപ കൃപ എന്ന ആർപ്പോടുകൂടി അവൻ ആണിക്കല്ല് കയറ്റും" (സെഖര്യാവ് 4:5,7).*

ഈ ദൂത് ഒരു ദർശനത്തിൽ കൂടെയാണ് ദൈവം നൽകുന്നത്. ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന ഈ വാക്യം പ്രസ്തുത ദർശനത്തിന്റെ ഒരു വ്യാഖ്യാനം മാത്രമാണ്. ഉറങ്ങിക്കിടന്നിരുന്ന സഖര്യാ പ്രവാചകനെ ഒരു ദൂതൻ തട്ടിയുണർത്തിയാണ് ഈ ദർശനം കാണിച്ചത്. പൊന്നുകൊണ്ടുള്ള ഒരു വലിയ വിളക്കുതണ്ട്. അതിന്റെ തലയ്ക്കൽ ഒരു എണ്ണക്കുടവും, അതിൽ ഏഴുതണ്ടിന്മേൽ ഓരോ വിളക്കും ഉണ്ടായിരുന്നു. വിളക്കുതണ്ടിന്റെ ഇരുഭാഗത്തും ഓരോ പച്ച ഒലിവു വൃക്ഷം. ആ ഒലിവു വൃക്ഷങ്ങളിൽ നിന്നും രണ്ടു സ്വർണ്ണക്കുഴലുകൾ വഴിയായി എണ്ണ നിരന്തരമായി വിളക്കുതണ്ടിന്മേലുള്ള എണ്ണക്കുടത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. പഴയ ദേവാലയത്തിലെയും, സമാഗമനകൂടാരത്തിലെയും വിളക്കിൽ എണ്ണ പുരോഹിതന്മാർ ഒഴിച്ചുകൊടുക്കുകയായി രുന്നു. ഇതിലാകട്ടെ തീർന്നു പോകാത്ത ഒരു ഉറവിൽ നിന്ന് ഒലിവുമരങ്ങളിൽ നിന്നു തന്നെ നിരന്തരമായി എണ്ണ വിളക്കിലേക്കു ഒഴുകിക്കൊണ്ടിരുന്നു. ഈ ദർശനത്തിന്റെ അർത്ഥം എന്താണെന്നു ചോദിച്ചപ്പോൾ പ്രവാചകനു ലഭിച്ച മറുപടിയാണ് ഈ വാക്യം "സൈന്യത്താലുമല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ".

അക്കാലത്തെ ഭൂരിപക്ഷം യഹൂദന്മാരെപ്പോലെതന്നെ സെഖര്യാ പ്രവാചകനും ദേവാലയം പണിയെ സംബന്ധിച്ച് വളരെ നിരാശ ഉണ്ടായിരുന്നു. സെരുബാബേലിനെ പോലെ അപ്രാപ്തരായ ആളുകളെക്കൊണ്ട് ഒന്നുംസാധിക്കുകയില്ലെന്ന് അവൻ വിചാരിച്ചു. ദേവാലയത്തിന്റെ പണി ആരംഭിച്ചതുനിശേഷം പരാജയപ്പെട്ടു പിന്മാറിപ്പോയത് ഏറ്റവും ലജ്ജാകരമാണെന്നും, അത് ദൈവത്തി നും സഭയ്ക്കും ഒരു അപമാനഹേതുവായിട്ടാണ് ഭവിച്ചിരിക്കുന്നതെന്നുമായിരുന്നു അവന്റെ ബോധം. എന്നാൽ ഈ ദർശനം മൂലം അവന്റെ ധാരണ തെറ്റാണെന്ന് പ്രവാചകന് ബോദ്ധ്യമായി. പ്രവാസത്തിൽ നിന്നും മടങ്ങിയെത്തിയിരിക്കുന്ന ആ യഹൂദന്മാർക്ക് സൈന്യവുമില്ല, ശക്തിയുമില്ല. എന്നാൽ സൈന്യത്താലുമല്ല ശക്തിയാലുമല്ല യഹോവയുടെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ പറയുന്നു. നിസ്സഹായരും ബലഹീനരും അപ്രാപ്തരുമായ യഹൂദന്മാർ അവരുടെ നേതാവായ സെരുബാബേലിന്റെ നേതൃത്വത്തിൽ എഴുന്നേറ്റു പണിയണം. അവരുടെ കഴിവുകൾ എത്ര പരിമിതമായിരുന്നാലും അവരുടെ മുമ്പാകെയിരിക്കുന്ന ആ വേല ദൈവത്തിന്റെതാകയാൽ ദൈവകൃപയും, പരിശുദ്ധാത്മസഹായവും അവരോടു കൂടെ ഉണ്ടായിരിക്കും. അവരുടെ പ്രയത്നം പൂർണ്ണമായി വിജയിക്കും. പ്രസ്തുത ചരിത്രം പഴയ നിയമത്തിൽ നാം വായിക്കുമ്പോൾ യഹോവയുടെ വാഗ്ദത്ത പ്രകാരം സെരുബാബേൽ തന്നെ ആ ദേവാലയത്തിന്റെ പണി പൂർത്തിയാക്കി എന്ന് നാം കാണുന്നു. എന്നാൽ അത് സാദ്ധ്യമായത് അവരുടെ സാമർത്ഥ്യം കൊണ്ടല്ല. ദൈവകൃപയാൽ മാത്രമാണെന്ന് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ട് കൃപ കൃപ എന്നുള്ള ആർപ്പോടു കൂടെ അവർ അതിന്റെ അവസാനത്തെക്കല്ല് ആയതു ആണിക്കല്ല് കയറ്റി.

കർത്താവിൽ പ്രിയപ്പെട്ടവരെ, ഇന്ന് ഉത്തര കേരള മഹായിടവകയുടെ ചരിത്രത്തിൽ സുപ്രധാനമായ ഒരു ദിവസമാണ്. എന്തെന്നാൽ ഇന്ന് നമ്മുടെ മഹായിടവകയ്ക്ക് ഒരു പുതിയ ബിഷപ്പ് സ്ഥാനാഭിഷേകം ചെയ്യപ്പെട്ടിരിക്കുകയാണല്ലോ. ഈ മഹായിടവക രൂപീകരിച്ചിട്ട് ഇപ്പോൾ 12 വർഷമേ ആയിട്ടുള്ളൂ. അതിനിടയിൽ പ്രശസ്തരായ രണ്ടു ബിഷപ്പുമാർ ഇവിടെ സേവനം നിർവ്വഹിച്ചുകഴിഞ്ഞിട്ടുണ്ട്. ബിഷപ്പ് സ്റ്റുവാർട്ട് സ്മിത്ത് എന്റെ ഗുരുവായിരുന്നു. വളരെ പ്രാപ്തിയും, ജ്ഞാനവും, കഴിവും, ദൈവാശ്രയവുമുള്ള ഒരാളായിരുന്നു അദ്ദേഹം. അതിനുശേഷം ബിഷപ്പ് അസാധാരണമായ സാമർത്ഥ്യവും കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോൾ നമ്മുടെ നാട്ടുകാരനായ ഒരാളെത്തന്നെയാണ് ദൈവം ആ സ്ഥാനത്തേയ്ക്ക് വിളിച്ചാക്കിയിരിക്കുന്നത്. കൊച്ചു ശബ്ദമുള്ള ഒരു കൊച്ചു മനുഷ്യൻ. മുമ്പ് നമ്മുടെ ഇടയിൽ ശുശ്രൂഷ ചെയ്ത ബിഷപ്പുമാരോടു താരതമ്യപ്പെടുത്തുമ്പോൾ വലിയ പ്രാപ്തിയോ, കഴിവോ, പരിചയമോ ഇല്ലാത്ത ഒരാൾ. ഭാവിയിലേക്ക് നോക്കുമ്പോൾ ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ നമ്മെ തുറിച്ചു നോക്കുന്നു. ദക്ഷിണേന്ത്യാ സഭയിലുള്ള മഹായിടവകകളിൽ വച്ച് ഏറ്റവും അധികം ദുർഘടപ്രശ്നങ്ങൾ ഉള്ള ഒന്നാണ് നമ്മുടേത്. വ്യത്യസ്തങ്ങളായ രണ്ട് പാരമ്പര്യങ്ങളിൽ പരിചരിച്ചിട്ടുള്ള സഭാവിഭാഗങ്ങൾ ഒരുമിച്ച് ചേർന്ന് വളരുവാൻ പ്രായോഗികമായ പ്രയാസങ്ങൾ ഉണ്ട്. ആത്മീയ ചൈതന്യത്തിന്റെ കുറവുണ്ട്. ഉത്തമ നേതൃത്വത്തിന്റെ കുറവുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പ്രയാസങ്ങളുടെയും പ്രതിബന്ധങ്ങളുടെയും, ദുർഘടപ്രശ്നങ്ങളുടെയും ഒരു മഹാപർവ്വതം തന്നെയാണ് നമ്മുടെ മുമ്പാകെ നിൽക്കുന്നത്. അതുകൊണ്ട് നിരാശപ്പെട്ടു പോകുന്നതിനു തികച്ചും ന്യായമായ കാരണങ്ങൾ എല്ലാം ഉണ്ട്. എന്നാൽ ഏറ്റവും ഭയഭക്തികരവും സുപ്രധാനവുമായ ഈ അവസരത്തിൽ സർവ്വശക്തനായ ദൈവം നമ്മെ തട്ടിയുണർത്തി പ്രത്യാശയുടെ ദർശനം നമ്മെ കാണിക്കുകയാണ് ചെയ്യുന്നത്. അവൻ നമ്മോടു ഇപ്രകാരം അരുളി ചെയ്യുന്നു. സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ, സെരുബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും, അതിന് കൃപ കൃപ ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും. ഭാവിയെ നോക്കിയിട്ട് നാം ആരും നിരാശപ്പെടേണ്ട ആവശ്യമില്ല.

ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു കൊണ്ട് നാം മുന്നോട്ടു പോകുന്നുവെങ്കിൽ അവൻ തന്റെ അന്തമില്ലാത്ത കൃപയെ നമ്മുടെ മേൽ ചൊരിഞ്ഞ് ഈ ഇന്ത്യാരാജ്യത്തിനു നമ്മുടെ മഹായിടവകയെ ഒരു അനുഗ്രഹ കാരണമായിത്തീർക്കും.

ഒന്നാമത്, നാം ദൈവമുമ്പാകെ താഴണം. ഒലിവുമരങ്ങളിൽ നിന്ന് എണ്ണ കുഴൽ വഴിയായി എണ്ണക്കുടത്തിലേക്ക് ഒഴുകിച്ചെല്ലണമെന്നുവരികിൽ വിളക്ക് താണിരിക്കണം. നമുക്ക് ദൈവകൃപ ആവശ്യമാണെന്നും, ആ കൃപ കൂടാതെ നമുക്ക് ജീവിപ്പാനോ പ്രവർത്തിപ്പാനോ കഴികയില്ലെന്നും ഉള്ള ബോധം നമുക്ക് ഉണ്ടായിരിക്കണം. അതിന് വളരെ താഴ്മ ആവശ്യമാണ്. നമുക്ക് ഒന്നിനും കുറവില്ല, സമർത്ഥന്മാരാണ്, കാര്യങ്ങളെല്ലാം അറിയാം എന്നുള്ള മനോഭാവത്തിൽ നാം ജീവിക്കുമ്പോൾ ദൈവകൃപ പ്രാപിപ്പാൻ നമുക്ക് കഴികയില്ല. ദൈവരാജ്യത്തിന്റെ പ്രജകളുടെ പ്രധാന ലക്ഷണം താഴ്മയുടെ മനോഭാവമാണ്. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്.

ഈ മഹായിടവകയിൽ എപ്പിസ്കോപ്പാ സ്ഥാനത്തിനടുത്തുള്ള ചുമതലകൾ നിർവ്വഹിപ്പാൻ ദൈവകൃപയാലല്ലാതെ സാദ്ധ്യമല്ല എന്ന് എനിക്ക് നിശ്ചയമുണ്ട്. അപ്രതീക്ഷിതമായി എപ്പിസ്കോപ്പാ സ്ഥാനത്തേക്കുള്ള ഈ വിളി എനിക്കുണ്ടായപ്പോൾ, ഞാൻ എത്ര ബലഹീനനും, അപ്രാപ്തനുമാണെന്നുള്ള ബോധമാണ് എനിക്ക് ഏറ്റവും അധികമായിട്ടുണ്ടായത്. എന്നാൽ ദൈവം തന്റെ ദിവ്യവിചാരണയിൽ പലപ്പോഴും അശക്തരും, അയോഗ്യരുമായ ആളുകളെ തിരഞ്ഞെടുക്കുകയും, അവരെ ശുദ്ധീകരിച്ച്, ശക്തിപ്പെടുത്തി ഉപയോഗിക്കുകയും ചെയ്തിട്ടുള്ള താണെന്നുള്ള കാര്യം ഞാൻ ഓർത്തു. ചൈനയിലെ ഹഗ്സൺ റ്റെയ്ലർ എന്ന സുപ്രസിദ്ധ മിഷണറി ഒരിക്കൽ ഇങ്ങനെ പറഞ്ഞു. ചൈനയിൽ മിഷണറി വേല ആരംഭിക്കണമെന്ന് ദൈവം നിശ്ചയിച്ചപ്പോൾ ഏറ്റവും ബലഹീനനായ ഒരു മനുഷ്യനെ അന്വേഷിച്ചു ഒടുവിൽ ഹഗ്സൺ റ്റെയ്ലറിനെ തിരഞ്ഞെടുക്കുകയും ചൈനയുടെ സുവിശേഷീകരണത്തിനായി അവനെ നിയോഗിക്കുകയും ചെയ്തു. അസ്സീസിയിലെ ഫ്രാൻസിസിനോട് ഒരിക്കൽ ഒരു സ്നേഹിതൻ അങ്ങു ഇത്ര ഫലകരമായ ഒരു ശുശ്രൂഷ നിർവ്വഹിപ്പാൻ ഇടയായത് എങ്ങനെയാണ് എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഏറ്റവും അയോഗ്യനായ ഒരാളെ കണ്ടെത്തുന്നതിനായി ദൈവം എല്ലായിടത്തും തിരഞ്ഞു. അവൻ എന്നെ വീണ്ടെടുത്തു, രൂപാന്തരപ്പെടുത്തി, തിരുഹിതത്തെ എന്നിൽ നിവർത്തിക്കുന്നു. അതിൽ ഞാൻ പുകഴുകയില്ലെന്ന് ദൈവത്തിനറിയാം. എന്തെന്നാൽ ഞാൻ എത്ര അയോഗ്യനും എത്ര വലിയ പാപിയുമായിരുന്നു എന്ന് വിസ്മരിക്കുവാൻ എനിക്ക് കഴിയുകയില്ല. ബലഹീനനായ എന്നെ ദൈവം ഈ വലിയ ശുശ്രൂഷയ്ക്ക് വിളിച്ചതു കൊണ്ട് ഞാൻ അവന് മനപൂർവ്വമായി സ്തോത്രം ചെയ്യുന്നു. ഏറ്റവും വിനയത്തോടു കൂടെ ദൈപകൃപയിൽ പൂർണ്ണമായി ആശ്രയിച്ചതുകൊണ്ട് ഞാൻ എന്നെ ശുദ്ധീകരിച്ചു, രൂപാന്തരപ്പെടുത്തി, ശക്തീകരിക്കേണ്ടതിനായി നിങ്ങൾ എല്ലാവരും എനിക്ക് വേണ്ടി പ്രാർത്ഥിക്കണമേ. ഒരു മഹായിടവക എന്ന നിലയ്ക്ക് കഴിഞ്ഞ കാലത്തെ നമ്മുടെ കുറവുകൾ ഓർത്ത് വിനയത്തോടെ നമുക്കെല്ലാവർക്കും ദൈവമുമ്പാകെ നമ്മെത്തന്നെ പുതുക്കി സമർപ്പിക്കാം. ദൈവം കൃപയും പരിശുദ്ധാത്മദാനവും നമുക്കുതന്നു നമ്മെ അനുഗ്രഹിച്ചു വഴിനടത്തും.

രണ്ടാമത് ദൈവത്തിന്റെ കൃപയും പരിശുദ്ധാത്മസഹായവും നമുക്ക് ലഭിക്കണമെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം. ഒലിവുമരത്തിൽ നിന്നുള്ളഎണ്ണ വിളക്കിലുള്ള തിരികളിൽ വരുന്നത് സ്വർണ്ണകുഴലുകളിൽ കൂടിയാണ്. അതുപോലെ ദൈവകൃപ നമ്മിലേക്ക് പകരപ്പെടുന്നത് കൃപാവഴികൾ മുഖാന്തിരമാണ്. എത്ര വിലയേറിയ കൃപാവഴികളെ ദൈവം നമുക്ക് തന്നിരിക്കുന്നു. പ്രാർത്ഥന, ദൈവത്തിന്റെ വചനം, തിരുവത്താഴം, ആരാധന എന്നിങ്ങനെയുള്ള കൃപാവഴികളെ നാം നന്ദിയോടെ വിലമതിക്കുകയും, വിശ്വസ്തതയോടെ ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതല്ല യോ? യെശയ്യാ പ്രവാചകൻ വളരെ പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ജീവിച്ചു പോന്ന യഹൂദ പ്രവാസികളോട് പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണ്. യഹോവയെ കാത്തിരി ക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും, ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. പ്രയാസങ്ങളുടേയും പ്രതിബന്ധങ്ങളുടെയും മഹാപർവ്വതം നമ്മുടെ മുമ്പിൽ നിന്നാലും കഴുകൻ ചിറകടിച്ചു ഉയർന്നു പറക്കുന്നതുപോലെ യഹോവയെ കാത്തിരിക്കുന്നവർക്ക് സകല പ്രതിബന്ധങ്ങൾക്കും മീതെ കൂടെ പുരോഗമിക്കുവാൻ കഴിയുന്നതാണ്.

ദൈവത്തിന്റെ കൃപയും, ദൈവാന്മശക്തിയും നാം പ്രാപിക്കണമെന്നു വരികിൽ തന്റെ ദിവ്യ ഉദ്ദേശങ്ങളോട് നാം ഏകീഭവിക്കണം. ഒലിവു മരത്തിൽ നിന്നുള്ള എണ്ണ വിളക്കിലേക്ക് ഒഴുകിച്ചെല്ലുന്നത് അതിന്റെ തിരി അത് മുഴുവൻ വലിച്ചു കുടിക്കുന്നതിനല്ല, വിളക്ക് പ്രകാശിക്കേണ്ടതിനാണ്. അത് ദൈവമന്ദിരത്തെ മുഴുവനും പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ഈ മഹായിടവകയെ സംബന്ധിച്ചും, അതിലെ അംഗങ്ങളെ സംബന്ധിച്ചും ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ട്. അത് നാം പ്രകാശിക്കണമെന്നുള്ളതാണ്. ദൈവനാമം നമ്മിൽ കൂടെയും സഭയിൽക്കൂടെയും മഹത്വപ്പെടണം. അതാണ് നമ്മുടെ സർവ്വപ്രധാനമായ ലക്ഷ്യം. അല്ലാതെ, ദൈവത്തിന്റെ കൃപയെ നാം ധാരാളമായി പ്രാപിച്ചു കൊണ്ട് നമ്മുടെ സ്വന്തം അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നതല്ല. ഈ ഉദ്ദേശം സാധിക്കുന്നതിനു പലപ്പോഴും ഒരു തടസ്സമായി നിൽക്കുന്നതു നമ്മുടെ സ്വാർത്ഥതയല്ലയോ, യേശുക്രിസ്തുവിനെ ഉയർത്തി കാണിക്കുന്നതിനു പകരം നമ്മെത്തന്നെ ഉയർത്തുന്നതിന് നാം പരീക്ഷിക്കപ്പെടുന്നു. **നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ എന്നിങ്ങനെ നാം പ്രാർത്ഥിക്കുന്നു. എന്നാൽ നമ്മുടെ ഹൃദയത്തിന്റെ അന്തർഭാഗത്ത് എന്റെ നാമം മഹത്വപ്പെടേണം, എന്റെ ആധിപത്യം സ്ഥാപിക്ക**

*cont...14*

*രോഗി ആസന്ന മരണനായി. ഡോക്ടർ പറഞ്ഞു. ഇനി ഏതാനും മണിക്കൂറുകളേയുള്ളൂ. വേണ്ടപ്പെട്ടവരെ അറിയിച്ചോളൂ.*

*പാതിരാത്രിയിൽ അയാൾ മയക്കത്തിൽ നിന്ന് ഉണർന്നപ്പോൾ പൊരിച്ച മീനിന്റെ മണം. അയാൾ നിലത്തിറങ്ങി ഇഴഞ്ഞ് തീൻ മേശയ്ക്കരികിലെത്തി. മേശയിൽ നിന്നും മീൻ എടുത്തപ്പോൾ അടപ്പു താഴെ വീണു. ശബ്ദം കേട്ടു ഭാര്യ അടുത്തെത്തി. 'മനുഷ്യാ നാളെ അടക്കം കഴിഞ്ഞ് വിരുന്നുകാർക്കു കൊടുക്കാനുള്ളതാ, വയ്ക്കവിടെ'.*

# ഒരു മുഖം കാണിക്കൽ വരുത്തി വച്ച വിപ്ലവകരമായ മാറ്റം

**ഡോ. കെ. വി. വർഗീസ്**

ദാസൻ വർക്കി എന്ന പേര് ഇന്ന് തിരുവിതാംകൂറിലുള്ളവർക്ക് സുപരിചിതമല്ലായിരിക്കാം. എന്നാൽ നിവർത്തന പ്രസ്ഥാന കാലത്തും സ്റ്റേറ്റ് കോൺഗ്രസിന്റെ ആദ്യ നാളുകളിലും നിറഞ്ഞു നിന്ന ഒരു പത്ര പ്രവർത്തകനും, സമര സേനാനിയും, റിബലുമായിരുന്നു കേരളദാസന്റെ പത്രാധിപരായിരുന്ന എം. എം. വർക്കി. ജീവിതത്തിൽ പുരോഹിതനല്ലായിരുന്നുവെങ്കിലും തിരുവല്ലാ പുഷ്പഗിരി റിട്ടയാർഡ് ക്ലേർജിഹോമിലാണു താമസിച്ചിരുന്നത്. തൊള്ളായിരത്തി എഴുപതുകളിൽ ചില പ്പോഴൊക്കെ അദ്ദേഹത്തെ സന്ദർശിക്കുവാൻ ഞാൻ അവിടെ എത്തുമായിരുന്നു. സമുദായത്തിന് അദ്ദേഹം നല്കിയ സംഭാവനകളെ മാനിച്ചാണ് അവിടെ താമസിക്കുവാൻ സഭ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

തിരുവിതാംകൂറിന്റെ കഴിഞ്ഞ കാല ചരിത്രത്തിലെ പല രസകരമായ സംഭവങ്ങളും വർക്കി എന്നോട് പങ്കുവച്ചിട്ടുണ്ട്. അദ്ദേഹം വിവരിച്ച ഒരു സംഭവം ഇന്നും മനസ്സിൽ മായാതെ അവശേഷിക്കുന്നു. നാഷണൽ ബുക്ക് സ്റ്റാളിലൂടെ 1974 ൽ വിതരണത്തിനെത്തിയ തന്റെ ഒർമ്മകളിലൂടെ എന്ന ആത്മകഥയിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

### മെമ്മോറിയലുകളുടെ വസന്തകാലം

രാജഭരണം നിലനിന്ന തിരുവിതാംകൂറിൽ മഹാരാജവിനെ നേരിൽ കണ്ട് ഒരു നിവേദനം തൃക്കൈയിൽ സമർപ്പിക്കുവാൻ കഴിയുമായിരുന്നില്ല. പല നിവേദനങ്ങളും മെമ്മോറിയലുകളിലൂടെയാണ് രാജസന്നിധിയിൽ സമർപ്പിച്ചിരുന്നത്. മലയാളി മെമ്മോറിയൽ ഈഴവ മെമ്മോറിയൽ തുടങ്ങി നിരവധി മെമ്മോറിയലുകളെപ്പറ്റി കേട്ടിരിക്കുമല്ലോ.

1924 ൽ ശ്രീമൂലം തിരുനാൾ നാടുനീങ്ങിയതിനുശേഷം അധികാരത്തിൽ വന്നത് സേതുലക്ഷ്മി തമ്പുരാട്ടി ആയിരുന്നു. 1931 വരെ റീജന്റായി തമ്പുരാട്ടി തുടരുകയുണ്ടായി. തിരുവിതാംകൂറിന്റെ സുവർണ്ണകാലഘട്ടങ്ങളിൽ ഒന്നായിരുന്നു ഇത്. എങ്കിൽ പോലും പഴയതും കാലഹരണപ്പെട്ടതുമായ ചില മാമൂലുകൾ തുടരുകയുണ്ടായി. തരം കിട്ടുമ്പോൾ അവ പൊളിച്ചു മാറ്റുവാനും റീജന്റ് മഹാറാണി മടിച്ചില്ല.

പൊന്നു തമ്പുരാനെയോ പൊന്നുതമ്പുരാട്ടിയേയോ കാണുന്നതിന് മുഖം കാണിക്കൽ എന്നാണ് പറഞ്ഞു വന്നത്. ഇത് എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല താനും. അനുവാദം കിട്ടിയാൽ തന്നെ കടമ്പകൾ നിരവധി ആയിരുന്നു. പുലർച്ചയ്ക്കു കൊട്ടാരത്തിൽ എത്തണം. ഷർട്ടിടാതെ അർദ്ധനഗ്നനായിട്ടാണ് ചെല്ലേണ്ടത്. ഉടുമുണ്ടിനു മേലേ രണ്ടാം മുണ്ട് അരയിൽ കെട്ടിയിരിക്കണം. മാത്രമല്ല വായ് പൊത്തിപ്പിടിയ്ക്കുകയും വേണം. എങ്കിൽ പോലും മെമ്മോറിയൽ നേരിട്ടു കൊടുക്കാനാകുമായിരുന്നില്ല. നെടിയ തൂശനില തൃപ്പാദങ്ങളിൽ വച്ച് അതിലാണ് മെമ്മോറിയൽ വയ്ക്കേണ്ടത്. കൂടെ സ്വർണ്ണനാണയങ്ങളോടും പട്ടുവസ്ത്രങ്ങളോടും കൂടിയ തിരുമുൽകാഴ്ചകളും ഉണ്ടാകണം. ഒന്നോ രണ്ടോ വാക്കുകൾ തിരുമുഖത്തു നിന്നു മൊഴിഞ്ഞാൽ ഭാഗ്യം. പരിഗണിയ്ക്കാം, ദിവാനോടു പറയാം എന്നൊക്കെ മറുപടി ലഭിച്ചാൽ ഭാഗ്യം. പക്ഷെ അതെപ്പറ്റി ആക്ഷൻ ഉണ്ടാവുകയോ ഇല്ലാതിരിയ്ക്കുകയോ ആവാം.

> ### *പ്രസംഗകന്റെ പ്രയാസം*
>
> *പ്രസംഗകൻ: നിങ്ങൾ ഉറങ്ങുന്നതിൽ വിരോധമില്ല, എന്നാൽ കൂർക്കം വലിച്ച് ശല്യമുണ്ടാക്കരുത്.*
>
> *ഉറങ്ങുന്ന ശ്രോതാവിനെ തട്ടിയുണർത്തുവാൻ അടുത്തിരിക്കുന്ന ആളിനോട് പ്രസംഗകൻ പറഞ്ഞപ്പോൾ അയാളുടെ മറുപടി. "ഉറക്കിയ ആൾ തന്നെ ഉണർത്തിയാൽ മതി"*

### ചരിത്രം മാറ്റിക്കുറിച്ച ഒരു മുഖം കാണിക്കൽ

റീജന്റ് ലക്ഷ്മിഭായി തമ്പുരാട്ടിയുടെ ഭരണകാലം. ഏതാനും പത്ര പ്രവർത്തകരുമൊത്ത് ഒരു പരാതിയുമായി വർക്കി കിഴക്കേകോട്ടയിലുള്ള കൊട്ടാരത്തിലെത്തി. പൊന്നും പട്ടും, തൂശനിലയുമൊന്നുമില്ലാതെ ഷർട്ടുധരിച്ചുകൊണ്ടാണ് അവർ കൊട്ടാരത്തിലെത്തിയത്. മാത്രമല്ല അനുവാദം ലഭിത്തുന്നതിനു മുമ്പ് അവർ ഓഫീസ് മുറിയിലുണ്ടായിരുന്ന കസേരകളിൽ സ്ഥാനം പിടിക്കുകയും ചെയ്തു. അന്ന് കുളത്തുഅയ്യർ എന്ന വ്യക്തിയായിരുന്നു ഓഫീസിന്റെ ചുമതല നിർവ്വഹിച്ചുകൊണ്ടിരുന്നത്. റീജന്റ് മഹാറാണിയെ കാണാനാണ് തങ്ങൾ വന്നതെന്നു പറഞ്ഞപ്പോൾ അയ്യർ വെകളിപിടച്ച മട്ടിലായി. കാണാനൊ അതോ മുഖം കാണിക്കാനോ? ഇല കൊണ്ടു വരാത്തവർക്ക് രണ്ടു രൂപാ റേറ്റിൽ അയ്യർ ഇല നല്കുമായിരുന്നു. ഇലയുടെ ആവശ്യമില്ലെന്ന് വന്നവർ പറഞ്ഞപ്പോൾ അയ്യർ ക്ഷുഭിതനായി. വാദം മുറുകിയപ്പോൾ തങ്ങൾ മഹാറാണിയെ കണ്ടിട്ടേ മടങ്ങൂ എന്നായി ആഗതർ. വാദം മൂർച്ഛിച്ചപ്പോൾ ഒരു മണിനാദം മുഴങ്ങി. കുളത്തു അയ്യർ ഉള്ളിലേക്കു വലിഞ്ഞു.

ഏതാനും നിമിഷങ്ങൾക്കു ശേഷം അയ്യർ മടങ്ങിയെത്തി. ആഗതരെ സ്വീകരണമുറിയിലേക്ക് അയാൾ കൊണ്ടുപോയി. റീജന്റ് മഹാറാണി ഒരു ചെറിയ പുഞ്ചിരിയോടെ നില്ക്കുകയാണ്. തുടർന്ന് അരമണിക്കൂറോളം റാണി അവരോട് സംഭാഷണം നടത്തി. പത്രപ്രവർത്തകരായ തങ്ങളുടെ പ്രശ്നങ്ങൾ എന്തെന്നു ചോദിച്ചു മനസ്സിലാക്കുകയും ചെയ്തു. തികച്ചും അപ്രതീക്ഷിതമായ ഒരു സ്വീകരണമാണ് അവർക്കു ലഭിച്ചത്.

തിരിച്ച് കുളത്തുഅയ്യരുടെ ഓഫീസിലെത്തിയപ്പോൾ വെള്ളികോപ്പകളിൽ ഒന്നാന്തരം കാപ്പി. അത് മറക്കാനാവാത്ത ഒരു അനുഭ വമായിരുന്നു. തങ്ങളുടെ ആഗമനത്തോടെ ദുഷിച്ച ഒരു പാരമ്പര്യത്തിന് റാണി വിരാമമിട്ടു എന്നാണ് വർക്കി അവകാശപ്പെടുന്നത്.

# പ്രതിസന്ധികളിൽ പ്രതീക്ഷ



**ജോർജ്ജ് ബഹനാൻ**
**കൗൺസിലർ തെറാപ്പിസ്റ്റ്**

മഹാനായ അലക്സാണ്ടർ ഒരു ദിവസം ഒരു പ്രധാനപ്പെട്ട യുദ്ധം നയിക്കാനായി പോകുന്നതിന് മുമ്പ് തന്റെ സുഹൃത്തുക്കൾക്ക് ധാരാളം വിലപിടിപ്പുള്ള സമ്മാനങ്ങൾ നല്കി. താൻ ഏറ്റവും വിലപ്പെട്ടതെന്ന് കരുതിയതുപോലും മറ്റുള്ളവർക്ക് കൊടുത്തു. ഉടനെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പറഞ്ഞു"അലക്സാണ്ടർ അങ്ങ് സ്വന്തമായിട്ടുള്ളതെല്ലാം മറ്റുള്ളവർക്ക് കൊടുത്തു. ഇനി ഒന്നും ബാക്കിയില്ലല്ലോ" ശരിയാണ് പക്ഷെ എനിക്ക് ഒന്ന് ബാക്കിയുണ്ട്. 'പ്രതീക്ഷ' അതായിരുന്നു അലക്സാണ്ടറിന്റെ ഏറ്റവും വലിയ ശക്തിയും മഹത്വവും.

പ്രത്യാശയില്ലാത്ത ഒരു ജീവിത സാഹചര്യവും ലോകത്തിലില്ല. പക്ഷെ മനുഷ്യമനസ്സുകളിലാണ് പ്രത്യാശയില്ലാത്തത്. അതുകൊണ്ട് ഒരു സാഹചര്യത്തെയും കുറ്റം പറയരുത്.

എല്ലാ സാഹചര്യങ്ങളിലും അനന്തസാദ്ധ്യതകളുണ്ട്. പക്ഷെ പ്രത്യാശ ഉള്ളിലുള്ളവർക്കേ ഈ അനന്ത സാദ്ധ്യതകൾ കാണാൻ കഴിയൂ. ഈ സർവ്വലൗകികസത്യം അല്പം പോലും ഉൾക്കൊള്ളാത്തതാണ് നമ്മുടെ പ്രശ്നം. മറ്റുള്ളവരിൽ പ്രതീക്ഷയുണ്ടാക്കുന്നതാണ് ഒരാളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. അതാണ് ഒരാളുടെ ഏറ്റവും വലിയ സ്വത്ത്. പ്രതീക്ഷ നന്മകൾ ഉണ്ടാക്കും.

ജീവിതത്തിൽ പ്രതീക്ഷയുള്ളവർ സദാചാരോത്മഖകമായിരിക്കും. അവർ ചെയ്യുന്ന ഏതു ജോലിയും അവർക്ക് ഹരമാകും.

നാലുപതിറ്റാണ്ടു കൊണ്ട് 5500 കണ്ണുകൾ ശേഖരിച്ച് നൽകി ഇരുളടഞ്ഞ മിഴികൾക്ക് വെളിച്ചമേകിയ ശ്രീലങ്കൻ ഡോക്ടറെപ്പറ്റി കേട്ടുകാണും. രാജ്യാന്തര വേദിയിൽ പ്രശസ്തനായ ഡോ. ഹഗ്സൺ സിൽവിയയാണ് അത്. മരിച്ചുകഴിഞ്ഞാൽ കണ്ണുകൾ ദാനം ചെയ്യുന്നതു ശ്രീലങ്കക്കാർക്കിടയിൽ ഒരു ശീലമാക്കി മാറ്റാൻ ഹഗ്സണ് കഴിഞ്ഞു. 1964 മെയ് 25 ന് ആറു കണ്ണുകൾ ആദ്യമായി സിംഗപ്പൂരിലേക്ക് കയറ്റി അയച്ചു. അത് ഇന്റർനാഷണൽ ഐബാങ്കായി വളർന്നു.സ്വന്തം അമ്മയുടെ കണ്ണുകൾ ഏറ്റുവാങ്ങി ആരംഭിച്ച നേത്രദാനപ്രസ്ഥാനം ലോകം മുഴുവൻ വളർന്ന് പന്തലിച്ചു. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് കൊളംബോയിലുള്ളത്. ഒരു മിനിട്ടുപോലും വിശ്രമിക്കാൻ ഹഗ്സണ് സാധിക്കില്ല. കാരണം 62 രാജ്യങ്ങളിൽ 17 നഗരങ്ങളിലാണ് ഹഗ്സന്റെ പ്രവർത്തനമേഖല. ഈ പ്രസ്ഥാനത്തിന് വേണ്ടി ഹഗ്സൺ ധാരാളം കഷ്ടപ്പെട്ടു. പട്ടിണി കിടന്നു. രാജ്യാന്തര അവാർഡുകളും, അഞ്ച് ഡോക്ടറേറ്റും ഹഗ്സണ് ലഭിച്ചിട്ടുണ്ട്. പ്രതീക്ഷ നിറഞ്ഞു കവിയുന്ന ഹഗ്സണെയാണ് നാം ഇവിടെ കാണുന്നത്. പ്രതീക്ഷയുണ്ടെങ്കിൽ പിന്നെ അത് ലോകത്തിന്റെ നന്മയിലേക്കക്കുള്ള തീർത്ഥയാത്രയാകും. ഓർക്കുക ഈ ഹഗ്സൺ ഒരു ക്യാൻസർ രോഗി കൂടിയാണ്. നീണ്ട കഷ്ടപ്പാടും, അലച്ചിലുമാകാം ഇതിന് കാരണം. പക്ഷെ ലക്ഷക്കണക്കിന് ആൾക്കാർക്ക് പ്രതീക്ഷ നൽകിക്കൊണ്ട് ഒരു ഇതിഹാസമാകുന്നു. ഡോ. ഹഗ്സൺന്റെ വാക്കുകൾ തന്നെ വായിക്കുക. ഞാനെന്തെങ്കിലും ചെയ്തുവെന്ന് അവകാശപ്പെടുന്നില്ല. പക്ഷെ ഇരിക്കാൻ നേരമില്ല. കൃഷ്ണമണിയുടെ സ്ഥാനത്ത് പോളകൾ അടഞ്ഞ്, കുഴികൾ മാത്രമുള്ള ലക്ഷക്കണക്കിന് മുഖങ്ങളാണ് മുന്നിലുള്ളത്. അതിൽ ഒരാൾക്ക് കാഴ്ച കൊടുക്കാൻ സാധിച്ചാൽ മതി. എന്റെ രോഗം അതിന്റെ വഴിക്ക് പോകട്ടെ. അതിന് എന്നെ തോല്പിക്കാനാവില്ല. കാരണം ഞാൻ വിശ്രമിക്കുന്നില്ല. ഇതാണ് പ്രതീക്ഷയുടെ വാക്കുകൾ.

പ്രതീക്ഷയില്ലാത്ത വ്യക്തികളും കുടുംബങ്ങളും ഇഞ്ചിഞ്ചായി മരിക്കും. കാരണം ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷയാണ് വർത്തമാനകാലത്ത് അർത്ഥവത്തായി ജീവിക്കാൻ ശക്തിയും ആവേശവും നൽകുന്നത്. അപ്പോൾ പ്രതീക്ഷയില്ലാത്തവർ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചുകൊണ്ടിരിക്കുന്ന വരാണ്.

പ്രതീക്ഷ സാധാരണക്കാരെ അസാധാരണക്കാരാക്കും അതാണ് സുലേഖയുടെ കഥ. മൂലമറ്റം ബസ് സ്റ്റാന്റിലെ തട്ടുകടയിൽ നിന്നും സുലേഖ അബ്ദുൾകരിം ലക്ഷാധിപതിയായി വളരുന്നത് പ്രതീക്ഷകൊണ്ടാണ്. മൂന്ന് മക്കളടങ്ങിയ കുടുംബത്തെ പോറ്റാൻ സുലേഖ ജീവിക്കാൻ തന്നെ തീരുമാനിച്ചു. വീട്ടിലെ എട്ടുമക്കളിൽ മൂത്തവൾ സാമ്പത്തിക ബുദ്ധിമുട്ടുമൂലം അഞ്ചാം ക്ലാസ്സിൽ പഠനം മതിയാക്കി. പിന്നെ വീട്ടുജോലി, പതിനാറാം വയസ്സിൽ കല്യാണം, പിന്നെ മൂന്ന് മക്കളുടെ അമ്മ. പുലർച്ചെ അഞ്ചുമണിയ്ക്ക് ഇടിയപ്പം പല ഹോട്ടലുകളിലും എത്തിക്കണം. അവസാനം വികാസ് ക്രെഡിറ്റ് സൊസൈറ്റി സുലേഖയുടെ അദ്ധ്വാനം കണ്ട് അയ്യായിരം രൂപ കടം കൊടുത്തു. ഒരുന്തുവണ്ടി വാങ്ങി അതിൽ വിഭവസമൃദ്ധമായ തട്ടുകട തുടങ്ങി. വരുമാനം കൂടി. മക്കളെയെല്ലാം വിദ്യ അഭ്യസിപ്പിച്ചു. പക്ഷെ തട്ടുകടിയിലേക്ക് ഒരു അവാർഡ് വന്നു ചേർന്നു. മികച്ച സംരംഭകയ്ക്കുള്ള രാഷ്ട്രത്തിന്റെ അവാർഡ്. അഞ്ചാംക്ലാസ്സ് മാത്രം വിദ്യാഭ്യാസമുള്ള സുലേഖയുടെ ബിരുദം പ്രതീക്ഷയായിരുന്നു!. പക്ഷെ സുലേഖയ്ക്ക് വിശ്രമമില്ല. മൂലമറ്റത്ത് ഒരു ഹോട്ടൽ തുടങ്ങണം. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ക്ലാസ്സുകൾ എടുക്കുന്ന ധൃതിയിലാണവർ. സുലേഖയുടെ മുൻപിൽ പ്രതിസന്ധികൾ മാത്രമേയുള്ളായിരുന്നു. പക്ഷെ ഇന്നവരുടെ തട്ടുകടയിൽ എന്തു വാങ്ങിച്ചാലും അതോടൊപ്പം സൗജന്യമായി കൊടുക്കുന്ന ഒരു സാധനമുണ്ട് പ്രതീക്ഷ!

ചാൾസ് അലൻ എന്ന സുപ്രസിദ്ധ ക്രിസ്തീയ എഴുത്തുകാരൻ തന്റെ Life more abundant എന്നഗ്രന്ഥത്തിൽ ഒരു ഹാരിയുടെ അനുഭവം പറയുന്നുണ്ട്. ഏഴു വയസ്സുള്ളപ്പോൾ ഹാരിയ്ക്ക് റുമാറ്റിക് ഫീവർ പിടിപെട്ടു. അതോടൊപ്പം കഠിനമായ ആർത്രൈറ്റിസും. ഹാരിയുടെ മാതാപിതാക്കൾ അവനെ വീൽചെയറിലിരുത്തി. പുറത്തുപോകും. ഒരു ദിവസം ഹാരി വീൽ ചെയറിൽ നിന്നും വീണു. വീട്ടിൽ മാതാപിതാക്കളില്ലായിരുന്നു. സ്വയം എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ആ കിടപ്പിൽ ഹാരി കിടന്നു അവന്റെ പ്രാർത്ഥന ദൈവം കേട്ടു. പോസ്റ്റ്മാൻ പുറത്തു വന്നത് ഹാരി അറിഞ്ഞു. ഹാരി പോസ്റ്റ്മാനെ ഉറക്കെ വിളിച്ചു. പോസ്റ്റ്മാൻ ഹാരിയെ പൊക്കിയെടുത്ത് വീൽ ചെയറിൽ ഇരുത്തി തോളിൽ തട്ടി പറഞ്ഞു. ഹാരി, ദൈവത്തിന് എല്ലാം സാദ്ധ്യം (മർക്കോ 10:27) ഹാരിയുടെ ഹൃദയത്തിൽ പോസ്റ്റുമാന്റെ വാക്കുകൾ പ്രത്യാശയുടെ തീക്കനലുകളായി. അത് ഹാരിയിൽ പ്രത്യാശയുടെ തീജ്വാലകളായി.

ക്രിസ്മസ്സ് കാർഡുകൾ പെയിന്റ് ചെയ്യാൻ സുഹൃത്തുക്കൾ ഹാരിയെ പ്രോത്സാഹിപ്പിച്ചു. ഹാരി അതേറ്റെടുത്തു. ഒരു വർഷം ഹാരി എണ്ണൂറ് കാർഡുകൾ പെയിന്റ് ചെയ്തു. ഹാരി തന്റെ ചെറിയ വീട് പണയം വച്ച് 2800 ഡോളർ സംഘടി

## MEMOIRE

പ്പിച്ചു. 1000 ഡോളർ കടം വാങ്ങിച്ച് വിപുലമായ രീതിയിൽ കാർഡുകൾ പെയിന്റ് ചെയ്തു. അമ്മ ഹാരിയോട് ചോദിച്ചു. നീ ഈ കാർഡുകൾ വിറ്റില്ലെങ്കിൽ എന്തു ചെയ്യും. ഹാരി പറഞ്ഞു അമ്മേ ദൈവത്തിന് എല്ലാം സാദ്ധ്യം! ആ വർഷം ഹാരി കാർഡുകൾ പെയിന്റ് ചെയ്ത് ഒരു മില്യൻ ഡോളർ ഉണ്ടാക്കി. കടം എല്ലാം വീട്ടി വീട് തിരിച്ചെടുത്തു. ചാൾസ് അലൻ പറയുന്നു Henry went to the star in a wheelchair. ഹാരിയെന്ന സാധാരണക്കാരൻ വിശ്വാസം നൽകിയ പ്രതീക്ഷ അഥവാ പ്രത്യാശയിലൂടെ അത്ഭുതങ്ങൾ സൃഷ്ടിച്ചു.

**ദൈവവിശ്വാസം നൽകുന്ന പ്രതീക്ഷയാണ് ഒരു മനുഷ്യന് അന്തിമമായും വിജയം നൽകുന്നത്. ആ പ്രതീക്ഷ ഒരിക്കലും വറ്റിപോവുകയില്ല. അതിന് വിശ്വാസത്തിന്റെ വിഭവശേഷിയുണ്ട്.**

നമ്മുടെ ജീവിതത്തിലും സ്ഥാപനങ്ങളിലും ധാരാളം സാദ്ധ്യതകൾ നമുക്കുണ്ട്. അതൊന്നും നമുക്ക് ഉപയോഗിക്കാൻ പറ്റുന്നില്ല. പലരും പല വർഷങ്ങൾ അധികാരത്തിലിരിക്കുന്നു പക്ഷെ ഒന്നും ചെയ്യുന്നില്ല. കാരണം പ്രതീക്ഷയില്ല.

മരണാസന്നരായി കിടക്കുന്നവർക്കും ആവശ്യമുള്ളത് പ്രതീക്ഷയാണ്. പ്രതീക്ഷയുള്ളവരും മരിക്കും, വിജയശ്രീലാളിതരായി!

●

# നാം പ്രകാശിക്കണം

**പ്പെടേണം, എന്റെ ഇഷ്ടം നടക്കണം എന്നും നാം ആഗ്രഹിക്കുന്നു. പേരും പെരുമയും എനിക്കു വേണം. അധികാ രവും ശക്തിയും എല്ലാം എന്റേതായിരിക്കണം. എന്റെ ഇഷ്ടം പോലെ എല്ലാ കാര്യങ്ങളും നടക്കണം.**

ഈ രാജ്യത്ത് യേശുവിന്റെ സുവിശേഷം ഘോഷിക്കുന്നതിനും, ഇന്ത്യയെ കർത്താവിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനും ഉള്ള വലിയ ചുമതല ഇന്ന് സഭയെ കർത്താവ് വിശ്വസിച്ച് ഏൽപ്പിച്ചിരിക്കുന്നു. ഉത്തര കേരള മഹായിടവക ഈ ചുമതല എങ്ങനെയാണ് നിർവ്വഹിക്കുന്നത്. സ്വിസ്റ്റ്ലർലണ്ടിൽ നിന്നും ഇംഗ്ലണ്ടിൽ നിന്നും അവിടെയുള്ള സഭകളുടെ പ്രതിനിധികളായി മിഷണറിമാർ ഇവിടെവന്നു കഷ്ടപ്പെട്ടു യേശുവിന്റെ സത്യസുവിശേഷം നമ്മെ ഏൽപ്പിച്ചു. നാം അതു പ്രാപിച്ചിട്ട് നിന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് അലസരായി കഴിയുന്നുവോ? മഹായിടവകയ്ക്കു പുറത്ത് നശിച്ചു പോകുന്ന ജനക്കൂട്ടത്തി നിടയിൽ ഒരു സുവിശേഷ വയൽ നാം ആരംഭിക്കേണ്ടത് അടിയന്തിരമായ ഒരു കാര്യമല്ലയോ? നമ്മുടെ കൗൺസിലുകൾ തുടക്കത്തിൽ അതിനെ ക്കുറിച്ച് ആലോചിക്കേണ്ടയോ? ഒരുപക്ഷെ, ദക്ഷിണേന്ത്യാ സഭയിലെ ഇതര മഹായിടവകകളോട് യോജിച്ചു ഈ ചുമതല നിർവ്വഹിക്കുവാൻ കഴിയുമായിരിക്കും. അങ്ങനെ നമുക്ക് കർത്താവിന്റെ മഹത്വവും കർത്താവിന്റെ രാജ്യവും സർവ്വപ്രധാനമായി അന്വേഷിക്കാം.

നമ്മുടെ എല്ലാവരുടെയും ശത്രുവായ സാത്താൻ നമ്മുടെ മേൽ ജയം കൊള്ളുമല്ലോ. അതുകൊണ്ട് നാം പരസ്പരം വഹിക്കുകയും താങ്ങുകയും ചെയ്യണം. ഈ മഹായിടവകയുമായി എനിക്കൊരു പരിചയവുമില്ല. എന്നിൽ കുറവുകൾ വരാം. അപ്പോൾ നിങ്ങൾ ദീർഘക്ഷമയോടു കൂടെ അവയെ വീക്ഷിക്കുകയും എന്നെ താങ്ങുകയും ചെയ്യണമേ! അങ്ങനെ നമുക്ക് ഒരു കൂട്ടായ്മയിൽ മുന്നോട്ടു പോകാം.

സൈന്യത്താലുമല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു. സെരുബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും. അതിനു കൃപ കൃപ എന്ന ആർപ്പോടെ അവൻ ആണിക്കല്ലു കയറ്റും. അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കും?

●

### ത്യാഗപൂർണമായ...

കമായ പ്രാർത്ഥനകൾക്കു മുമ്പായി 'തിരുമേനി ഒന്നു പ്രാർത്ഥിക്കുന്നുണ്ടോ' എന്ന് ഞാൻ ചോദിച്ചു. പെട്ടെന്നുള്ള മറുപടി. 'പ്രാർത്ഥിക്കാം, കൊച്ച് എന്തിയെ?' ഞാൻ കൊച്ചമ്മയെ ചൂണ്ടിക്കാണിച്ചപ്പോൾ സവിശേഷമായ കൈകൊണ്ടുള്ള ആംഗ്യംകൊണ്ട് 'കരയരുത്' എന്ന് തിരുമേനി നിർദ്ദേശിച്ചു. തുടർന്ന് അസ്തപ്രജ്ഞ നെന്ന് കരുതിയിരുന്ന തിരുമേനി തന്റെ ചൈതന്യം മുഴുവൻ വീണ്ടെടുത്തുകൊണ്ട് ഇടറാതെ പെറുക്കിവച്ച വാക്കുകളിൽ പ്രാർത്ഥിച്ച ആ പ്രാർത്ഥന ബോധമുള്ള ആർക്കും പ്രാർത്ഥിക്കാവുന്നതിനേക്കാൾ അർത്ഥഗർഭവും വിശ്വാസനിർഭരവുമായിരുന്നു; കേട്ടിരുന്ന സകലരെയും കണ്ണീരിൽ കുളിപ്പിക്കുന്നതുമായിരുന്നു. അന്ത്യചുംബനത്തിനുവേണ്ടി കുനിഞ്ഞ വേളയിൽ മാത്രം ഒരു തേങ്ങൽ കേൾക്കാമായിരുന്നു തുടർന്നുള്ള വീട്ടുപ്രാർത്ഥനകളിൽ ബെഞ്ചിയുടെ ഭാര്യ സൂസനെയും സുബനെയും മിറിയമിനെയും ഓർക്കാൻ അദ്ദേഹം മറന്നില്ല. പിന്നീട് അദ്ദേഹം ആരോഗ്യം വീണ്ടെടുക്കുകയും കോട്ടയത്ത് തിരിച്ചുവന്ന് തന്റെ ചെറിയ ലോകത്തിൽ സംതൃപ്തനായി ജീവിക്കുകയും ചെയ്തു.

**യുവജനങ്ങളോടുള്ള കരുതൽ**

അദ്ദേഹത്തിന്റെ വളർച്ചയുടെ കാലഘട്ടങ്ങളിൽ മിഷനറിമാരുടെ ധാരാളമായ പ്രോത്സാഹനവും കരുതലും അനുഭവിച്ചിരുന്നു. അതേ വികാരവായ്പിലും സ്നേഹത്തിലും കരുതലിലുമാണ് അദ്ദേഹം താനുമായി ബന്ധപ്പെട്ട എല്ലാ യുവജനങ്ങളോടും ഇടപെട്ടത്. ഡിസ്ട്രിക്ട്, മഹായിടവക യൂത്ത്കോൺഫ്രൻസുകളിൽ തിരുമേനി മുഴുവൻസമയവും പങ്കെടുത്തിരുന്നു. നേതൃത്വപദം ഒരിക്കലും അലങ്കരിച്ചിരുന്നില്ല; ഒരു സാധാരണ പങ്കാളി മാത്രം. യുവജനങ്ങളുടെ വികാര വിക്ഷോഭങ്ങളെയും അദ്ദേഹം ക്ഷമയോടെ നോക്കി കണ്ടിരുന്നു; അതിലെ നന്മയെ അദ്ദേഹം അനുമോദിക്കുകയും ചെയ്തിരുന്നു. ഒരു യുവജന കോൺഫ്രൻസിൽ മഹായിടവക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനും നിയമനത്തിനും പണംവാങ്ങുന്നു എന്ന ആരോപണം ഉന്നയിക്കപ്പെട്ടു. ചൂടുപിടിച്ച ചർച്ചകൾ ശ്രദ്ധിച്ചുകൊണ്ട് തിരുമേനി പുറകിൽ ഉണ്ട്. നേതൃത്വം നൽകുന്ന അച്ചന്മാർ ഇതിനെ ന്യായീകരിക്കാൻ തത്രപ്പെടുന്ന ഒരു ഘട്ടത്തിൽ തിരുമേനി മുമ്പോട്ടുവന്നു; താൻ ഇപ്രകാരം പറഞ്ഞു. 'നമ്മുടെ സ്ഥാപനങ്ങളിൽ പണം വാങ്ങുന്നുണ്ടെങ്കിൽ അത് ഒട്ടും ശരിയല്ല, നടപടി എടുക്കുകതന്നെ വേണം.' വലിയ കയ്യടിയോടെ ആ ചർച്ച അവിടെ അവസാനിച്ചു.

സഭയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് അദ്ദേഹം ദുഃഖിതനായി രുന്നു എങ്കിലും ഒരിക്കലും അത് പരാതിയുടെ രൂപത്തിൽ അവതരിപ്പിച്ചി ട്ടില്ല; അവയെല്ലാം സഭയ്ക്കും തന്റെ മഹായിടവകയായിരുന്ന ഉത്തര കേരള മഹായിടവകയ്ക്കും വേണ്ടിയുള്ള പ്രാർത്ഥനയിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിരുന്നു. മരിക്കുന്നതിന് മുമ്പുള്ള രാത്രി മുഴുവൻ സഭയ്ക്കും മഹായിടവകയ്ക്കും വേണ്ടിയാണ് ഉറക്കെ പ്രാർത്ഥിച്ചിരുന്നത്. ആ പ്രാർത്ഥന ശബ്ദത്തിലും അല്ലാതെയും വ്യക്തതയോടും അവ്യക്തതയോടും ആവർത്തിക്കപ്പെട്ടു. ഇതിനെല്ലാം സാക്ഷ്യം വഹിക്കാൻ കൊച്ചമ്മയും കഴിഞ്ഞു. കൊച്ചിനെ വീട്ടിൽപോകുന്നതിൽനിന്നും അദ്ദേഹം വിലക്കി. മരണസമയത്ത് കൊച്ചമ്മ അടുക്കൽ ഉണ്ടാകണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. അത് നിറവേറ്റപ്പെട്ടു. ജീവിതം പോലെതന്നെ തന്റെ മരണവും ഒരു സാക്ഷ്യത്തിനുള്ള അവസരമായി ഉപയോഗിച്ചുകൊണ്ട് അദ്ദേഹം കാലയവനികക്കുള്ളിൽ മറഞ്ഞു. തന്റെ പിതാക്കന്മാരോടും സഹോദരങ്ങളോടും ചേർന്നു. ത്യാഗനിർഭരമായ ക്രൈസ്തവ സേവന ത്തിന്റെയും സാക്ഷ്യത്തിന്റെയും ഒരു ചരിത്രം ഇവിടെ അവസാനിക്കുന്നു. ഈ ചരിത്രത്തിന്റെ പിന്തുടർച്ചയിൽ ജീവിക്കുവാനുള്ള ആഹ്വാനത്തിന് നാം കാതോർക്കുമോ?

●

# മലകളെ മാറ്റാം

തികഞ്ഞ ഈശ്വരവിശ്വാസിയായ തോമസ്, പതിനാറു വർഷങ്ങൾക്കു മുമ്പ് കാൻസർ രോഗത്തിന് ഏതാനും റേഡിയേഷനുകൾ കഴിഞ്ഞ് കോട്ടയത്തെ ഒരു വിദഗ്ദ്ധ ഡോക്ടറുടെയടുത്ത് പുനരവലോകന പരിശോധനയ്ക്കായിച്ചെന്നു. ദിനരാത്രങ്ങളിൽ നിരന്തരം പ്രാർത്ഥിച്ച് പരിപൂർണ്ണ സുഖം പ്രാപിക്കുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന ആ മനുഷ്യനോട് രോഗം നിയന്ത്രണാതീതമായിരിക്കുന്നു അതിനാൽ തിരുവനന്തപുരത്തിന് ഉടൻ പോകണമെന്ന് ഡോക്ടർ പറഞ്ഞു. വിദഗ്ദ്ധ ഡോക്ടറുടെ അന്തിമവിധിയിൽ പതറാതെ അയാൾ വിശ്വസിച്ചിരുന്ന രോഗവിമുക്തിയിൽ പൂർണ്ണമായി ഉറച്ചു നിന്നുകൊണ്ട് ആശുപത്രിയുടെ പടികളിറങ്ങിയപ്പോൾ, ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയുണ്ടെന്ന ശക്തമായൊരു ശബ്ദം അയാളുടെ കാതുകളിൽ ആവർത്തിച്ചു മുഴങ്ങി. അയാൾ ഒരു അജ്ഞാത ശക്തിയാൽ നിയന്ത്രിതനായി ഒരു ധ്യാനസ്ഥലത്ത് ചെന്നുകയറി. അവിടെയിരുന്ന് ആരാധനയിൽ പങ്കെടുത്തപ്പോൾ അയാളുടെ തൊണ്ടയിൽ കാൻസറിന്റെ ഭാഗത്ത് അവാച്യമായൊരു തണുപ്പനുഭവപ്പെട്ടു. അയാൾ സുഖപ്പെട്ടതായി ഒരാഴ്ച കഴിഞ്ഞ് ഡോക്ടർമാർ പ്രഖ്യാപിക്കുകയും സകല പരിശോധനകളിലും കാൻസർ പൂർണ്ണമായും അപ്രത്യക്ഷമായതായി തെളിയുകയും ചെയ്തു.

വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ഇത്തരം രോഗശാന്തികളെ അവജ്ഞയോടുകൂടെയും സംശയത്തോടുകൂടെയും നശീകരണലക്ഷ്യത്തോടെയും വിമർശന മനോഭാവത്തോടെയും സമൂഹം വീക്ഷിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കർത്താവിന്റെ രോഗശാന്തിശുശ്രൂഷകളെപ്പോലും ആകസ്മികവും മായാജാല സദൃശ്യവുമെന്നൊക്കെ ലാഘവബുദ്ധിയോടെ പുച്ഛിച്ചു തള്ളുന്നവരുണ്ട് സത്യത്തിൽ ഇവ യാഥാർത്ഥ്യങ്ങളാണെന്ന് മന:ശാസ്ത്രത്തിന്റെ ആഴങ്ങളിലേക്കും ആധുനികശാസ്ത്രത്തിന്റെ പുത്തൻ കണ്ടെത്തലുകളിലേക്കും ശ്രദ്ധിക്കുന്നവർക്ക് മനസ്സിലാകും. ദൈവശാസ്ത്രത്തിന്റെയോ തത്വശാസ്ത്രത്തിന്റെയോ വിശദാംശങ്ങളിലേക്ക് കടന്നൊരു വിവാദം സൃഷ്ടിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. പ്രത്യുത അടുത്ത കാലത്ത് വിശ്വാസം മൂലമുണ്ടാകുന്ന രോഗശാന്തികളെപ്പറ്റി പഠിച്ച ശാസ്ത്രജ്ഞർ അവിശ്വാസികളായ വ്യക്തികളിൽ Interleukin -6 എന്നൊരു ഘടകം കൂടുതലായി കണ്ടെത്തി. ഇതിന്റെ സാന്നിദ്ധ്യം പ്രതിരോധശക്തി കുറയ്ക്കുന്നു. ഇങ്ങനെയുള്ളവർ രോഗത്തിന് പെട്ടെന്ന് അടിമപ്പെടുന്നതായും രോഗം വന്നാൽ അതു പെട്ടെന്ന് വർദ്ധിച്ചു വരുന്നതായും കണ്ടെത്തി. ആഴമായ വിശ്വാസവും, കൂദാശ സ്വീകരണവും അനുദിന ദിവ്യബലിയിലുള്ള പങ്കെടുക്കലും നടത്തുന്ന വ്യക്തികളിൽ ഈ ഘടകം താരതമ്യേന കുറവോ അപ്രത്യക്ഷമോ ആയിരുന്നുവെന്ന് ആണ് കണ്ടെത്തൽ.

ഒരു കൂട്ടം മന:ശാസ്ത്രജ്ഞർ മനസ്സിന്റെ അനന്തസാദ്ധ്യതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പല പുസ്തകങ്ങളും ലേഖനങ്ങളും ഇറങ്ങിയിട്ടുണ്ട്. നിങ്ങൾ ധനവാനാകണമോ? നിങ്ങൾക്കു മന്ത്രിയാകണമോ? വിദേശ യാത്ര നടത്തണമോ? എന്നൊക്കെയുള്ള തലക്കെട്ടോടു കൂടിയുള്ള ഗ്രന്ഥങ്ങളിൽ മന:ശാസ്ത്രതത്വങ്ങൾ ഉപയോഗിച്ച് ആഗ്രഹിക്കുന്നത് എങ്ങനെ നേടാമെന്ന് കുറുക്കുവഴികളിലൂടെയും മനോവ്യായാമങ്ങളിലൂടെയും പ്രബോധനം നൽകുന്ന രീതി ധാരാളമായി പ്രചാരത്തിലുണ്ട്. ഇതിൽ ചിലപ്പോഴൊക്കെ അതിശയോക്തിയും കച്ചവടക്കണ്ണൊക്കെയുണ്ടെങ്കിലും മനസ്സിന്റെ ഈ ശക്തി ഒരു യാഥാർത്ഥ്യമാണ്. വിശ്വസിക്കുകയും അതിനെ മനസ്സിൽ താലോലിക്കുകയും നിരന്തരം ഫലത്തെ സ്വപ്നം കാണുകയും നെഗറ്റീവ് ചിന്തകൾക്ക് ഇടം കൊടുക്കാതെയുമിരുന്നാൽ നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നടത്താനാകും. **കർത്താവിന്റെ അത്ഭുതങ്ങളുടെ അടിസ്ഥാനഘടകമായി അവിടുന്നാവശ്യപ്പെട്ടത് ആഴമായ വിശ്വാസമായിരുന്നു.** ആഴമായ വിശ്വാസത്തിന്റെ അടിത്തറയിൽ ദൈവദാനങ്ങൾ ഒഴുക്കുവാനുള്ള ഒരു മന:ശാസ്ത്രസംവിധാനമാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്നെനിക്ക് പലപ്പോഴും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സുദൃഢമായി വിശ്വസിക്കുന്ന മനസ്സുകൾക്ക് അക്കാര്യം സാധിച്ചു കിട്ടുന്നു. വിശ്വാസിയുടെ ഭാഷയിൽ വിശ്വസിച്ച് മഹത്വം ദർശിക്കുന്നു.



**ഡോ. പി. എം. ചാക്കോ**
ക്രിസ്തുരാജ് ഹോസ്പിറ്റൽ,വാഴൂർ

മുൻ രാഷ്ട്രപതി ഡോ. അബ്ദുൾ കലാം സ്വപ്നം കാണുവാൻ നമ്മോടാഹ്വാനം ചെയ്യുന്നതിന്റെ പിന്നിലും ഈ തത്വമുണ്ട്. സ്വപ്നമെന്നാൽ ദിവാസ്വപ്നമല്ല. നാമാഗ്രഹിക്കുന്ന ഭാവിയെ നേടിയതായി ഒരു യാഥാർത്ഥ്യത്തിലെന്നതുപോലെ മനസ്സിൽ ധ്യാനിച്ച് നിരന്തരം താലോലിച്ചുകൊണ്ട് നടന്നാൽ തീർച്ചയായും നിരന്തരമായി പരിശ്രമിക്കുവാനത് പ്രചോദനമരുളുകയും പരിശ്രമത്തിന്റെ ചുവടുപിടിച്ച് ഉപബോധമനസ്സ് അത് പ്രാവർത്തികമാക്കിത്തരുകയും ചെയ്യുമെ

## ദീപികയുടെ മെയ്ദിനം

ആദ്യത്തെ കമ്യൂണിസ്റ്റ് ഗവൺമെന്റ് (1957) അധികാരത്തിൽ വന്ന ശേഷമാണ് മെയ്ദിനം കേരളത്തിൽ നിർബന്ധിത അവധിദിവസമാക്കിയത്. അരനൂറ്റാണ്ട് മുമ്പ് ഇത് ദീപിക ദിനപത്രത്തിന് വളരെ മനോവിഷമമുണ്ടാക്കി. കമ്യൂണിസ്റ്റ് തൊഴിലാളി ദിനത്തിന്റെ പേരു പറഞ്ഞ് അവധി കൊടുക്കുന്നതെങ്ങനെ?

അവസാനം ദീപികയിൽ വന്ന ആ അവധി അറിയിപ്പ് ഇങ്ങനെയായിരുന്നു.

തൊഴിലാലി മദ്ധ്യസ്ഥനായ വിശുദ്ധ ഔസേപ്പ് പിതാവിന്റെ തിരുനാൾ പ്രമാണിച്ച് മെയ് 1 ഓഫീസ് ഒഴിവാകയാൽ നാളെ ദീപിക പ്രസിദ്ധപ്പെടുത്തുന്നതല്ല

തോമസ് ജേക്കബ്
മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ

ന്നാണ് ഈ കാഴ്ചപ്പാടുള്ളവർ പറയുന്നത്.

മനുഷ്യന്റെ രോഗപ്രതിരോധസംവിധാനം ഉപബോധമനസ്സിന്റെ നിയന്ത്രണത്തിലാണ്. എന്തിനേറെ ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം സദാ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത് ബോധമനസ്സല്ല ഉപബോധമനസ്സാണ് എന്നു നമുക്കറിയാം. രോഗകോശങ്ങളെ നശിപ്പിക്കുന്ന റ്റി സെൽസിനെ (T.Cells)പ്പറ്റി നടത്തിയപഠനത്തിൽ ധ്യാനത്തിന്റെ അഗാധതയിൽ മനസ്സ് ശക്തമായ നിർദേശങ്ങൾ നൽകുമ്പോൾ ധാരാളം റ്റി. സെൽസ് ഉല്പാദിപ്പിക്കപ്പെട്ട് കാൻസർ കോശങ്ങളെ നശിപ്പിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ധ്യാനാവസ്ഥയിലുള്ള ഈ പ്രതിഭാസത്തിന് രോഗശാന്തി നേടിയെടുക്കാനുള്ള അടിസ്ഥാന വിശ്വാസവും ഇത് യാഥാർത്ഥ്യമാകുമെന്നുള്ള ഉറപ്പും വേണം. ഈ പശ്ചാത്തലത്തിന്റെ പാരമ്യത്തിൽ നമ്മുടെ മനസ്സ് റ്റി. സെൽസിനെ സൃഷ്ടിച്ച് രോഗശാന്തി തരുമെന്ന് ശരീരമനശാസ്ത്രജ്ഞർ സമ്മതിക്കുന്നു. പ്രഗത്ഭരായ കായികതാരങ്ങളും വളരെ ദിനങ്ങൾക്കു മുമ്പുതന്നെ തങ്ങളുടെ മനസ്സിന്റെ വെള്ളിത്തിരയിൽ നിരന്തരമായി മണിക്കൂറുകളോളം വിജയത്തെ യാഥാർത്ഥ്യം പോലെ സ്വപ്നം കാണുമായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസത്തോടെ ചോദിക്കുന്നത് ലഭിക്കുമെന്നു കർത്താവ് പറഞ്ഞതിന് ആഴമായ മന:ശാസ്ത്രപിൻബലമുണ്ടെന്ന സത്യം പലർക്കുമറിയില്ല. പൊട്ടയായ സിദ്ധാന്തങ്ങളല്ല വിശ്വാസഫലങ്ങൾ. പ്രത്യുതശാസ്ത്രത്തെയും മനസ്സിനെയും കൂട്ടിയിണക്കി ശക്തനായവൻ അതിവിദഗ്ദ്ധമായി അനാദിമുതലേ സംവിധാനം ചെയ്ത പ്രക്രിയകളാണവ. പക്ഷെ ഒന്നും മനസ്സിലാക്കുവാൻ സാധിക്കാത്തതിനാൽ അവ നിലനിൽക്കുന്നില്ലെന്ന് ചിന്തിക്കുന്നത് നിർഭാഗ്യ അവസ്ഥയാണ്. നാം കൂടുതൽ മനസ്സിലാകുമ്പോൾ ദൈവത്തിന്റെ മനുഷ്യമനസ്സിലൂടെയുള്ള പ്രവർത്തനങ്ങളുടെ ഘടനയും കൂടുതൽ പ്രകടമാകുന്നു.

വിസ്താരഭയത്താൽ മന:ശക്തിയുപയോഗിച്ചുള്ള ലക്ഷ്യപ്രാപ്തിയിലേക്ക് ആഴത്തിൽ കടക്കുന്നില്ലെങ്കിലും ചുരുക്കം ചില കാര്യങ്ങൾ പ്രതിപാദിക്കാം. എല്ലാത്തിനും ധ്യാനവും മനസ്സിന്റെ കേന്ദ്രീകരണവും ആവശ്യമുണ്ട്. യോഗകളിലൂടെയോ ധ്യാനം വഴിയോ, റിലാക്സേഷൻ പദ്ധതികളിലൂടെയോ ശ്വസന ക്രിയകളിലൂടെയോ നാം ധ്യാനാവസ്ഥയിലെത്തണം. ആൽഫാ മെഡിറ്റേഷൻ ലെവലെന്ന അഗാധ ധ്യാനാവസ്ഥയിലെത്തിയാൽ ഫലപ്രാപ്തി കൂടുതൽ പ്രതീക്ഷിക്കാം. തീക്ഷ്ണമായ ഏകാഗ്രതയിലുള്ള പ്രാർത്ഥനയും നമ്മെ ഈ ഘട്ടത്തിൽ എത്തിക്കും. അഗാധമായ ഈ ധ്യാനാവസ്ഥയിൽ മനസ്സിൽ നാമാഗ്രഹിക്കുന്ന അവസ്ഥയെ വ്യക്തമായ ഒരു സ്ക്രീനിൽ വിശദമായി കാണുക. രോഗാവസ്ഥയിലാണെങ്കിൽ രോഗമുള്ള അവയവത്തെയും അതിന്റെ വേദനകളെയും, അതുണ്ടാക്കിയിരിക്കുന്ന വൈകല്യത്തെയും അതിന്റെ പ്രത്യാഘാതങ്ങളെയും നാം തൊട്ടറിയുന്നതുപോലെ മനസ്സിൽ വിശദമായി കാണുക. അതിനുശേഷം അത് ഒരു കരത്താലോ, കാറ്റിനാലോ, ഉപകരണത്താലോ, മറ്റേതെങ്കിലും ഉപാധിയാലോ പൂർണ്ണമായി തുടച്ചു മാറ്റപ്പെടുന്നതായി കാണുകയും അത് സാധിച്ചിരിക്കുന്നു എന്ന് മനസ്സിൽ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുക. ഇത് പല ദിവസമാവർത്തിക്കുമ്പോൾ രോഗം അപ്രത്യക്ഷമാകാം. ഇതിന്റെ പിന്നിൽ മനസ്സിന്റെയും ശരീരത്തിന്റെയും സംഘടിതമായ പല പ്രവർത്തനങ്ങളുണ്ട്. **ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്ന അവസ്ഥയിൽ ഉപബോധമനസ്സിലൂടെ നിർദ്ദേശങ്ങൾ ശരീരാവയവങ്ങളിലേക്ക് കടന്ന് രാസപ്രക്രിയകളെപ്പോലും നിയന്ത്രിച്ച് രോഗവിമുക്തി സാദ്ധ്യമാക്കുന്നു. ഈ മനശാസ്ത്രചിന്താധാര പൂർണമായും വിശ്വസിച്ച് ബോദ്ധ്യത്തോടെ ചെയ്യുന്നവർക്ക് അത്ഭുതകരമായ ഫലങ്ങൾ ലഭിച്ചിട്ടുണ്ട്.** സാമ്പത്തികമായി തകർന്നു തരിപ്പണമായ അവസ്ഥയിൽ നിന്ന് ശോഭനമായ ഭാവിയെ നിരന്തരം സ്വപ്നം കണ്ട് ഉയർച്ചയുടെ കൊടുമുടികളിലെത്തിയ വ്യക്തികളുടെ ജീവിതകഥകളിൽ ഇത്തരം അനുഭവങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചിലയാളുകൾ നിരന്തരം മനസ്സിൽ തകർച്ചയുടെ സ്വപ്നങ്ങളുമായി നടക്കാറുണ്ട്. ഞാൻ എന്തു ചെയ്താലും രക്ഷപെടില്ല, എല്ലാം മോശമായിരിക്കും, എവിടെച്ചെന്നാലും കുഴപ്പമാണ്. മരണമാണ് രക്ഷയെന്ന് നിരന്തരം ചിന്തിച്ച് നടക്കുമ്പോൾ ഉപബോധമനസ്സ് മേൽപ്പറഞ്ഞവയൊക്കെ നമ്മുടെ ആഗ്രഹങ്ങളാണെന്ന് തെറ്റിദ്ധരിക്കും. തന്മൂലം അവയാഥാർത്ഥ്യമാക്കാൻ മനസ്സ് സംവിധാനങ്ങളൊരുക്കുകയും നാം തകരുകയും ചെയ്യും. അതുകൊണ്ട് ശുഭ ചിന്തകളും പ്രത്യാശയും, ഭാവിയെപ്പറ്റിയുള്ളസുന്ദര വിജയ സ്വപ്നങ്ങളും നിരന്തരം മനസ്സിൽ താലോലിച്ചാൽ അദൃശ്യമായ ദൈവികകരങ്ങൾ മനസ്സിലൂടെ പ്രവർത്തിക്കും ശാസ്ത്രം ദൈവത്താൽ ആസൂത്രിതമാണ്. മനുഷ്യനതു മനസ്സിലാക്കാൻ സമയമെടുക്കും. മനസ്സിലാകാത്തത് അസത്യമാണെന്ന് പറയുന്നത് ക്രൂരതയാണ്. വിഡ്ഢിത്തമാണ്. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ തീർച്ചയായും മലകൾ മാറും വിശ്വസിക്കാം, മലകൾ മാറ്റാം. രോഗശാന്തി നേടാം, ലക്ഷ്യം പ്രാപിക്കാം.

●

---

## എന്റെ സ്നേഹിതനും...

**അൺപോപ്പുലർ ആകും.** ചെയ്യാവുന്ന സഹായങ്ങൾ എല്ലാം ചെയ്തു കൊടുക്കും. പ്രസംഗങ്ങളെല്ലാം പഠിച്ച പ്രസംഗങ്ങളായിരുന്നു. ആളുകളെ ഇളക്കണമെന്നല്ല ആളുകളെ ദൈവത്തിൽ ഉറപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. ഉത്തരകേരള മഹായിടവക എന്നും പ്രശ്നങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു. ബാസൽ മിഷൻ ആംഗ്ളിക്കൻ പശ്ചാത്തലങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകൾ എന്നുമവിടെയുണ്ടായിരുന്നു. അത് സമർത്ഥമായി കൈകാര്യം ചെയ്യുവാൻ ഒരു പരിധി വരെ അദ്ദേഹത്തിന് സാധിച്ചു. ഒരു മാതൃകാ അല്മായക്കാരൻ, മാതൃകാ പട്ടക്കാരൻ, മാതൃകാ ബിഷപ്പ് എന്നീ നിലകളിൽ അദ്ദേഹം ശോഭിച്ചു.

റാന്നിയിൽ താമസിക്കുമ്പോൾ അദ്ദേഹം വീടുകളിൽ വൈകുന്നേരം സന്ദർശിച്ചു കുടുബപ്രാർത്ഥന നടത്തുമായിരുന്നു. കുടുംബപ്രാർത്ഥനകൾ നടത്തുവാൻ പ്രേരിപ്പിക്കുന്നതിലുടെ പങ്കാളിത്തവും സ്വഭാവ രൂപവൽക്കരണവും സാധിതമായി.

ബിഷപ്പ് ബഞ്ചമിൻ എന്നും സിഎസ് ഐയുടെ ക്രമീകരണമനുസരിച്ചുള്ള വെള്ള കുപ്പായമേ ധരിച്ചിരുന്നുള്ളു. മദ്ധ്യകേരള മഹായിടവകയും തിരുനെൽവേലി മഹായിടവകയും ആംഗ്ലിക്കൻ പാരമ്പര്യത്തിൽനിന്നുള്ളവരായിരുന്നതിനാൽ അവിടെയുള്ള ബിഷപ്പുമാർ കളേർഡായി. ഈ കളർ കണ്ട് മറ്റ് ബിഷപ്പുമാരും അതനുകരിക്കുവാൻ തയ്യാറായി. പക്ഷേ ബിഷപ്പ് ബഞ്ചമിൻ അതിന് തയ്യാറായില്ല. താൻ സിഎസഐയിലെ ബിഷപ്പായതിനാൽ അതിന്റെ ക്രമീകരണമനുസരിച്ചേ നില്ക്കുകയുള്ളുവെന്നു തീരുമാനിച്ചു. ആംഗ്ളിക്കൻ പാരമ്പര്യം പിൻതുടരാൻ തയ്യാറായില്ല. ഇതൊക്കെ വലിയ ആശയങ്ങളാണ്.

എന്നെ ബഹുമാനിച്ചില്ല. എനിക്ക് ലഭിച്ചില്ലയെന്നുള്ള പരാതികൾ അദ്ദേഹത്തിനില്ലായിരുന്നു. ഭവിഷ്യത്തുകളെ മനസ്സിലാക്കി തീരുമാനങ്ങളെടുക്കുവാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ബിഷപ്പ് ബഞ്ചമിൻ എന്റെ സനേഹിതനും ഗുരുവുമായിരുന്നു.

●

REPORT

# സ്വാസ്ഥ്യ :

# ഒരു നിസ്വാർത്ഥ കൂട്ടായ്മ

**സി. ജോൺ മാത്യൂസ്, മല്ലപ്പള്ളി**

**നാം** ജീവിക്കുന്ന കാലഘട്ടം പണാധിപത്യത്തിന്റെ കാലഘട്ടമാണ്. എല്ലാം പണത്തിനു വേണ്ടി. പണം എല്ലാത്തിന്റെയും അധിപൻ. പ്രകൃതിയും ജീവനും ദൈവവും എല്ലാം പണം നേടുന്നതിനുള്ള ഉപാധിമാത്രം. പണം നേടാൻ കഴിയാത്തവയൊക്കെയും ഒന്നിനും കൊള്ളാത്തവ.

ഈ പണാധിപത്യകാലത്ത് പണത്തെക്കാൾ മൂല്യം പ്രകൃതിയിലെ ജീവനുണ്ട് എന്നു വിശ്വസിക്കുന്ന കുറെ വ്യക്തികളുടെ കൂട്ടായ്മയാണ് സ്വാസ്ഥ്യ. കഴിഞ്ഞ പത്തു വർഷമായി ഈ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട്. ഇപ്പോൾ നെടുങ്ങാടപ്പള്ളിയിൽ (പത്തനംതിട്ട, കോട്ടയം ജില്ലയുടെ അതിർത്തിയിൽ, മല്ലപ്പള്ളി ചങ്ങനാശ്ശേരി റോഡിനു സമീപം)സ്വാസ്ഥ്യയുടെ ഒരു കേന്ദ്രം നിശബ്ദമായി പ്രവർത്തിക്കുന്നു. മനുഷ്യജീവനെ പണം സമ്പാദിക്കുന്നതിനുള്ള ചരക്കാക്കി വില്ക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ ജീവനു ഹാനികരമാകുന്ന രോഗങ്ങൾ പണം സമ്പാദിക്കുന്നതിനുള്ള എളുപ്പവഴിയാകുന്നു. രോഗവും ചികിത്സയും ഇന്ന് ലോകത്തിലെ പണം സമ്പാദിക്കുന്നതിനുള്ള രംഗമായി മാറിയിരിക്കുകയാണ്.

അതുകൊണ്ട് സ്വാസ്ഥ്യ അതിന്റെ പ്രവൃത്തികളിൽ മുഖ്യസ്ഥാനം ചികിത്സയ്ക്കായി നല്കുന്നു. അക്യുപ്രഷർ, യോഗ, ധ്യാനം, നാട്ടറിവുകൾ, ഭക്ഷണക്രമീകരണം എന്നീ രീതികളിലൂടെ മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കുവാനുള്ള ഒരു എളിയ ശ്രമമാണ് എവിടെ നടക്കുന്നത്. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടിവസ്തുക്കളും സ്വസ്ഥമായി കഴിയുവാനുള്ള രീതിയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. സൃഷ്ടി കർത്താവ് താൻ സൃഷ്ടിച്ച വസ്തുക്കൾക്ക് ഒരു താളവും കാലവും നല്കിയിരിക്കുകയാണ്.

അതിനെ തകർക്കുമ്പോൾ അസ്വസ്ഥതതകൾ ഉണ്ടാകുന്നു. സ്രഷ്ടാവിന്റെ താളമാണ് ഈ പ്രപഞ്ചത്തിന്റെ ജീവൻ. പ്രപഞ്ചത്തിലെ താളം തെറ്റുമ്പോൾ അത് എല്ലാ ജീവനുകൾക്കും ബാധകമാകും എന്നത് ഒരു സത്യമാണ്. അതുകൊണ്ട് ജീവന്റെ പാലനം എന്നു പറയുന്നത് പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടിവസ്തുക്കളുടെയും സമയബന്ധിതമായ പാലനമാണ്.

ആധുനിക മനുഷ്യൻ അവന്റെ ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും മാത്രം ചിന്തിക്കുകയും അവന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി മറ്റു സൃഷ്ടികളുടെ മേലും അതിക്രൂരമായ കടന്നുകയറ്റം നടത്തുകയും ചെയ്യുന്നു. ഈ കടന്നു കയറ്റത്തെ വികസനമെന്ന ഓമനപ്പേരിട്ടു വിളിക്കുന്നു. ഈ വികസനം നാശകാരിയാണ്. അത് പ്രപഞ്ചജീവന്റെ നിലനില്പിനെ തകർക്കുന്നതാണ്. അത് നാശത്തിന്റെ വേഗത വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു.വികസനത്തിന്റെ ആ കടന്നാക്രമണത്തിൽ വികസനവാദികൾ അതിന്റെ അടയാളവും ആയുധവുമായി കമ്പോളത്തെയാണ് കാണുന്നത്. കമ്പോളമെന്നുള്ളത് നമ്മുടെ നാട്ടു ഭാഷയിൽ പറഞ്ഞാൽ ചന്ത. ഇവിടെ ചരക്കും പണവും അഥവാ വില്പനയും വാങ്ങലും മാത്രം. വില്ക്കുവാനുള്ള തന്ത്രങ്ങൾ വില്പനക്കാരൻ ഉണ്ടാക്കുന്നു. അവിടെ വില്ക്കുവാനും വാങ്ങിയ്ക്കുവാനും കഴിവുള്ളവർക്കു മാത്രമേ സ്ഥാനമുള്ളൂ. ഇവിടെ ചതിയും കൊലപാതകവും മാത്രം. നമ്മുടെ ചെറിയ ചന്തയിൽ നിന്നും യുദ്ധം എന്ന ആഗോള തന്ത്രത്തിലേക്ക് വിലയില്ലാതാവുന്നത് മനുഷ്യന്റെ ജീവനാണ് എന്ന സത്യം നാം മറക്കുന്നു.

അങ്ങനെ വിലയില്ലാതാകുന്ന ജീവന്റെ നിലനില്പിനെക്കുറിച്ചും അതിന്റെ പരിപാലനത്തെക്കുറിച്ചുമാണ് സ്വാസ്ഥ്യ ചിന്തിക്കുന്നത്. അതിനുള്ള ചെറുതും എല്ലാവർക്കും ഏറ്റെടുക്കാവുന്നതുമായ ചില മാർഗ്ഗങ്ങളെ കർമ്മപഥത്തിൽ കൊണ്ടുവരാനാണ് സ്വാസ്ഥ്യ ശ്രമിക്കുന്നത്. അക്യുപ്രഷർ എന്ന ചികിത്സാരീതി മനുഷ്യനിലെ ജീവന്റെ ശേഷിയെ ഉത്തേജിപ്പിക്കുന്നതും അവനിലെ രോഗകാരണങ്ങളെ അവന്റെ തന്നെ രോഗപ്രതിരോധ കഴിവുകളെ ഉപയോഗിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു ചികിത്സാ രീതിയാണ് ഇത്. ജീവന്റെ നിലനില്പിനു ഹാനിയുണ്ടാക്കാത്ത എല്ലാ കണ്ടെത്തലുകളെയും മാനിച്ചുകൊണ്ട് അവയ്ക്കൊപ്പം നീങ്ങുവാൻ കഴിയുന്നു എന്നുള്ളത് ഈ ചികിത്സാരീതിയുടെ ഒരു പ്രത്യേകതയാണ്. യാതൊരു വിധ ഉപകരണങ്ങളുടെയും

***കേരളഹൈക്കോടതിയിൽ ഞാൻ ജഡ്ജിയായി നിയമിതനായ സമയത്ത് നിയമവൃന്ദം എനിക്കു വേണ്ടി ഒരു സ്വീകരണയോഗം സംഘടിപ്പിച്ചു. അന്നു ഞാനെന്റെ മറുപടി പ്രസംഗം അവസാനിപ്പിച്ചത് സോളമന്റെ കഥ പറഞ്ഞു കൊണ്ടായിരുന്നു. ന്യായത്തെ അന്യായത്തിൽ നിന്നും വേർതിരിച്ചറിയാൻ ഒരു സഹായം വേണ്ടി വരുന്ന സമയത്ത് ഈശ്വരൻ ഇതു പോലെ തേനീച്ചകളെ അയച്ചു തരികയാണെങ്കിൽ എന്റെ തീരുമാനങ്ങൾ തികച്ചും ദൈവികമായിരിക്കും.***

***വർഷങ്ങൾക്കിപ്പുറം എന്റെ നിയമജീവിതത്തിന്റെഅവസാന ദിവസം, സുപ്രീം കോടതി ബാർ അസോസിയേഷൻ എനിക്കു നല്കിയ യാത്രയയപ്പു യോഗത്തിൽ ഈ കഥ ആവർത്തിച്ചു കൊണ്ട് ഞാനെന്റെ മറുപടി പ്രസംഗം അവസാനിപ്പിച്ചു. ആവശ്യമായി വരുന്ന എല്ലാ സന്ദർഭത്തിലും വഴികാട്ടികളായി തേനീച്ചകളെ അയച്ചു തന്ന ഈശ്വരനോടു ഞാൻ കടപ്പെട്ടിരിക്കുന്നു.***

***ചിലപ്പോൾ ഒരു ചോദ്യത്തിന്റെ മറുപടിയായി ചിലപ്പോൾ ഒരു ഉൾവിളിയായി, എന്റെ തീരുമാനങ്ങളോ തോന്നലുകളോ, അടിസ്ഥാനമാക്കാതെ, ന്യായത്തെ അന്യായത്തിൽ നിന്നും വേർതിരിച്ചെടുക്കുവാൻ എനിക്കു കഴിഞ്ഞു.***

***ജസ്റ്റിസ് കെ. ടി. തോമസ്***

സഹായം കൂടാതെ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ സ്പർശിച്ചു നില്ക്കുന്ന പ്രപഞ്ചോർജ്ജത്തിന്റെ ഒരു സന്നിവേശിപ്പിക്കലാണ് അക്യുപ്രഷർ അഥവാ പരസ്പരമുള്ള കരുതലിന്റെ ഒരു സ്നേഹസ്പർശം. വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസങ്ങളുടെ അസ്പശ്യതകളെ അകറ്റി നിർത്തിയുള്ള ഒരു സ്പർശന സാന്ത്വനം. എല്ലാ പഴയ സംസ്ക്കാരങ്ങളിലെയും ചികിത്സാ രീതികളിൽ അക്യുപ്രഷറിന്റെ വിഭിന്നരൂപങ്ങൾ കണ്ടെത്താൻ നമുക്കു കഴിയും. അവകളെ കുറച്ചു കൂടി ക്രമമായും ചിട്ടയായും രൂപപ്പെടുത്തിയ വിവിധ സമ്പ്രദായങ്ങളാണ് സ്വാസ്ഥ്യ പ്രയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത്. മനുഷ്യനിലെ സകല വിധ രോഗങ്ങൾക്കും അക്യുപ്രഷർ ഒരു ചികിത്സ എന്ന നിലയിലോ പ്രതിരോധമെന്ന നിലയിലോ പ്രയോഗിക്കാവുന്ന ചികിത്സാ സമ്പ്രദായമാണ്. സ്വാസ്ഥ്യയിലെ പ്രവർത്തകർ. ഈ ചികിത്സയെ ഒരു ദൈവശുശ്രൂഷയായി കരുതുന്നു. ഈ ദൈവശുശ്രൂഷയിൽ പണം ഒരു തടസ്സമാകരുത് എന്നു ചിന്തിച്ചാണ് അവർ പ്രവർത്തിക്കുന്നത്. പണം കൊടുത്തു വാങ്ങാവുന്ന ഒരു ദൈവവും ദൈവമല്ലാത്തതുകൊണ്ട് ചികിത്സയ്ക്ക് പണം വാങ്ങുന്ന രീതിയോടു ഇതിന്റെ സംഘാടകരും പ്രവർത്തകരും യോജിക്കുന്നില്ല. എന്നാൽ പ്രവർത്തകരുടെ നിലനില്പിനായി ശുശ്രൂഷ സ്വീകരിക്കുന്നവർ നല്കുന്ന ദക്ഷിണ, സംഭാവന, സ്നേഹസമ്മാനം എല്ലാം സ്വാസ്ഥ്യ സ്വീകരിക്കുന്നുണ്ട്. ചികിത്സയുടെ മാനദണ്ഡം നിശ്ചയിക്കുന്നത് പണം അല്ല എന്നതും ഇവിടുത്തെ എടുത്തുപറയത്തക്ക പ്രത്യേകതയാകുന്നു. പണത്തിന്റെ കൂടുതൽ കൊണ്ട് മറ്റുള്ളവന്റെ അവകാശങ്ങൾ തട്ടിഎടുക്കുന്നതിന്റെ അവസ്ഥ ഇല്ലായെന്നത് ഒരു സത്യമാകുന്നു.

ബോംബേ കേന്ദ്രമായി പ്രവർത്തിക്കുന്ന ജയ് ഭഗവാൻ അക്യുപ്രഷർ ഇന്റർ നാഷണൽ എന്ന പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ജയ് ഭഗവാനിലെ ആചാര്യ ജോർജ്ജ് ജേക്കബിന്റെ ശിക്ഷണം സ്വീകരിച്ച അന്ത്രയോബ് ലല്ലൂസൂസൻ, ജോർജ്ജ് വർഗീസ് (കൊച്ചുമോൻ), അനിലാ പ്രസാദ് എന്നിവരാണ് ഈ കേന്ദ്രത്തിലെ മുഴുവൻ സമയ പ്രവർത്തകർ. അവരുടെ ശമ്പളരഹിത പ്രവർത്തനങ്ങൾ മൂലമാണ് ഈ സ്ഥാപനം ഭാരതം മുഴുവൻ ശ്രദ്ധേയമായിരിക്കുന്നത്. ഈ സ്ഥാപനം അനവധി പേരുടെ ആശാകേന്ദ്രമായി മാറിയിരിക്കുകയാണ്. പരസ്യം ആഗ്രഹിക്കാത്ത ഈ സ്ഥാപന ത്തിന്റെ പരസ്യക്കാർ അതിന്റെ അനുഭവസ്ഥരാണ്. യശ:ശരീരനായ മുൻമന്ത്രി ബേബി ജോൺ, അന്തരിച്ച പ്രൊഫ. കെ. എം. തരകൻ, ഇന്നും ജീവിച്ചിരിക്കുന്ന ബിഷപ്പ് റൈറ്റ്. റവ. ജോർജ്ജ് നൈനാൻ, ജോൺ ബ്രിട്ടോ എം.എൽ. എ. ആദിയായവർ ഈ ചികിത്സയുടെ ഗുണഭോക്താക്കളാകുന്നു. ഈ സംഘടന നമ്മുടെ നാട്ടിലെ വിവിധ തരം സസ്യങ്ങളും അവയുടെ ഉപയോഗത്തെയും പ്രചരിപ്പിക്കുവാനായി ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ആധുനിക കാലത്ത് വിവിധതരം ഔഷധസസ്യങ്ങളെ നേരിട്ടു കണ്ടറിഞ്ഞവരുടെ സംഖ്യ കുറവത്രേ. അവിടെ ചികിത്സയ്ക്കായി എത്തുന്നവർക്ക് അവകളെ പരിചയപ്പെടുത്തുക കൂടി അവർ ചെയ്തുവരുന്നു. അതിനായി ഒരു ഔഷധ തോട്ടം തന്നെ അവർ പരിപാലിക്കുന്നു.

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി കേരളത്തിലെ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുമായി ചേർന്നു ചില പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലയിൽ ഒരു വർഷമായി നടത്തിവരുന്നു. ഒരു വർഷത്തെ വിലയിരുത്തലിൽ ഈ പദ്ധതി വിജയമായിരുന്നുവെന്ന് കുട്ടികളുടെ മാതാപിതാക്കൾ സാക്ഷ്യപ്പെടുത്തുന്നു. ഈ പദ്ധതി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് ഈ സംഘടന. ഇതിന്നു നേതൃത്വം നല്കുന്നത് സാം ജോൺ ആകുന്നു. വിദേശഫണ്ടുപയോഗിച്ചു സ്വകാര്യ മേഖലയിൽ ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കു വേണ്ട അനേകം പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സ്വാസ്ഥ്യയുടെ ഇവരുടെയിടയിലെ പ്രവർത്തനം സ്വാസ്ഥ്യയുടെ മാത്രമുള്ളതാകുന്നു.

കോട്ടയം സി. എം. എസ്. കോളേജും ഹൈസ്ക്കുളിൽ ആരോഗ്യ മേഖലയിലെ നാട്ടറിവുകളും യോഗയും അക്യുപ്രഷറും ഔഷധച്ചെടികളെ പരിചയപ്പെടുത്തലും അവിടുത്തെ കുട്ടികൾക്കായി കഴിഞ്ഞ രണ്ടു വർഷമായി നടത്തി വരുന്നു. കോട്ടയം കാരാപ്പുഴ എൻ. എസ്. എസ്. ഹൈസ്ക്കൂളിൽ ഈ വർഷം മുതൽ ഈ പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഒരു കൂട്ടം നിസ്വാർത്ഥമതികളും അർപ്പണമനോഭാവമുള്ള വ്യക്തികളാൽ നെടുങ്ങാടപ്പള്ളി എന്ന ഗ്രാമത്തിൽ ആരംഭിച്ച സ്വസ്ഥ്യ അനേകരുടെ ആശാകേന്ദ്രമായി മാറിക്കഴിഞ്ഞു. വാടകയില്ലാതെ ലഭിച്ച ഒരു ഭവനത്തിലാണ് ഇപ്പോൾ ഇതു പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു കെട്ടിടവും അല്പം സ്ഥലവും അവർക്കു ലഭിച്ചിരുന്നെങ്കിൽ നന്നായിരുന്നു. പത്തുവർഷം മുമ്പ് ഈ ലേഖകന് ഉണ്ടായ സ്പോണ്ടിലോസിസ് സ്വാസ്ഥ്യയിലെ ചികിത്സയിൽ സുഖമായത് ഒരുസ്വാനുഭവമാകുന്നു.

***സ്വാസ്ഥ്യ***
***ഫോൺ 0469 : 2784489***

## അഭ്യർത്ഥന

*ന്യുവിഷൻ മാസിക എല്ലാ ക്രൈസ്തവരും വായിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. സഭാ അതിരുകൾക്കതീതമായി ക്രൈസ്തവർക്ക് ഒരുമിച്ച് വരുവാനും ആശയങ്ങൾ കൈമാറുവാനും ചർച്ചകൾക്കും ന്യുവിഷൻ വേദിയൊരുക്കുന്നു. വായനക്കാരുടെ വീക്ഷണങ്ങൾ ന്യൂവിഷൻ പ്രാധാന്യത്തോടെയാണ് പ്രസിദ്ധീകരിക്കുന്നത്. മാസികയിൽ നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക..ഈ എക്യുമിനിക്കൽ കൂട്ടായ്മയിലേക്ക് ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. മാസിക നിലനില്ക്കണമെങ്കിൽ നിങ്ങളുടെ സാമ്പത്തിക സഹായവും അനിവാര്യമാണ്. ന്യുവിഷന്റെ പ്രസിദ്ധീകരണത്തിൽ കൂടി നടക്കുന്നത് ഒരു ക്രൈസ്തവ ശുശ്രൂഷയാണെന്ന് മനസ്സിലാക്കി സാമ്പത്തികമായി സഹായിക്കുവാനഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ ഒരു സുഹത്തിനെയെങ്കിലും മാസിയുടെ വരിക്കാരനായി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.*

***മോസ്റ്റ് റവ ഡോ ഫിലിപ്പോസ് മാർ ക്രിസോസ്തം***
***മർത്തോമ്മ വലിയ മെത്രാപ്പോലിത്ത***

***റൈറ്റ് റവ ഡോ സാം മാത്യു***

# ശക്തിയെ പുതുക്കുക

**റൈറ്റ്. റവ. റ്റി. ബി. ബഞ്ചമിൻ**

***"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർതളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും." (യെശയ്യാ 40:31)***

യഹൂദന്മാർ വളരെ പ്രത്യാശയുള്ള ജനമായിരുന്നു. ദൈവം അവരെ ലോകത്തിലുള്ള എല്ലാ ജാതികൾക്കും മേലായി ഉയർത്തുമെന്നു അവർ വിശ്വസിച്ചിരുന്നു. എന്നാൽ അവരുടെ യഥാർത്ഥ അനുഭവം പ്രതീക്ഷയ്ക്കെതിരായിരുന്നു. ശലോമോൻ രാജാവിന്റെ കാലശേഷം രാജ്യം രണ്ടായി. ഇരു രാജ്യങ്ങളും തമ്മിൽ ശത്രുതയും യുദ്ധവുമുണ്ടായതിനാൽ അവരുടെ ശക്തി കാലക്രമേണ ക്ഷയിച്ചു. അശൂർ ബാബിലോൺ സൈന്യങ്ങൾ അവരെ കീഴടക്കി. ഒരു വലിയകൂട്ടം ജനങ്ങളെ അവരുടെ ദേശത്തു പിടിച്ചുകൊണ്ടു പോയി പലയിടങ്ങളിലായി ചിതറിപാർപ്പിച്ചു. അവർക്ക് ഒരുമിച്ചു കൂടുന്നതിനോ, ആരാധിക്കുന്നതിനോ സ്വാതന്ത്ര്യമില്ലായിരുന്നു. അവർ നിരാശരായി. തങ്ങളുടെ പാപത്തിന്റെ ഫലമായിട്ടാണ് ഇതെല്ലാം സംഭവിച്ചതെന്നും, ഇനിയും യഹോവയെ സേവിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനമില്ലെന്നും അവർ ചെന്നെത്തിയിരിക്കുന്ന ദേശത്തെ ദേവന്മാരെ സേവിക്കുകയാണ് നല്ലതെന്നും പലരും വിചാരിച്ചു. ആരാധനയും പ്രാർത്ഥനയുമെല്ലാം ഉപേക്ഷിച്ചു ചുറ്റുപാടും താമസിക്കുന്ന ജനങ്ങളുടെ വിഗ്രഹങ്ങളെ ആരാധിക്കാൻ തുടങ്ങി. അവരുടെ ആത്മീക ജീവിതം തികച്ചും ശുഷ്ക്കമായിത്തീർന്നു.

ഈ കാലഘട്ടത്തിലാണ് അതിതീക്ഷ്ണതയുള്ള ഒരു പ്രവാചകൻ അവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ട് അവർക്ക് ധൈര്യം പകരുന്ന ഒരു ദൂത് നൽകുന്നത്. അവർ നിരാശപ്പെടേണ്ടതില്ലെന്നും എത്ര പ്രതികൂല സാഹചര്യത്തിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കുമെന്നും പ്രവാചകൻ അവരെ ഉദ്ബോധിപ്പിച്ചു. "എന്നാൽ എന്റെ വഴി യഹോവയ്ക്ക് മറഞ്ഞിരിക്കുന്നു. എന്റെ ന്യായം എന്റെ ദൈവം കാണാതെ പോയിരിക്കുന്നു. എന്നു യാക്കോബേ, നീ പറയുകയും, യിസ്രായേലേ നീ സംസാരിക്കുകയും ചെയ്യുന്നതെന്ത്? നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം. ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ. അവൻ ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല, അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നൽകുന്നു. ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും. യൗവ്വനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും"(യെശ 40:27-31).



**ബഞ്ചമിൻ തിരുമേനി ക്രിസോസ്റ്റം തിരുമേനിയോടും മറ്റു ബിഷപ്പന്മാരോടുമൊപ്പം**

ഇവിടെ പ്രവാചകൻ രണ്ട് ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുന്നു. ഒന്നാമത്തേത് കഴുകന്റെ ദൃഷ്ടാന്തമാണ്. അവർ കഴുകന്മാരെ പ്പോലെ ചിറകടിച്ചു കയറും. കഴുകൻ ആകാശത്തിൽകൂടെ പറക്കുമ്പോൾ മാർഗ്ഗമദ്ധ്യേ മരങ്ങളോ, മലകളോ ഉണ്ടായിരുന്നാൽ, ചിറകടിച്ചു മേലോട്ടുയർന്നു ആ പ്രതിബന്ധങ്ങളുടെ മീതെകൂടി പറന്നുപോകുന്നു. യഹോവയെ കാത്തിരിക്കുന്നവർ അതുപോലെ

*Contd 21*

***മൂന്നരമണിക്കൂർ നീണ്ട പ്രസംഗം കേട്ടു കഴിഞ്ഞപ്പോൾ എനിക്ക് എന്തെന്നില്ലാത്ത ശൂന്യതയാണ് അനുഭവപ്പെട്ടത്. ഞാൻ അസൂയ നിറഞ്ഞ മനസ്സോടെ പ്രഭാഷണത്തിലെ ഓരോ പോയിന്റിനും തലയാട്ടിക്കൊണ്ടിരുന്ന മഹിളാരത്നത്തെ ഇടംകണ്ണിട്ടു നോക്കി. ബുജി (ബുദ്ധിജീവ) സഹജമായ സർവപുച്ഛത്തോടെ അവർ എന്നെ നോക്കി. എന്നിട്ടു ചോദിച്ചു പ്രസംഗം എങ്ങനെയുണ്ട്?***

***കള്ളം പറയണോ എന്ന് ഒരു മാത്ര ആലോചിച്ചു. എനിക്കു കാര്യമായൊന്നും മനസ്സിലായില്ല എന്ന പച്ചപ്പരമാർത്ഥമാണു പക്ഷെ, നാവിൽ നിന്നു വീണത്. അമ്പരന്നു പോയ ബുജിണിയുടെ പ്രതികരണം എന്നെ അന്ധാളിപ്പിച്ചു.***

***എനിക്കും ഒന്നും മനസ്സിലായില്ല***

***മനസ്സിലാവാത്തതിന്റെ തലയാട്ടലായിരുന്നോ ഇത്ര നേരവും ഞാൻ കണ്ടതെന്നു ചോദിക്കാനുള്ള ധൈര്യമെനിക്കുണ്ടായില്ല.***

*ഷാജഹാൻ മാടമ്പാട്ട്*

# പുതിയ പുസ്തകങ്ങൾ

## എളിമയുടെ സഹയാത്രികൻ

**റവ നെൽസൺ ചാക്കോ**

**വിതരണം : ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല**

**വില : 100 രൂപ**

ഉത്തരകേരള മഹായിടവകയുടെ ആദ്യത്തെ നാട്ടു ബിഷപ്പായി സഭ ചരിത്രത്തിൽ സ്ഥാനം നേടിയ ബിഷപ്പ്. റ്റ്. ബി ബഞ്ചമിൻ തിരുമേനി മനുഷ്യഹൃദയങ്ങളിൽ അവിസ്മരണീയനായതെങ്ങനെയെന്നു വ്യക്തമാക്കുന്ന ഗ്രന്ഥമാണ് എളിമയുടെ സഹയാത്രികൻ

ക്രൈസ്തവ മൂല്യങ്ങളുടെ സന്ദേശവാഹകനായി ഒരു നൂറ്റാണ്ടു കാലം സഞ്ചരിച്ച ആ നല്ല ഇടയന്റെ വ്യക്തിത്വ സവിശേഷതകൾ വ്യക്തമാക്കുന്ന ഈ ജീവചരിത്രം അഭിവന്ദ്യ തിരുമേനിയെക്കുറിച്ചുള്ള പലവിശിഷ്ട വ്യക്തികളുടെയും അനുസ്മരണങ്ങൾ കൊണ്ടും സമ്പുഷ്ടമായിരിക്കുന്നു.

എളിമയുടെ സഹയാത്രികൻ എന്ന വിശേഷണത്തിനു സർവ്വഥാ അർഹനായ തിരുമേനിയുടെ ജീവിതശൈലിയും വീക്ഷണവും നേതൃരംഗത്തു പ്രവർത്തിക്കുന്നവർക്ക് എന്നും അനുകാര്യമാണ്. വെള്ളക്കുപ്പായവും തടികുരിശും ധരിച്ച് അലങ്കാരങ്ങളില്ലാതെ ജീവിച്ച അഭിവന്ദ്യ ബഞ്ചമിൻ തിരുമേനിയ്ക്ക് ലാളിത്യമായിരുന്നു അലങ്കാരം.

സൂക്ഷ്മബുദ്ധിയും ഭരണപാടവവും കൊണ്ട് സഭയെ നേർപാതയിൽ നയിച്ചപ്പോഴും ഉദാരതയും ആർദ്രതയും നിലനിർത്തി ആർജവത്തോടെ മനുഷ്യമനസ്സുകളിലേക്കു നടന്നു കയറുവാൻ കഴിഞ്ഞ അപ്രതിമനായ ഒരു മഹാ പുരുഷനെ ഈ ജീവചരിത്രഗ്രന്ഥത്തിന്റെ താളുകളിൽ നമുക്കു കണ്ടെത്താൻ കഴിയും.

## ദൈവാനുഭവത്തിന്റെ ബഹുസ്വരങ്ങൾ

**റവ ഡോ.എം. സി. തോമസ്**

**ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല**

**വില:120 രൂപ**

പഴയ നിയമസന്ദേശങ്ങളിലെ വ്യത്യസ്ത സ്വരങ്ങൾ ഇന്നിന്റെ പരിസരങ്ങളിൽ കേൾക്കുവാനും വിലയിരുത്തുവാനും അവസരമൊരുക്കുന്ന ഗ്രന്ഥം. വ്യത്യസ്ത ദൈവശാസ്ത്ര ചിന്താധാരകളുടെ സങ്കലനമായ പഴയ നിയമം അതിന്റെ പാരസ്പര്യങ്ങളോടെ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോഴാണ് ദൈവത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച ചിത്രത്തിനു കൂടുതൽ വ്യക്തത ലഭിക്കുന്നത്.

ദർശനങ്ങളുടെ നിറവസന്തം, ജീവിതദർശനങ്ങളും സാഫല്യവും, സാമൂഹ്യ പരിസരങ്ങളും വിശ്വാസപ്രതികരണങ്ങളും എന്നിങ്ങനെ മൂന്നു ഭാഗങ്ങളിലായി പതിനേഴു പ്രബന്ധങ്ങളിലൂടെ പഴയ നിയമം ഒരു പുനർ വായനയ്ക്കു വിധേയമാക്കിയിരിക്കുന്നു.

ഇന്നിന്റെ ജീവിതപരിസരങ്ങളിൽ പഴയ നിയമം വായിക്കുമ്പോൾ, അതിലൂടെ പുതിയ ശബ്ദങ്ങൾ കേൾക്കുവാൻ കഴിയുന്നു എന്നു ഗ്രന്ഥകാരൻ വ്യക്തമാക്കിത്തരുന്നു. ഇന്നത്തെ ചുറ്റുപാടുകളിൽ നാം ഇടപെടേണ്ട സാഹചര്യങ്ങളെയും സന്ദർഭങ്ങളെയും കാട്ടിത്തരുവാൻ സഹായകമാണ് ഈ കൃതി.

# ശക്തിയെ പുതുക്കുക

യാണ്. പ്രതികൂലങ്ങളും പ്രയാസങ്ങളും അവർക്ക് പ്രശ്നമില്ല. അവയ്ക്കുമീതെ ഉയർന്ന് ജീവിക്കാൻ അവർക്ക് കഴിയും. പ്രാചീന കാലത്ത് പൗരസ്ത്യ ദേശത്തുള്ളവർ കഴുകന്റെ ശക്തി ഒരിക്കലും ക്ഷയിച്ചു പോകയില്ല എന്ന് വിശ്വസിച്ചിരുന്നു. പ്രായമാകുമ്പോൾ കഴുകൻ തൂവലുകൾ പൊഴിക്കും. വീണ്ടും പുതിയ തുവലുകൾ ഉണ്ടാകുന്നു. അപ്പോൾ കഴുകന്റെ യൗവ്വനം പുതുക്കപ്പെടുന്നു. നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുക്കിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ട് തൃപ്തിവരുത്തുന്നു. (സങ്കീ. 103) യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കുമെന്ന ആശയവും ഇവിടെ അന്തർലീനമായിരിക്കുന്നു.

രണ്ടാമത്തെ ദൃഷ്ടാന്തം നമുക്ക് സുപരിചിതമാണ്. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. ഒരാൾ ദീർഘദൂരം ഓടുമ്പോൾ തളർന്നുപോകും. ദീർഘദൂരം നടക്കുമ്പോൾ ക്ഷീണിച്ചു പോകും. പകൽ മുഴുവൻ കായികമായി കഠിനാദ്ധ്വാനം ചെയ്യുന്ന ഒരാൾ വൈകുന്നേരമാകുമ്പോൾ ക്ഷീണിച്ചു അവശനാകും. വൈകുന്നേരം കുളിയും ഭക്ഷണവും കഴിഞ്ഞു സുഖമായി ഉറങ്ങിയാൽ രാവിലെ പുതുക്കം പ്രാപിച്ചു ഊർജ്ജസ്വലനായി തന്റെ ജോലിക്കു പോകുവാൻ കഴിയും.

നമ്മുടെ ശരീരത്തെ സംബന്ധിച്ച് ഇത് വാസ്തവമാണ്. അതുപോലെ തന്നെ നമ്മുടെ ആത്മീയ ശക്തിയും ചൈതന്യവും കുറഞ്ഞുപോകുമ്പോൾ അതിനെ പുതുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം ശരിയായും ക്രമമായും ഉപയോഗിക്കണം. പ്രതികൂല സാഹചര്യങ്ങളിൽ ജീവിച്ചു ക്ഷീണിച്ചു തളർന്നു പോയ യഹൂദരുടെ ആത്മീയ ശക്തിയെ പുതുക്കുന്നതിനുള്ള ഏകമാർഗ്ഗം യഹോവയെ കാത്തിരിക്കുന്നതാണെന്നു പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു. ദൈവവിശ്വാസത്തിൽ ജീവിച്ചിട്ടുള്ള എല്ലാവരുടെയും ജീവിതത്തിൽ ഈ പ്രമാണം യാഥാർത്ഥ്യമാണ്.

## പഴയ നിയമദൃഷ്ടാന്തം

ബാബിലോണിൽ പ്രവാസിയായി ജീവിച്ച ദാനിയേൽ പ്രതികൂല സാഹചര്യങ്ങളിൽ വളരെ ശക്തിയും സ്വാധീനവും കഴിവുമുള്ള ഒരു ജീവിതം നയിച്ചു. അതിന്റെ കാരണം അവൻ യഹോവയെ കാത്തിരിക്കുന്നവരായിരുന്നു എന്നുള്ളതാണ്. ദിനംതോറും അവൻ തന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കായി ഒരു പ്രത്യേക സമയവും സ്ഥാനവും വേർതിരിച്ചിരുന്നു. "ദാനിയേൽ വീട്ടിൽ ചെന്നു. അവന്റെ മാളിക മുറിയുടെ കിളിവാതിൽ യേരുശലേമിനു നേരെ തുറന്നിരുന്നു. താൻ മുമ്പെ ചെയ്തു വന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി. തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു". ദാനി 6:10. പൊന്നുകൊണ്ടുണ്ടാക്കിയ ബിംബത്തെ നമസ്ക്കരിക്കാത്ത ഏവരെയും എരിയുന്ന തീച്ചൂളയിൽ ഇടുമെന്നു നെബുക്കദ്നേസർ രാജാവിന്റെ കല്പന ഉണ്ടായിട്ടും ശദ്രക്, മേശക്, അബേദ്നെഗോ എന്നീ യഹൂദ ഉദ്യോഗസ്ഥന്മാർ സത്യദൈവത്തോടു മാത്രം പ്രാർത്ഥിച്ചു. അവർക്ക് യാതൊരു ഹാനിയും സംഭവിച്ചിട്ടില്ല. ദൈവത്തിൽ ആഴമായി വിശ്വസിക്കുകയും, ദൈവത്തിന്റെ കൃപയും ശക്തിയും പ്രാപിക്കുകയും ചെയ്തതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽ ചുമതലയുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിനും, സത്യദൈവത്തിന്റെ ധീര സാക്ഷികളായി ജാവിക്കുന്നതിനും അവർക്ക് കഴിഞ്ഞു.

## യേശുക്രിസ്തുവിന്റെ മാതൃക

യേശുക്രിസ്തുവിന്റെ ഉന്മേഷകരമായ ജീവിതശക്തിയുടെ രഹസ്യം പിതാവിനോടുള്ള സംസർഗ്ഗത്തിനായി അവൻ വേർതിരിച്ച അവസരങ്ങളായിരുന്നു. വളരെ തിരക്കിട്ട ജീവിതമാണ് കർത്താവ് നയിച്ചതെങ്കിലും പ്രാർത്ഥിക്കുവാനായി അവൻ ഒരു നിർജ്ജന സ്ഥലത്തേക്ക് വാങ്ങിപ്പോയി എന്ന് നാം എത്രയോ പ്രാവശ്യമാണ് സുവിശേഷത്തിൽ വായിക്കുന്നത്. ഗൗരവമായ കൃത്യങ്ങൾ നിർവ്വഹിക്കുവാനുള്ളപ്പോൾ, പ്രതിസന്ധികൾ നേരിടേണ്ടി വന്നപ്പോൾ യേശു പ്രാർത്ഥിച്ചു. പ്രാർത്ഥന കർത്താവിന്റെ ജീവിതത്തിൽ വെറും ഒരു ആചാരമായിരുന്നില്ല. പ്രത്യുത ഒരു വലിയ ശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്ന പോലെ അവന്റെ മേൽ ഇറങ്ങിവന്നു (ലൂക്കോ 3:21-22). സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കുവാൻ തക്കവണ്ണം ആ പ്രാർത്ഥന ശക്തിയുള്ളതായിരുന്നു. മരുഭൂമിയടിലെ ഉപവാസത്തിനുശേഷം യേശു ആത്മാവിന്റെ ശക്തികളെ ഗലീലയ്ക്കു മടങ്ങിച്ചെന്നു. (4:14). ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് തലേരാത്രി മുഴുവനും യേശു പ്രാർത്ഥനയിൽ ചിലവഴിച്ചു (6:12,13)മറുരൂപമലയിൽ കർത്താവ് പ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി, ഉടുപ്പ് മിന്നുന്ന വെള്ളയായും തീർന്നു. (9:28-31)ഗത്ശമന തോട്ടത്തിൽ യേശു പ്രാണവ്യഥയിലായി പ്രാർത്ഥിക്കുമ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതൻ അവന് പ്രത്യക്ഷനായി (22:43). കർത്താവിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് ഇത്രയും വലിയ സ്ഥാനമുണ്ടായിരുന്നുവെങ്കിൽ ബലഹീനരായ നമ്മുടെ ജീവിതത്തിൽ കൃപാവഴികളെ ശരിയായി ഉപയോഗിക്കേണ്ടത് എത്രയോ ആവശ്യമാണ്.


## ക്രിസ്ത്യാനിയും പ്രാർത്ഥനയും

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ശക്തി കൃപാവഴികളെ ശരിയായി ഉപയോഗിക്കുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ദൈവസംസർഗ്ഗത്തിന്റെ കുറവാണ് പല ക്രിസ്ത്യാനികളുടെയും ജീവിതം പരാജയപ്പെടുന്നതിന്റെ കാരണം. തിരക്കിട്ട ജീവിതത്തിൽ പ്രാർത്ഥിക്കുവാൻ പോലും സമയമില്ല എന്നു നാം പറഞ്ഞേക്കാം. നമുക്കു എത്രയധികം ചുമതലകളും ജോലികളുമുണ്ടല്ലോ അത്രയും അധികം അവ ശരിയായി

*Contd 23*

### മൂന്നാംക്ലാസ്സിലെ യാത്രക്കാരൻ

ഡിസംബറിന്റെ അവസാന ദിവസങ്ങളിൽ ഒന്ന്. പകൽ. സൂര്യവെളിച്ചത്താൽ ചൂടുള്ളതെങ്കിലും വൈകുന്നേരം ശാന്തവും, നേരിയ കുളിർമയുള്ളതും. ഞാനും അന്ന് ഷൊർണ്ണൂരിലെ പട്ടക്കാരനായിരുന്ന ഗോഡി അച്ചനും കൂടി ഡയോസിസൻ ഓഫീസ് കാണുന്നതിനും കമ്മിസറിഅച്ചനെ കണ്ട് ഡയോസിഷൻ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വരുന്ന ബിഷപ്പ് ഡെലിഗേറ്റ് ബഞ്ചമിനെ കൂട്ടാൻ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ പോയി. കോണി കയറി പ്ലാറ്റ്ഫോമിലേക്ക് പോകുന്നതിനു മുമ്പേ തന്നെ ഞങ്ങൾ ഒരു ടാക്സിയെല്ലാം ശട്ടം കെട്ടിയിരുന്നു. കൊച്ചിയിൽ നിന്ന് ഏകദേശം വൈകുന്നേരം നാലു മണിയ്ക്ക് ഷൊർണ്ണൂരിലെത്തുന്ന പാസഞ്ചർ വണ്ടിയിലാണ് വരുന്നത്. ബിഷപ്പാകാൻ പോകുന്ന ആളല്ലേ, ഒന്നാം ക്ലാസിലായിരിക്കും എന്ന് ഞങ്ങൾ കരുതി. ഇല്ല. മൂന്നാം ക്ലാസ്സിൽ നിന്ന് ഒരു ബ്രീഫ്കേസുമായി അച്ചൻ ഇറങ്ങിവന്നു. പെട്ടി പോർട്ടർക്കു കൊടുക്കാൻ പറഞ്ഞു. കൊടുത്തില്ല. ഞങ്ങൾ ചോദിച്ചു, തന്നില്ല. ഏതായാലും പുറത്തെത്തി. ടാക്സിയിൽ പോകാം എന്നു പറഞ്ഞു. 'എത്ര നടക്കണം' ചോദ്യം. ഏറിവന്നാൽ 10 മിനിറ്റ് ഞങ്ങളുടെ മറുപടി. 'എന്നാൽ പോകാം, കാറു വേണ്ട' ഞങ്ങൾ നടന്നു.
വില്യം ദേവദാസ്



# പ്രതികരണങ്ങൾ

## ക്രിസ്തീയ നേതൃത്വം

ഞാൻ ഈ കത്ത് എഴുതുന്നത് ബഹുമാനപ്പെട്ട ബിഷപ്പ് സാം മാതൃുവിന്റെ കഴിഞ്ഞ മാർച്ച് (2009)മാസത്തിലെ പ്രാപ്യവും ലഭ്യവുമായ നേതൃത്വം എന്ന ലേഖനം വായിച്ചതിന്റെ വെളിച്ചത്തിലാണ്. അതു വായിച്ചതിലുള്ള സന്തോഷവും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ മനസ്സു തുറന്നു കാണിച്ച ഒരു പ്രസ്താവന എന്നു തന്നെ ഞാൻ അതിനെ കാണുന്നു. രാഷ്ട്രീയക്കാരെ പോലെ തന്നെ ക്രിസ്തീയ സമൂഹത്തിലും നേതൃത്വസ്ഥാനത്തു വരുന്നതിന് ജനാധിപത്യമാർഗ്ഗവും നേതാവ് ആയിക്കഴിഞ്ഞാൽ രാജാധിപത്യമാർഗ്ഗവും സ്വീകരിക്കുക സാധാരണയാണ് എന്ന് തിരുമേനി പറഞ്ഞത് ചില സഭകളിൽ കാണുന്ന വാസ്തവം തന്നെയാണ്.

എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ ഞാൻ എഴുതട്ടെ. എന്റെ ഒരു അയൽക്കാരന്റെ മൂത്തമകൻ ഏതാനും വർഷങ്ങൾക്കു മുമ്പ് സൗദിയിൽ വച്ച് അപകടത്തിൽ മരിച്ചു. ശവശരീരം നാട്ടിലെത്തിക്കാൻ 65 ദിവസം വേണ്ടിവന്നു. അവർ ആർസി സഭയിൽപ്പെട്ട കുടുംബമാണ്. വിവരങ്ങൾ പള്ളിയിലും അറിയിച്ചിരുന്നു. എന്നാൽ അവർ ഉൾപ്പെട്ട സഭയിലെ പുരോഹിതർ ആരും തന്നെ ഭവനത്തിൽ എത്തി അവരെ ആശ്വസിപ്പിച്ചില്ല. എങ്കിലും മുൻപറഞ്ഞ 65 ദിവസങ്ങളിലും ആ ഭവനത്തിൽ സഭാ വ്യത്യാസം കൂടാതെ അയൽവാസികളായ ഞങ്ങൾ ചേർന്ന് കൂട്ടായ്മ ആചരിക്കുകയുണ്ടായി. ആർസി അല്ലാത്ത പല ദൈവദാസന്മാരെയും വിളിച്ച് ഓരോ ദിവസവും അതിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

ഒടുവിൽ ശവസംസ്ക്കാരം ഇടവക വികാരി നിശ്ചയിച്ച പ്രകാരം രാവിലെ 10 മണിയ്ക്ക് ആയിരുന്നു. കൃത്യസമയത്ത് തന്നെ വികാരി അച്ചൻ ഭവനത്തിൽ എത്തി. പക്ഷെ ശവം മോർച്ചറിയിൽ നിന്ന് വീട്ടിൽ എത്തിയ്ക്കാൻ അരമണിക്കൂർ താമസം വന്നു. വിവരം അറിഞ്ഞ പുരോഹിതൻ പറഞ്ഞു. ഞാൻ കൃത്യസമയത്ത് എത്തിയതാണ്. എനിക്കിനി സമയമില്ല! നിങ്ങൾ ശവശരീരം പള്ളിയിലേക്ക് കൊണ്ടുവരിക എന്ന് പറഞ്ഞ് ഉടനെ അച്ചൻ സ്ഥലവും വിട്ടു.

ഏതൊരു ക്രിസ്തീയ വിഭാഗമായാലും ശവസംസ്ക്കാര ശുശ്രൂഷ ഭവനത്തിൽ തന്നെ തുടങ്ങുകയാണല്ലോ പതിവ്. അതനുസരിച്ച് എന്റെ സഭയിൽപ്പെട്ടതും സമീപവാസിയുമായ പുരോഹിതനെ ഉടനെ വിളിച്ച് പ്രാർത്ഥിച്ച് ശവം എടുക്കേണ്ടി വന്നു. ഇന്ന് പ്രതാപത്തിന്റെയും പണത്തിന്റെയും കാഴ്ചപ്പാടിൽ (ഞാൻ ഉൾപ്പെട്ട സഭയിൽ പോലും) ചില പുരോഹിതർ ശവസംസ്ക്കാരത്തിലും വിവാഹ സന്ദർഭങ്ങളിൽ പോലും ഇടപെടുന്ന രീതി വളരെ പരിതാപകരമാണ്. ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭവനത്തിലെത്താൻ (സ്വന്തം വാഹനം ഉണ്ടെങ്കിൽ പോലും) വാഹനം ആവശ്യപ്പെടുന്ന വൈദികരും കുറവല്ല. എന്നാൽ സമ്പന്നരോട് അവർ വിധേയപ്പെട്ടും കാണാറുണ്ട്. സമ്പന്നനു വേണ്ടി ദീർഘമായും പാവപ്പെട്ടവനായി ശുഷ്കമായും ആരാധന നടത്തുന്ന വൈദികരും കുറവല്ല. ഇത് മാർത്തോമ്മാ, സി. എസ്. ഐ. സഭകളിലെന്ന് കരുതരുത്.

ഞാൻ ഒരു വേദപണ്ഡിതനോ ജ്ഞാനിയോ ഒന്നും അല്ല, മുഖപക്ഷമില്ലാത്ത ദൈവത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണല്ലോ. പട്ടക്കാരെയും തിരുമേനിമാരെയും ഞാൻ ഉചിതമായി ആദരിക്കുന്നയാളാണ്. എങ്കിലും ഇങ്ങനെയുള്ള ചില അനുഭവങ്ങൾക്ക് സാക്ഷിയാകുമ്പോൾ മനസ്സ് വേദനിയ്ക്കാറുണ്ട്.

മാർത്തോമ്മാ സഭയിലെ മാർ ക്രിസോസ്തം വലിയ മെത്രാപ്പോലീത്തയുടെ ലേഖനത്തിൽ ഒരിയ്ക്കൽ ഞാൻ വായിച്ച ഒരു കാര്യം ഇങ്ങനെയാണ്. ഒരു മുറുക്കാൻ കടക്കാരൻ കട ഉദ്ഘാടനത്തിനു വിളിച്ചാലും ഞാൻ പോകും എന്ന്. ആ നല്ല മനസ്സ് എത്രയോ മഹനീയം.

ന്യൂവിഷൻ മാസികയിൽ വളരെ ഗുണപ്രദമായ ലേഖനങ്ങൾ വായിക്കുവാൻ സാധിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ചില ലേഖകർ സാധാരണക്കാരന് മനസ്സിലാക്കാൻ പ്രയാസമുള്ള വാക്കുകൾ (അന്യഭാഷയിൽ പോലും) ഉപയോഗിക്കാറുണ്ട്. അത് സാധാരണക്കാരനും വ്യക്തമാകും വിധം എഴുതിയാൽ നന്നായിരുന്നു.

**കുര്യൻ മത്തായി, പൂരക്കുന്നേൽ,**
**വടവാതൂർ**

◆◆◆◆◆

2009 ഏപ്രിൽ ലക്കം ന്യൂവിഷൻ ഫോർ എ ചേഞ്ചിംഗ് വേൾഡ് വായിച്ചു. എല്ലാ ലക്കങ്ങളും ഈടുറ്റതാണ്. ഈ ലക്കത്തിൽ ഫാ. ഡോ. ഒ. തോമസിന്റെ നോമ്പും ഉപവാസവും, ചെങ്ങറസമരവും വായിച്ചു. ശക്തവും പ്രൗഢവുമായ ലേഖനം! നോമ്പിന്റെ കാലികമായ അർത്ഥവും പ്രസക്തിയും അതിമനോഹരമായി വരച്ചുകാണിച്ചിരി ക്കുന്നു. ഈ ലേഖനം നമ്മുടെ സഭകൾ ഒന്നു കണ്ടിരുന്നുവെങ്കിൽ! (കണ്ടിട്ടെന്താ ഗുണം. അല്ലേ?) . ന്യൂവിഷൻ പ്രവർത്തകർ എങ്കിലും ചെങ്ങറയെ പിന്തുണയ്ക്കുകയും എന്തെങ്കിലും പ്രവർത്തിക്കുകയും വേണം. ചെങ്ങറയിലെ സഹോദരങ്ങൾക്കുവേണ്ടിയല്ലെങ്കിൽ പിന്നെ ആർക്കുവേണ്ടിയാണ് യേശു കുരിശേറിയത് ? അവരെ കണ്ടില്ലെന്നു നടിച്ച് എന്തു കുരിശിന്റെ വഴി?

നോമ്പിന്റെ കാലിക പ്രാധാന്യം ചൂണ്ടിക്കാണിച്ച ബഹു. ഒ. തോമസച്ചനേയും അതു പ്രസിദ്ധീകരിച്ച ന്യൂവിഷനേയും അഭിനന്ദിക്കുന്നു.

**റവ. പ്രസാദ് വി. കുഴിയത്ത്**
**ഗുജറാത്ത്.**

◆◆◆◆◆

ആയുസ്സിന്റെ പുസ്തകം ഏറിയകൂറും പഴയനിയമത്തെ ആശ്രയിച്ചു കൊണ്ടായിരുന്നു. പാപത്തിൽ അകപ്പെടുകയും അനുതപിക്കുകയും പാപഗർത്തത്തിൽ നിന്നു കരകയറുവാൻ ശ്രമിക്കുകയും കൂടുതൽ ആഴത്തിലേക്കു വലിച്ചെറിയപ്പെടുകയും ഒക്കെ ചെയ്യുന്ന നിസ്സഹായരായ ഒരു പറ്റം ആളുകളായിരുന്നു, അതിലാകെ. ക്രിസ്തു അവർക്കിടയിൽ വന്നെത്തുന്നില്ല. പക്ഷെ , എഴുതാനിരിക്കുന്ന ഒരു കൃതിയിലെ തീരദേശമനുഷ്യരും കടലും ക്രിസ്തുവിന്റെ വരവു പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. അതാണു കണ്ണാടിക്കൽ എന്ന നോവലിൽ സംഭവിച്ചത്.

**സി. വി. ബാലകൃഷ്ണൻ**

◆◆◆◆◆

## ഉന്മീലനം

ന്യൂവിഷൻ മാസികയുടെ കഴിഞ്ഞ ലക്കത്തിൽ ശ്രദ്ധയിൽപ്പെട്ട ഗുരുതരമായ ഒരു പ്രമാദത്തെ ചൂണ്ടിക്കാണിക്കാനാണ് ഈ കുറിപ്പ് എഴുതുന്നത്. ബുക്ക് റിവ്യൂവിൽ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തയെക്കുറിച്ചുള്ള കുറിപ്പിൽ ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്. മെത്രാപ്പോലീത്തയുടെ വ്യക്തിപ്രഭാവത്തെ 'ഉന്മൂലനം' ചെയ്യുന്നതാണ് ഈ കൃതി. ഒരു പക്ഷെ നിരൂപകൻ ഉദ്ദേശിച്ച വാക്ക് ഉന്മീലനം ആയിരിക്കാം. കാരണം ഉന്മൂലനം എന്ന വാക്കിന്റെ അർത്ഥം വേരോടെ പിഴുതെടുക്കൽ (നശിപ്പിക്കൽ)എന്നാണല്ലോ.

**ഏബ്രഹാം മാത്യു, ചാത്തങ്കരി**

***(ഉന്മീലനം എന്ന വാക്കാണ് നിരൂപകൻ ഉപയോഗിച്ചിരുന്നത്. അച്ചടിയിൽ വന്ന ഈ പിശക് പല വായനക്കാരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നന്ദി-പത്രാധിപർ)***

# യുദ്ധഭൂമിയിലെ സമാധാനദൂതൻ

**എം. കുര്യൻ**

*ബിഷപ്പ് ബഞ്ചമിൻ ഷൊർണ്ണൂർ നഗരത്തിൽ ഒരു ചെറിയ വീട്ടിൽ പത്നീസമേതം താമസമാരംഭിച്ചു.*

*ഒരാഴ്ച കഴിഞ്ഞു ബിഷപ്പ് ഷൊർണ്ണൂർക്കു പോകാനായി കോട്ടയം റെയൽവേസ്റ്റേഷനിൽ ട്രെയിൻ കാത്തു നില്ക്കുകയാണ്. അവിടെ പ്ലാറ്റ്ഫോമിൽ ബിഷപ്പിന്റെ സമീപം നിന്ന ഒരു അപരിചിതൻ ചോദിച്ചു*

*അച്ചൻ , അങ്ങ് എവിടെ പോകുന്നു?*

*ഞാൻ ഷൊർണ്ണൂർക്കു പോകുകയാണ്*

*കൊള്ളാം ഞാനും ഷൊർണ്ണൂർക്കാണ്. ഞാൻ അവിടെ ഒരു ബാങ്കിൽ ജോലിയാണ്.*

*ബിഷപ്പ് മന്ദഹാസത്തോടെ ശിരസ്സ് നമിച്ചു.*

*അങ്ങ് ഏതു സഭയിൽ അംഗമാണ്*

*ദക്ഷിണേന്ത്യാസഭ*

*നിങ്ങൾക്കൊരു പുതിയ ബിഷപ്പു വന്നെന്നു കേട്ടല്ലോ? ബാങ്കിലെ സുഹൃത്തുക്കൾ പറഞ്ഞു. ഈ പുതിയ ബിഷപ്പ് ഒരു നല്ല മനുഷ്യനാണെന്ന്.*

*പാവം ബിഷപ്പ് ഇദ്ദേഹം അധികം താമസിയാതെ ജോലി രാജിവെച്ച് സ്വദേശമായ കോട്ടയത്തിനു മടങ്ങിപ്പോകുമെന്ന് ബാങ്കിലെ എന്റെ സഹപ്രവർത്തകർ പറയുന്നു.*

*എന്തുകൊണ്ട് എന്താണ് കാരണമെന്നു കണ്ടു പിടിക്കാൻ അദ്ദേഹത്തിനു കൗതുകം തോന്നി.*

*അദ്ദേഹം പറഞ്ഞു.*

*ഈ ഉത്തരകേരള ഡയോസിസ് സംഘട്ടനങ്ങളുടെ വിളനിലമാണ്. കരുത്തരായ രണ്ടു ശക്തികളാണ് ഡയോസിസിലുള്ളത്. ആരും വിട്ടു വീഴ്ചയ്ക്കു തയാറില്ല. പാവപ്പെട്ട ബിഷപ്പിനെ ഓർത്തിട്ട് എനിക്കു സഹതാപം തോന്നുന്നു.*

## ശക്തിയെ....

നിർവ്വഹിക്കുന്നതിനു ദൈവകൃപയും ആവശ്യമാണ്. നമുക്ക് എത്രയധികം ദൈവകൃപയും ആത്മീയ ശക്തിയും ആവശ്യമുണ്ടോ അത്രയും അധികം യഹോവയെ കാത്തിരിക്കുന്നതിൽ നാം ജാഗ്രതയുള്ളവരായിരിക്കണം.

### പ്രാർത്ഥനയും ദൈനംദിന ജീവിതവും

ഒരു ക്രിസ്ത്യാനിയുടെ പ്രാർത്ഥനയും ദൈനംദിന ജീവിതവുമായി ബന്ധമുണ്ടായിരിക്കണം. കാരണം പ്രാർത്ഥന ദൈവത്തോടുള്ള സംസർഗ്ഗമാണ്. ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ സ്വാധീനം നമ്മുടെ ദൈനംദിന ജീവിതത്തിലും, പ്രവർത്തനങ്ങളിലും വ്യാപരിക്കേണ്ടതാണ്. ഒരു വിശ്വാസി രാവിലെ എഴുന്നേൽക്കുമ്പോൾ ദൈവ സന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ഒരു ദിവസത്തെ ജീവിതത്തിനും വേലയ്ക്കും, സാക്ഷ്യത്തിനും ആവശ്യമുള്ള കൃപയും ശക്തിയും പ്രാപിച്ചുകൊണ്ടാണ് അവൻ ദിനചര്യകൾ ആരംഭിക്കുന്നത്. അന്നത്തെ ദിവസം നിർവ്വഹിക്കുവാനുള്ള ചുമതലകളെല്ലാം അവൻ ദൈവത്തിൽനിന്നും ഏറ്റുവാങ്ങുന്നു. പകൽ മുഴുവനും കർത്താവിന്റെ കൃപയിലും നടത്തിപ്പിലും അവൻ ആശ്രയിക്കുന്നു. വൈകുന്നേരം അവൻ വീണ്ടും കർതൃസന്നിധിയിൽ അണഞ്ഞ് പലകത്തെ കൃപകൾക്കായി സ്തോത്രം അർപ്പിക്കുകയും ജീവിതത്തിൽ തോൽവി സംഭവിച്ചിട്ടുണ്ടെങ്കിൽ താഴ്മയോടുകൂടി ക്ഷമയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് സമാധാനത്തോടെ കിടന്നുറങ്ങുന്നു.

ഒരു പുതിയ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ നമ്മുടെ വിദ്യാർത്ഥികളും അദ്ധ്യാപകരും പുതിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാവണം. ആ തീരുമാനങ്ങളുടെ വെളിച്ചത്തിലാവും നിങ്ങൾ ഈ വർഷത്തെ ജീവിതവും പ്രവർത്തനവും ആരംഭിക്കുന്നത്. എന്നാൽ ആരംഭത്തിലുള്ള തീക്ഷ്ണതയും, ആത്മീയ ശക്തിയും നിലനിൽക്കണമെങ്കിൽ യഹോവയെ കാത്തിരിക്കുന്ന പതിവ് നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം. ദിനംതോറും പ്രത്യേകിച്ച് പ്രഭാതത്തിലും രാത്രിയിലും ദൈവത്തോടു ശാന്തമായി സംസർഗ്ഗം ചെയ്യുന്നതിനുള്ള തീരുമാനവും ഇന്നു തന്നെ ദൈവമുമ്പാകെ സമർപ്പിക്കുക.

യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.

***(ഒരു അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ അഭിവന്ദ്യ ബഞ്ചമിൻ തിരുമേനി ചെയ്ത പ്രസംഗത്തിൽ നിന്ന്)***

***ഒരിക്കൽ ക്രിസോസ്തം തിരുമേനി കുടവയർ തടവിക്കൊണ്ട് കൺവൻഷനിൽ ചോദിച്ചു***

***എന്റെ കുടവയർ നാൾക്ക് നാൾ വീർക്കുന്നത് എന്തു കൊണ്ടാണെന്ന് പറയാമോ***

***കേൾവിക്കാർ ഉത്തരമറിയാതെ വിഷമിച്ചു.***

***എന്റെ സഭാജനങ്ങളുടെ സന്തോഷമാണിതിനകത്ത്. ഞാൻ ഭവനങ്ങളിൽ ചെല്ലുമ്പോൾ അവർക്ക് നിർബന്ധമാണ് ഒരു കപ്പ് ചായ കുടിക്കണമെന്ന്. ഞാൻ എത്ര കപ്പ് ചായ കുടിക്കേണ്ടി വരും. എങ്കിലും ഞാൻ കുടിക്കും. ഞാൻ ചായയല്ല അവരുടെ സന്തോഷമാണ് കുടിക്കുന്നത്. മറിച്ച് എനിക്ക് പ്രഷറാണ്, ഷുഗറാണ്, പിത്തമാണ് എന്നോക്കെ പറഞ്ഞാൽ അവർക്കെന്ത് ദുംഖമായിരിക്കും.***

**NEW VISION FOR A CHANGING WORLD**
Annual Subscription.Rs. 100/-

Registered with the Registrar of Newspapers for India,under
No. KER BIL / 2000 / 1543

MAY 2009
Postal Regn No. KL/KTM/362/2009-11
Licence No. KL/CR/KTM/WPP-48/2009-2011,
Licensed to post without pre-payment.
Posted at Kottayam RMS on the 28th of every month





## 9 ദിനങ്ങളിലെ പഠനയാത്ര

### സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

**ഈജിപ്ത്**



ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആയിരത്താണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽനദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ ചിത്രം കുടി (ടണലിലൂടെ) യാത്ര, കത്തുന്ന മുൾപടർപ്പിൽ മോശയ്ക്കു ദൈവപ്രത്യക്ഷതയുണ്ടായ സീനായ്മല, പത്തുകല്പനകൾ ലഭിച്ച സ്ഥലം.

**യിസ്രയേൽ - പാലസ്തീൻ**



**യെരുശലേം നഗരം**, ഒലിവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, യെരുശലേമിനെ നോക്കി കണ്ണുനീർ വാർത്ത സ്ഥലം, ഗത്സമനെത്തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറയും രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്ത സ്ഥലം, കയ്യഫാവിന്റെ അരമന, പത്രോസ് കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ സ്ഥലം. **ബേത്‌ലഹേം** യേശുവിന്റെ ജനനസ്ഥലം ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷരായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജനനസ്ഥലമായ ഏൻകരേം, എലിസബെത്ത് ഗർഭിണിയായപ്പോൾ മറിയ സന്ദർശിച്ച സ്ഥലം

**ഗോൽഗോഥാ, യെരിക്കോ, ബഥനി**



യേശു മുടന്തനെ സൗഖ്യമാക്കിയ ബേത് സെയ്ദാകുളം, മറിയയുടെ ജനനസ്ഥലം, ദാവീദ് രാജാവിന്റെ ശവകുടീരം, യെരിക്കോയിൽ കർത്താവിനെ സാത്താൻ പരീക്ഷിച്ച പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളിക മുറി, ബഥനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ. **ചാവുകടൽ** വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടന്നുള്ള കുളി. യേശു കുരിശും ചുമന്നു പോയ വഴി, പീലാത്തോസ് വിധി പ്രസ്താവിച്ച മന്ദിരം, ചാട്ടവാറടിയേറ്റതിന്റെ സ്മരണയുണർത്തുന്ന ആരാധനാലയം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിനാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**ഹൈഫാ, കർമ്മേൽമല, യോപ്പ**



ഇസ്രയേലിലെ ഏറ്റവും വലിയ തുറമുഖമായ ഹൈഫാ, ഹാങ്ങിങ് ഗാർഡൻ, ഏലിയാപ്രവാചകൻ ബാലിന്റെ കള്ളപ്രവാചകരെ പരാജയപ്പെടുത്തിയ കർമ്മേൽ, ടെൽ അവീവ്, ശിമയോന്റെ ഭവനം, സെയ്ന്റ് പീറ്റേഴ്സ് ദേവാലയം, തൈബീരിയ

**[illegible], [illegible], കാനാ, യോർദ്ദാൻ നദി**

ഗബ്രിയേൽ ദൂതൻ മറിയക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസേഫിന്റെയും മറിയയുടെയും ഭവനം, യോസേഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ



പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർമല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീലി തടാകത്തിൽ ബോട്ട് യാത്ര**

[illegible] കഫർന്നഹൂം, അഞ്ചപ്പവും കൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ച തിരുപ്രദേശങ്ങൾ, യേശു വെള്ളത്തിനു മീതെ നടന്ന ഗലീലി തടാകത്തിലൂടെ ബോട്ട് യാത്ര

**ജോർദ്ദാനിലെ നെബോ പർവ്വതം**

മോശെ അവസാനമായി വാഗ്ദത്തനാട് ദർശിച്ച നെബോ പർവ്വതം

കൂടുതൽ വിവരങ്ങൾക്ക്

## യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

**ഫോൺ: 0469 2634321, 9847166994**

യിസ്രയേൽ ഗവൺമെന്റിന്റെ Tourism Goodwill Ambassador For Israel പദവി ലഭിച്ച അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിൽ വീണ്ടും വിശുദ്ധ നാടുകൾ സന്ദർശിക്കുന്നു




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ": യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്കുള്ളിൽ മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ.

**ഗൾഫ് നാടുകൾ, ഇംഗ്ലണ്ട്, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നും വിശുദ്ധനാട്ടിൽഎത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു**

**ഇടവകകൾക്കു വേണ്ടി പ്രത്യേകം പാക്കേജുകൾ**

### പ്രത്യേകതകൾ

- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉയർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

Maruppacha , Planthottam Complex, Thiruvalla - 689 101, Phone 0469-2634321
Website: www.marupacha.com E-mail : maruppacha@yahoo.com.


Edited, Printed and Published by Dr. Mathew Koshy Punnackadu
Owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam.